# സഹ്യനാദം

ലക്കം 02 | ഫെബ്രുവരി 2024 | വാല്യം 21


ഇടുക്കി രൂപതാ ബുള്ളറ്റിൻ




# മേജർ ആർച്ച്ബിഷപ്പ്
# മാർ റാഫേൽ തട്ടിൽ പിതാവിന് സ്വീകരണം










സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ്പ്
മാർ റാഫേൽ തട്ടിൽ
ശ്രേഷ്ഠ മെത്രാപ്പോലീത്തായ്ക്ക്
ഇടുക്കി രൂപതയുടെ
പ്രാർത്ഥനാശംസകൾ

## നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയ കൂദാശയും പ്രഖ്യാപനവും








# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 21**
**Issue No. : 02**
**Month : February 2024**




*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*
Media commission, Idukki

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com

## ഈ ലക്കത്തിൽ

| | |
|---|---|
| 32–ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം | 07 |
| രോഗീദിനം 2024 | 12 |
| നോമ്പുകാല സന്ദേശം | 15 |
| തിരുബാലസഖ്യ ദിനം | 20 |
| മദ്യവിരുദ്ധ ഞായർ | 25 |
| മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ശ്രേഷ്ഠമെത്രാപ്പോലീത്തയ്ക്ക് ഇടുക്കി രൂപതയിൽ സ്വീകരണം | 29 |
| നാളാഗമം | 31 |
| BISHOP'S ENGAGEMENTS | 35 |
| കച്ചേരി വാർത്തകൾ | 36 |
| മൈനർ സെമിനാരി | 41 |
| സന്ന്യസ്തർ | 42 |
| ക്രിസ്തുജ്യോതി | 59 |
| വിദ്യാഭ്യാസം | 69 |
| പാവനാത്മാ കോളേജ് | 70 |
| മാർ സ്ലീവാ കോളേജ് | 71 |
| സാമൂഹ്യസേവനം | 72 |
| കെ. സി. എസ്. എൽ. | 75 |
| തിരുബാലസഖ്യം | 76 |
| ചെറുപുഷ്പ മിഷൻലീഗ് | 79 |
| കെ. സി. വൈ. എം. | 85 |
| ജീസസ് യൂത്ത് | 87 |
| മാതൃവേദി | 89 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 89 |
| ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റിവ് | 91 |
| മദ്യവിരുദ്ധ സമിതി | 92 |
| ആത്മജ്യോതി | 92 |
| കരുണ ആനിമേഷൻ സെന്റർ | 93 |
| കുടുംബപ്രേഷിതത്വം | 94 |
| വാർത്തകളും വിശേഷങ്ങളും | 95 |

***"We must defend love - the love of the heart, mind, and body; pure love in devoting oneself to another."***

*Pope Francis, Tweet, 17-01-2024*

# ഓർമ്മിക്കാൻ

## ഫെബ്രുവരി മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 02 | : | നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ) വി. എസ്തപ്പാനോസ്, ഗ്രീക്കു സഭാപിതാക്കന്മാർ, സുറിയാനി സഭാപിതാക്കന്മാർ, ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ |
| 03 | : | വി. ജോൺ ബ്രിട്ടോ (4 ഞായർ) |
| 09 | : | സകല മരിച്ചവരുടെയും ഓർമ്മ |
| 09–11 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 10 | : | ലൂർദ്ദുമാതാവ് (രോഗീദിനം) (11 ഞായർ) |
| | : | അധ്യാപക അനധ്യാപക സ്നേഹസംഗമം, മുരിക്കാശ്ശേരി |
| 11 | : | നോമ്പുകാലം ആരംഭിക്കുന്നു |
| | : | തിരുബാലസഖ്യദിനം |
| | : | രോഗീദിന പ്രാർത്ഥനാ ശുശ്രൂഷ, കിളിയാർകണ്ടം |
| 17 | : | രോഗികളുടെയും രോഗീശുശ്രൂഷകരുടെയും സംഗമം, പാറത്തോട് |
| | : | KCSL എൽ.പി. വിഭാഗം രൂപതാ കലോത്സവം |
| 21–25 | : | ബൈബിൾ കൺവെൻഷൻ, ഇരട്ടയാർ |
| 23 | : | വി. പൊലിക്കാർപ്പ് |
| 24 | : | വാഴ്ത്തപ്പെട്ട സി. റാണി മരിയ (25 ഞായർ) |
| 25 | : | മദ്യവിരുദ്ധ ഞായർ |

C. 4. സർക്കുലർ

# 32-ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

**(ഫെബ്രുവരി 11, 2024)**

## 'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല'

## സൗഖ്യദായകമായ ബന്ധങ്ങളാൽ രോഗികളെ സുഖപ്പെടുത്തുന്നത്

''മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല'' (ഉത്പ 2,18 കാണുക). സ്നേഹമായിരിക്കുന്ന ദൈവം ആദിയിൽതന്നെ നമ്മെ സഹവാസത്തിനായി സൃഷ്ടിച്ചു; മറ്റുള്ളവരുമായി ബന്ധത്തിൽ ഏർപ്പെടാനുള്ള നൈസർഗികമായ കഴിവോടുകൂടിയാണ് അവിടന്ന് നമ്മെ സൃഷ്ടിച്ചത്. പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യം പ്രതിഫലിപ്പിക്കുന്ന നമ്മുടെ ജീവിതങ്ങൾ സാക്ഷാത്കരിക്കപ്പെടേണ്ടത് ബന്ധങ്ങളുടെയും സൗഹൃദങ്ങളുടെയും നൽകിയും സ്വീകരിച്ചുമുള്ള സ്നേഹത്തിന്റെയും ശൃംഖലകൾ വഴിയാണ്. ഏകരായിരിക്കാനല്ല, മറിച്ച് ഒരുമിച്ചായിരിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. സഹവാസത്തിന്റെതായ ഈ പദ്ധതി വ്യക്തമായി മനുഷ്യഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ, തിരസ്കരണത്തിന്റെയും ഏകാന്തതയുടെയും അനുഭവം ഭയാനകവും ദുഃഖകരവും മനുഷ്യത്വരഹിതവുമായ ഒന്നായി നാം കണക്കാക്കുന്നു. ദൗർബല്യത്തിന്റെയും അനിശ്ചിതത്തിന്റെയും അരക്ഷിതത്വത്തിന്റെയും വേളകളിൽ ഈ അനുഭവം നമ്മിൽ കൂടുതൽ ശക്തമാകുന്നു; ഇത് പലപ്പോഴും സംഭവിക്കുന്നത് മാരകമായ രോഗം നമ്മെ കാർന്നുതിന്നാൻ തുടങ്ങുമ്പോഴാണ്.

ഇത്തരുണത്തിൽ, കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭയാനകമായ ഏകാന്തത അനുഭവിച്ച എല്ലാവരെയും ഞാൻ ഓർക്കുകയാണ്: സന്ദർശകരെ സ്വീകരിക്കാൻ കഴിയാതെ പോയ രോഗികൾ, അസംഖ്യം നേഴ്സുമാർ, ഡോക്ടർമാർ, ജോലിയുടെ സാഹചര്യവും

ഭാരവുംമൂലം ഏകാന്തവാർഡുകളിൽ കഴിയേണ്ടിവന്ന ഇതര സഹായഗണത്തിലെ വ്യക്തികൾ തുടങ്ങിയവർ. തങ്ങളുടെ മരണത്തിന്റെ മണിക്കൂറുകൾ ഏകാകികളായി അഭിമുഖീകരിക്കേണ്ടിവന്ന ആളുകളെ നമുക്കിവിടെ വിസ്മരിക്കാനാകില്ല; ആരോഗ്യപരിപാലകരാൽ അവർ ശുശ്രൂഷിക്കപ്പെട്ടെങ്കിലും അവർ തങ്ങളുടെ കുടുംബങ്ങളിൽ നിന്ന് അകലെയായിരുന്നു.

യുദ്ധവും അതിന്റെ ദുരന്തപൂർവകമായ അനന്തരഫലങ്ങളും മൂലം പിന്തുണയും സഹായവും ലഭ്യമാകാതെയായിത്തീർന്നവരുടെ ദുഃഖത്തിലും സഹനത്തിലും ഒറ്റപ്പെടലിലും ഞാൻ പങ്കുചേരുന്നു. സാമൂഹ്യരോഗങ്ങളിൽ ഏറ്റവും ഭയാനകമായതാണ് യുദ്ധം; അതിന്റെ അതിഭയങ്കരമായ ദുരന്തം അനുഭവിക്കുന്നതോ, ഏറ്റവും ദുർബലരായവരുമാണ്.

അതേസമയം, സമാധാനം അനുഭവിക്കുകയും കൂടുതൽ വിഭവസാധ്യതകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളിൽ പോലും, വാർദ്ധക്യവും രോഗവും പേറുന്നവർ പലപ്പോഴും ഏകാന്തത അനുഭവിക്കുന്നവരും ചിലപ്പോഴെങ്കിലും തിരസ്കൃതരാകുന്നവരും ആണെന്നുള്ളതും ഇവിടെ പറയാതിരിക്കാൻ വയ്യ. ഇത് വ്യക്തികേന്ദ്രീകൃത സംസ്കാരത്തിന്റെ (culture of individualism) അനന്തരഫലം ആണെന്ന അസ്വസ്ഥജനകമായ യാഥാർഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്തുവിലകൊടുത്തും ഉത്പാദനക്ഷമത വർധിപ്പിക്കുക, കാര്യശേഷി എന്ന സങ്കല്പം (myth of efficiency) പുഷ്ടിപ്പെടുത്തുക, തുടങ്ങിയവയാണ് വ്യക്തി കേന്ദ്രീകൃതത്വം താത്പര്യപ്പെടുന്നത്; ഈ പശ്ചാത്തലത്തിൽ വ്യക്തികൾ നിസ്സംഗത പുലർത്തുന്നവരും കഠിനഹൃദയരും അവശ്യംവേണ്ട കാൽവെപ്പുകൾ നടത്താൻ കഴിയാത്തവരും ആയി ഭവിക്കുന്നു. അതൊരു വലിച്ചെറിയൽ സംസ്കാരത്തിനു (throw away culture) വഴിതെളിക്കുന്നു. പ്രസ്തുത സംസ്കാരത്തിൽ വ്യക്തികൾ മേലിൽ ശുശ്രൂഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ട പരമപ്രധാന മൂല്യമുള്ളവരായി കണക്കാക്കപ്പെടുന്നില്ല; പ്രത്യേകിച്ച് അവർ "ഉപയോഗമില്ലാത്തവിധം"ദരിദ്രരോ ഭിന്നശേഷിക്കാരോ, അല്ലെങ്കിൽ ജനിച്ചിട്ടില്ലാത്തവരോ, "ഇനി ആവശ്യമില്ലാത്തവിധം" വൃദ്ധരോ എന്നിവരെപ്പോലെ ആയാൽ (*എല്ലാവരും സഹോദരർ*, [Fratelli Tutti] 18). ദുഃഖകരമെന്നു പറയട്ടെ, ഈ തരത്തിലുള്ള കാഴ്ചപ്പാടുകളാണ് പല രാഷ്ട്രീയ തീരു

മാനങ്ങളെയും നയിക്കുന്നത്. അത്തരത്തിലുള്ള തീരുമാനങ്ങൾ മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെയോ അവന്റെയോ അവളുടെയോ ആവശ്യങ്ങളെയോ മാനിക്കുന്നില്ല. ഓരോ വ്യക്തിക്കും ആരോഗ്യം സംരക്ഷിക്കുക എന്നതും ആരോഗ്യസംരക്ഷണത്തിന് ആവശ്യമായുള്ള സംവിധാനങ്ങൾ പ്രാപ്യമാകുവാനുള്ള മൗലിക അവകാശം ഉണ്ടെന്നുള്ളതും ഉറപ്പുവരുത്തുന്ന രീതിയിൽ നയങ്ങളും വിഭവങ്ങളും രൂപപ്പെടുത്തുന്നതിനു പ്രസ്തുത തീരുമാനങ്ങൾ സഹായകമാകുന്നില്ല.

ആരോഗ്യപരിരക്ഷണം ശുശ്രൂഷകളുടെ പട്ടികയിൽ കേവലം ഒന്നായി മാത്രം കണക്കാക്കപ്പെടുന്നത് ദുർബലരായവരുടെ തിരസ്കരണത്തിനും അവരെ ഒറ്റപ്പെടുത്തുന്നതിനും സഹായകമായിത്തീരുന്നു; ആരോഗ്യപരിചരണത്തോടൊപ്പം യഥാർഥത്തിൽ ആവശ്യമായുള്ളത് ഡോക്ടർമാരും രോഗികളും അവരുടെ കുടുംബാംഗങ്ങളും തമ്മിലുള്ള ഒരു ചികിത്സാപരമായ ഉടമ്പടി (‘therapeutic covenant’) ആണ്.

വേദപുസ്തകത്തിന്റെ വാക്കുകൾ നമുക്ക് ഒരിക്കൽ കൂടി കേൾക്കാം: “മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല!” സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം പറഞ്ഞതാണിത്. അങ്ങനെ ദൈവം മനുഷ്യരാശിയെക്കുറിച്ചുള്ള പദ്ധതിയുടെ ആഴത്തിലുള്ള അർഥം നമുക്ക് വെളിപ്പെടുത്തിതരുകയും, അതോടൊപ്പം പാപത്തിന്റെ മാരകമായ മുറിവ് സൃഷ്ടിക്കുന്ന സന്ദേഹങ്ങളും വിള്ളലുകളും വിഭജനങ്ങളും തത്ഫലമായുണ്ടാകുന്ന ഒറ്റപ്പെടുത്തലും ചൂണ്ടികാണിക്കുകയും ചെയ്തു.

പാപം വ്യക്തികളെ ആക്രമിക്കുന്നു, അതോടൊപ്പം അവരുടെ എല്ലാ ബന്ധങ്ങളെയും: ദൈവത്തോടും തങ്ങളോടുതന്നെയും ഇതര മനുഷ്യരോടും സൃഷ്ടവസ്തുക്കളോടുംകൂടെ പോലും. ഇത്തരത്തിലുള്ള ഒറ്റപ്പെടുത്തൽ നമ്മുടെ ജീവിതത്തിന്റെ അർഥം മനസ്സിലാക്കുന്നതിൽനിന്നുപോലും നമ്മെ വ്യതിചലിപ്പിക്കുന്നു; അത് സ്നേഹത്തിന്റെ സന്തോഷം ഇല്ലാതാക്കുന്നു; മാത്രമല്ല, ജീവിതത്തിന്റെ നിർണായകമായ അവസരങ്ങളിൽ നമ്മെ അലോസരപ്പെടുത്തുന്ന വിധത്തിൽ നാം ഒറ്റയ്ക്കാണ് എന്ന ഒരനുഭവം നമ്മിലുളവാക്കുകയും ചെയ്യുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, ഏതൊരു രോഗത്തിനും ആവശ്യമായുള്ള ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹപൂർവകവുമായ സാമീപ്യമാണ്. അതിനാൽ, രോഗീപരിചരണം എന്നത് എല്ലാറ്റിനുമുപരി അവരുടെ ബന്ധങ്ങളെ പരിചരിക്കുന്നതാണ്, എല്ലാത്തരത്തിലുമുള്ള ബന്ധങ്ങൾ: ദൈവത്തോടും മറ്റുള്ളവരോടും - കുടുംബാംഗങ്ങൾ, സ്നേഹിതർ, ആരോഗ്യശുശ്രൂഷകർ- സൃഷ്ടവസ്തുക്കളോടും തങ്ങളോടുതന്നെയും. ഇത് ചെയ്യാനാവുമോ? തീർച്ചയായും, ഇത് ചെയ്യാനാകും; ഇത് നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. നല്ല സമരിയാക്കാരന്റെ ചിത്രത്തിലേക്ക് നമുക്ക് നോക്കാം (ലൂക്കാ 10,25-37); ഇറങ്ങിചെല്ലാനും, മറ്റൊരു വ്യക്തിയുടെ സമീപത്ത് എത്താനും, വേദന അനുഭവിക്കുന്ന ഒരു സഹോദരന് ആർദ്രമായ സ്നേഹം പകരാനും അവന്റെ മുറിവുകൾ വച്ചുകെട്ടാനും അയാൾ കാണിക്കുന്ന താത്പര്യം നമുക്ക് ശ്രദ്ധിക്കാം.

നമ്മുടെ ജീവിതത്തിന്റെ ഈ കേന്ദ്രസത്യം നമുക്ക് അനുസ്മരിക്കാം: നമ്മൾ ഈ ലോകത്തിലേക്കു വന്നത് ആരോ നമ്മളെ സ്വാഗതം ചെയ്തതുകൊണ്ടാണ്; സ്നേഹത്തിനായാണ് നാം സൃഷ്ടിക്കപ്പെട്ടത്: സംസർഗത്തിനും സാഹോദര്യത്തിനുമാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ ഈ അംശമാണ് നമ്മെ നിലനിർത്തുന്നത്, ഏറെ പ്രത്യേകിച്ച് രോഗത്തിന്റെയും ദൗർബല്യത്തിന്റെയും വേളകളിൽ. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ നാം ഉപയോഗിക്കേണ്ട ആദ്യ ചികിത്സാരീതി (first therapy).

താത്ക്കാലികമായോ നിരന്തരമായോ രോഗങ്ങളാൽ ക്ലേശിക്കുന്ന സഹോദരരോട് ഞാൻ ഇപ്രകാരം പറയും: സാമിപ്യത്തിനും ആർദ്രതയ്ക്കും ആയുള്ള നിങ്ങളുടെ ആഗ്രഹത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല; ആ ആഗ്രഹം മറച്ചുപിടിക്കേണ്ടതില്ല; നിങ്ങൾ മറ്റുള്ളവരുടെമേൽ ഒരു ഭാരം ആണെന്നു കരുതേണ്ടതുമില്ല. രോഗിയായുള്ള ആളിന്റെ അവസ്ഥ, നമ്മെത്തന്നെ വീണ്ടും കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കാനായി, നമ്മുടെ ജീവിതത്തിന്റെ അമിതവേഗത്തിലുള്ള പാച്ചിൽ അല്പം കുറയ്ക്കാനുള്ള അവസരമാണ്.

ഐതിഹാസികമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് യേശുക്രിസ്തുവിന്റെ ആർദ്രഭാവം സ്വന്ത

മാക്കാനായി ക്രിസ്ത്യാനികളായ നാമെല്ലാവരും സവിശേഷമായി ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. സഹിക്കുകയും ഏകാന്തത അനുഭവിക്കുകയും, ചിലപ്പോഴെങ്കിലും പാർശ്വവൽകരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യപ്പെടുന്ന സഹോദരരെ നമുക്ക് ശുശ്രൂഷിക്കാം.

പ്രാർഥനവഴി, പ്രത്യേകിച്ച് ദിവ്യപൂജവഴി, കർത്താവായ ക്രിസ്തു നമ്മുടെമേൽ ചൊരിയുന്ന പരസ്പര സ്നേഹചൈതന്യംകൊണ്ട് നമുക്ക് ഏകാന്തതയുടെയും ഒറ്റപ്പെടുത്തലിന്റെയും മുറിവുകൾ ഉണക്കാം. ഈ രീതിയിൽ, സ്വാർഥത്തിന്റെയും നിസ്സംഗതയുടെയും പ്രയോജനരഹിതമെന്ന കാഴ്ചപ്പാടിന്റെയും സംസ്കാരത്തെ പ്രതിരോധിക്കുന്നതിൽ നമുക്ക് പങ്കുകാരാകാം, അങ്ങനെ നമുക്ക് ആർദ്രതയുടെയും അനുകമ്പയുടെയും ഒരു സംസ്കൃതിക്കു കാരണമാകാം.

രോഗികളും ദുർബലരും ദരിദ്രരും സഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണ്; അവർ നമ്മുടെ മാനുഷിക പരിഗണനയുടെയും അജപാലനപരമായ ശ്രദ്ധയുടെയും ഹൃദയഭാഗം അലങ്കരിക്കുന്നവരാകണം. ഇക്കാര്യം നാം വിസ്മരിക്കാതിരിക്കട്ടെ! രോഗികളുടെ ആരോഗ്യമായ പരിശുദ്ധ മറിയത്തിന് നമുക്ക് നമ്മെതന്നെ ഭരമേൽപ്പിക്കാം; അങ്ങനെ അവൾ നമുക്കുവേണ്ടി പ്രാർഥിക്കട്ടെ; സാമിപ്യത്തിന്റെയും സഹോദര്യതുല്യമായ ബന്ധങ്ങളുടെയും ശില്പികളായിത്തീരാൻ അവൾ നമ്മെ സഹായിക്കട്ടെ!

റോമിലെ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് 2024 ജനുവരി 10-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 023

C. 5. സർക്കുലർ

# രോഗീദിനം 2024

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സഹോദരി സഹോദരന്മാരേ,

ലൂർദ്ദുമാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11 ആഗോളസഭയിൽ രോഗീദിനമായി ആചരിക്കുകയാണല്ലോ. രോഗികളായാവരെയും അവരെ ശുശ്രൂഷിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനകളെയും പ്രത്യേകമായി അനുസ്മരിക്കേണ്ട ദിനമാണിത്. ''മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല'' (ഉൽപ. 2,18) എന്ന വിശുദ്ധ ഗ്രന്ഥവചനത്തെ അധികരിച്ച് സൗഖ്യദായകമായ പരസ്പരബന്ധങ്ങളിലൂടെ രോഗികളെ സുഖപ്പെടുത്തുന്ന സ്നേഹകൂട്ടായ്മയിൽ പങ്കുചേരുവാൻ ഫ്രാൻസിസ് പാപ്പ ഈ വർഷം നമ്മെ ഓർമ്മിപ്പിക്കുന്നു. ഏതൊരു രോഗത്തിനും ആവശ്യമായ ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹപൂർവ്വകവുമായ സാമിപ്യമാണെന്നും അദ്ദേഹം തന്റെ സന്ദേശത്തിൽ കൂട്ടിചേർക്കുന്നു.

പ്രിയമുള്ളവരേ, നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്നവരെ സന്ദർശിക്കുന്നതിനും അവരുടെ ക്ഷേമവിവരങ്ങൾ അന്വേഷിച്ച് അവരെ സഹായിക്കുന്നതിനും നാം ശ്രദ്ധയുള്ളവരായിരിക്കണം. പ്രത്യേകിച്ച്, നമ്മുടെ കുടുംബങ്ങളിലെ വൃദ്ധമാതാപിതാക്കളുടെ സംരക്ഷണത്തിൽ നമ്മൾ ഉത്സുകരായിരിക്കണം. ഈ കഴിഞ്ഞ ദിവസങ്ങളിൽ രോഗികളായ മാതാപിതാക്കളെ ശുശ്രൂഷിക്കാനാവില്ല എന്നു പറഞ്ഞ് അവരെ നിഷ്കരുണം ഉപേക്ഷിച്ച് കടന്നു പോകുന്ന മക്കളുടെ കഥകൾ പത്രമാധ്യമങ്ങളിൽ വായിക്കാനിടയായത് ഞെട്ടലുളവാക്കുന്നു. രോഗികളായ മാതാപിതാക്കൾ നമുക്കു ഭാരമായി മാറിത്തുടങ്ങിയിരിക്കുന്നു. ആരോഗ്യമുള്ള കാലമത്രയും തങ്ങളുടെ മക്കൾക്കായി ചോരനീരാക്കി പണിയെടുത്ത അവർ തങ്ങളുടെ വാർധക്യക്കാലത്ത് മക്കളുടെ സാമിപ്യവും സംരക്ഷണവും അർഹിക്കുന്നു. രോഗികളും അവശരുമായി കഴിയുന്ന മാതാപിതാക്കളെ മക്കളല്ലാതെ പിന്നെയാരാണ് ശുശ്രൂഷിക്കേണ്ടത്? പ്രായമായ മാതാപിതാക്കളെ

വൃദ്ധസദനങ്ങളിൽ കൊണ്ടെത്തിച്ചാൽ നമ്മുടെ ഉത്തരവാദിത്വം തീർന്നു എന്ന് കരുതരുത്. പലപ്പോഴും ജോലി ആവശ്യത്തിനായി നാടും വീടും വിട്ടുപോകുമ്പോൾ പ്രായമായ മാതാപിതാക്കൾ നമ്മുടെ വീടുകളിൽ ബാക്കിയാകുന്നു. പ്രായമായവരെ ഇങ്ങനെ വലിച്ചെറിയുന്ന രീതിയെ വ്യക്തികേന്ദ്രീകൃത സംസ്കാരത്തിന്റെ മൂർത്തഭാവമായാണ് ഫ്രാൻസിസ് പാപ്പ വിശേഷിപ്പിക്കുന്നത്. ദൗർഭാഗ്യകരമെന്നു പറയട്ടെ, കുടിയേറ്റ ജനതയായ നമ്മുടെ സമൂഹത്തിലും ഈ വലിച്ചെറിയൽ സംസ്കാരം ശക്തിപ്പെട്ടിരിക്കുന്നു. നമ്മളെത്ര വളർന്നാലും നമ്മുടെ മാതാപിതാക്കന്മാരുടെ കണ്ണീരിന്റെമേൽ പടുത്തുയർത്തുന്നതൊന്നും നിലനിൽക്കില്ല എന്ന് മനസ്സിലാക്കണം. ''മകനെ പിതാവിനെ വാർധ്യക്യത്തിൽ സഹായിക്കുക; മരിക്കുന്നതുവരെ അവന് ദുഖമുണ്ടാക്കരുത്'' (പ്രഭാ. 3:12).

രോഗീദിനാചരണത്തിന് ഒരുക്കമായി ഫെബ്രുവരി 10 മുതൽ 17 വരെയുള്ള ദിവസങ്ങളിൽ നമ്മുടെ ദൈവാലയങ്ങളിൽ രോഗികൾക്കായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തണം. ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച സാധിക്കുന്ന ഇടവകകളിലെല്ലാം രോഗികളെ ദൈവാലയത്തിൽ ഒരുമിച്ചുകൂട്ടി കുമ്പസാരവും കുർബാനയും ആരാധനയും നടത്തുന്നത് ഉചിതമായിരിക്കും. ഇടവക തലത്തിൽ വിവിധ സംഘടനകളുമായി കൂടിയാലോചിച്ച് രോഗീദിനം സമുചിതമായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ച് പ്രാർത്ഥിക്കുന്നതും അനുപേക്ഷണീയമാണ്. രോഗീപരിചരണത്തെപ്പറ്റിയും രോഗീദിനാചരണത്തെപ്പറ്റിയും ദൈവജനത്തെ മുഴുവനും പ്രത്യേകിച്ച് യുവജനങ്ങളെയും കുട്ടികളെയും ഉദ്ബോധിപ്പിക്കുമല്ലോ.

ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ കിളിയാർകണ്ടം ഹോളിഫാമിലി ദൈവാലയത്തിൽ വച്ച് പെയിൻ ആന്റ് പാലിയേറ്റിവ് കെയർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രൂപതാതല രോഗിദിനാചരണം നടത്തപ്പെടുന്നു. അതോടൊപ്പം ഫെബ്രുവരി 17-ാം തീയതി രാവിലെ 9 മുതൽ 2 മണി വരെ പാറത്തോട്ടിൽ വച്ച് രോഗികളുടെയും രോഗീശുശ്രൂഷകരുടെയും ഒരു സംഗമവും നടത്തപ്പെടുന്നുണ്ട്. ഈ ശുശ്രൂഷകളിൽ ഞാനും പങ്കെടുക്കുന്നുണ്ട്. സാധിക്കുന്നവരെല്ലാം രോഗികളായിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരെ

ഈ രോഗസൗഖ്യശുശ്രൂഷകളിൽ പങ്കെടുപ്പിക്കാൻ സഹായിക്കുകയും പരിശ്രമിക്കുകയും ചെയ്യുമല്ലോ. ഈ രോഗീദിനാചരണം രോഗികളായിക്കുന്നവരിലേക്കും അവരെ ശുശ്രൂഷിക്കുന്നവരിലേക്കും തിരിയുന്ന അനുകമ്പയുടെ മുഖമുള്ളവരാകാൻ നമ്മെ സഹായിക്കട്ടെ.

എന്ന്, സ്നേഹപൂർവ്വം

**✝മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാ മെത്രാൻ

NB: ഈ സർക്കുലർ ഫെബ്രുവരി 4-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

# നോമ്പുകാല സന്ദേശം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ,

അനുതാപത്തിന്റെയും പാപപരിഹാരത്തിന്റെയും വിശുദ്ധി നിറഞ്ഞ നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. കഴിഞ്ഞ കാലങ്ങളിലെ പാപങ്ങൾക്കു പരിഹാരം അനുഷ്ഠിച്ച് ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും വഴിയിലൂടെ നടക്കുവാൻ ഈ നോമ്പുകാലം നമ്മളെ ക്ഷണിക്കുന്നു. ''മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് ദൈവത്തിന്റെ നാവിൽ നിന്നും പുറപ്പെടുന്ന ഓരോ വചനം കൊണ്ടാണ് ജീവിക്കുന്നത്'' (മത്താ 4:4) തന്റെ നാൽപത് ദിവസത്തെ ഉപവാസ വേളയിൽ തന്നെ പ്രലോഭിപ്പിച്ച പിശാചിനോട് യേശു നൽകിയ ഈ മറുപടിയിൽ നിന്നും നോമ്പുകാലത്ത് നമ്മൾ സ്വീകരിക്കേണ്ട ആത്മീയ ഭോജനം ദൈവവചനമാണ് എന്ന് അവിടുന്ന് വ്യക്തമാക്കുന്നു.

''ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്, ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്'' (ഹെബ്രാ 4:12-13). ദൈവത്തിന്റെ വചനത്തിനു നേരെ തുറന്നു വയ്ക്കപ്പെട്ടതും അതിനെ സ്വീകരിക്കുന്നതുമായ ഹൃദയമാണ് നമുക്ക് വേണ്ടത്. ഹൃദയങ്ങൾ സുവിശേഷത്തിന് തുറവിയുള്ളതാകുമ്പോൾ ലോകത്തിന്റെ മാനസാന്തരം ആരംഭിക്കുന്നു, മനുഷ്യന്റെ നവീകരണവും. ''അങ്ങയുടെ വചനത്തെ പറ്റി ധ്യാനിക്കാൻ രാത്രിയുടെ യാമങ്ങളിൽ ഞാൻ ഉണർന്നിരിക്കുന്നു'' (സങ്കീ 119:17) എന്ന് ഉദ്ഘോഷിക്കുന്ന സങ്കീർത്തകനെ പോലെ വചനത്തിനു വേണ്ടിയുള്ള ആഴമായ ദാഹം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാവണം. ദൈവവചനം ശ്രവിക്കുകയും അത് പ്രവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഈശോയെ സ്വന്തമാക്കാൻ അവിടുന്ന് ആവശ്യപ്പെടുന്ന വ്യവസ്ഥകൾ. ''ദൈവ വചനം നമ്മുടെ പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമാണ്'' (സങ്കീ 119:105). ഈ ലോകത്തിന്റെ അന്ധകാരം നിറഞ്ഞ പാതയി

ലൂടെ നടക്കുന്ന നമുക്ക് കാൽ ഇടറാതെ ഇരിക്കുവാൻ തിരുവചനം നമ്മെ ശക്തിപ്പെടുത്തുന്നു (സങ്കീ 123:3). തിരുവചനം വായിക്കുന്നതിനും ശ്രവിക്കുന്നതിനും ധ്യാനിക്കുന്നതിനും നമ്മൾ പ്രത്യേകം ശ്രദ്ധ നൽകേണ്ട സമയമാണ് നോമ്പുകാലം.

ഒരു വ്യക്തിയെ യഥാർത്ഥ പാപബോധത്തിലേയ്ക്കും പശ്ചാത്താപ അരൂപിയിലേയക്കും നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ''അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും'' (യോഹ 16:8). ഈ നോമ്പുകാലത്ത് യഥാർത്ഥ ജീവിത നവീകരണത്തിലേക്ക് നാം കടന്നുവരണമെങ്കിൽ പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നാം നിറയണം അതിനായി തീവ്രമായി അഭിലഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. ''ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ അവൻ എന്റെ അടുത്തുവന്ന് കുടിക്കട്ടെ'' (യോഹ 7:37). യഹൂദരുടെ കൂടാരത്തിരുനാൾ ദിനത്തിൽ ജറുസലേം ദൈവാലയങ്കണത്തിൽ നിന്ന് ഈശോ ഉത്ഘോഷിച്ചതാണ് ഈ തിരുവചനങ്ങൾ. തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കുന്ന പരിശുദ്ധാത്മാവിനെ കുറിച്ചാണ് കർത്താവ് ഇത് അരുളിചെയ്തത് എന്ന് യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു (യോഹ 7:39).

ദാഹാർത്തരായി തന്നെ സമീപിക്കുന്നവർക്ക് കർത്താവ് നൽകുന്ന മഹാദാനമാണ് പരിശുദ്ധാത്മാവ്. ദൈവത്മാവിന്റെ നിറവിനായി നിരന്തരം പ്രാർത്ഥിക്കുവാനാണ് അവിടുന്ന് നമ്മെ ആഹ്വാനം ചെയ്യുന്നത്. അവിടുന്ന് അരുളിച്ചെയ്യുന്നു: ''മക്കൾക്ക് നല്ല ദാനങ്ങൾ നൽകുവാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയധികമായി തന്റെ പരിശുദ്ധാത്മാവിനെ നൽകുകയില്ല!'' (ലൂക്കാ 11:13).

ഈ നോമ്പുകാലത്ത് ജീവിതവിശുദ്ധീകരണത്തിനും കുടുംബനവീകരണത്തിനും ദൈവ - മനുഷ്യബന്ധങ്ങളുടെ പുനഃരൈക്യത്തിനുമായി വേദി ഒരുക്കിക്കൊണ്ട് ഇടുക്കി രൂപത ഒരു ബൈബിൾ കൺവെൻഷൻ നടത്തുകയാണ്. നമ്മുടെ രൂപതയുടെ വലിയ ഒരു ആത്മീയാഘോഷമാണ് അഞ്ച് ദിവസങ്ങളിലായി ഇരട്ടയാർ സെന്റ് തോമസ് ഫൊറോനാ പള്ളിയങ്കണത്തിൽ വച്ച് നടക്കുന്ന ഈ ബൈബിൾ കൺവെൻഷൻ. രൂപതയിലെ ദൈവജനം ഒരുമിച്ച് ഒരു കുടുംബമായി ദൈവവചനം ശ്രവിച്ച്, കുമ്പസാരം,

പരിശുദ്ധ കുർബാന എന്നീ കൂദാശകളിലൂടെ പരിശുദ്ധാത്മാവിന്റെ കൃപാഭിഷേകത്താൽ പൂരിതരായി, പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റി ക്രിസ്തുവിൽ ഒരു നവജീവിതം നയിക്കുവാൻ ഈ വചന വിരുന്ന് ഇടയാകട്ടെ എന്ന് നമുക്ക് ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

2024 ഫെബ്രുവരി 21 ബുധനാഴ്ച മുതൽ 25 ഞായറാഴ്ച വരെയാണ് ഇടുക്കി രൂപതാ ബൈബിൾ കൺവെൻഷൻ. ഈ കൃപാഭിഷേക കൺവെൻഷന് നേതൃത്വം നൽകുന്നത് അണക്കര മരിയൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചനും ടീം അംഗങ്ങളുമാണ്. ഇരട്ടയാർ സെന്റ് തോമസ് ഫൊറോന പള്ളിയിൽ നടക്കുന്ന ബൈബിൾ കൺവെൻഷൻ ഉച്ചതിരിഞ്ഞ് 4.30 മുതൽ 9.30 വരെയാണു ക്രമീകരിച്ചിരിക്കുന്നത്. കൺവെൻഷനിൽ വിശുദ്ധ കുർബാനയും, വചന പ്രഘോഷണവും, ആരാധനയും, കുമ്പസാരിക്കാനുള്ള അവസരവും ഉണ്ടായിരിക്കും. വിവിധ ദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ വിശുദ്ധ കുർബാനയ്ക്ക് കാർമ്മികരാകും. ഫെബ്രുവരി 21 ബുധനാഴ്ച ഉച്ച കഴിഞ്ഞ് 4.30 നാണ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുക.

ഈ ബൈബിൾ കൺവെൻഷൻ നമ്മുടെ രൂപതയിലെ മുഴുവൻ ദൈവജനത്തിനും വേണ്ടി നടത്തുന്നതാണ്. ഈ സഭാനവീകരണ വർഷത്തിൽ നാം എല്ലാവരും വചനം ശ്രവിച്ച് നവീകരിക്കപ്പെടുവാൻ ഇടയാകട്ടെ. നമ്മുടെ എല്ലാ ഇടവകകളിൽനിന്നും ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും കമ്മിറ്റിക്കാരുടെയും നേതൃത്വത്തിൽ കൺവെൻഷനിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

നോമ്പുകാലം ഫലപ്രദമായി ആചരിക്കുവാനുതകുന്ന ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ നല്കട്ടെ.

1) ഇടവക ദൈവാലയത്തിൽ നോമ്പുകാലത്തെ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച് വിശുദ്ധ കുർബാന സ്വീകരിച്ച് നോമ്പിന്റെ ചൈതന്യത്തിൽ ആയിരിക്കുക.

2) ഈ നോമ്പുകാലത്ത് ആത്മാർത്ഥമായ അനുതാപത്തോട അനുരഞ്ജന കൂദാശ സ്വീകരിച്ച് നമ്മെ ഭരിക്കുന്ന അടിമത്തത്തിൽ നിന്നും ആസക്തികളിൽ നിന്നും മോചിതരാകുക.

3) അനുദിനം കുടുംബാംഗങ്ങൾ എല്ലാവരും ഒന്നുചേർന്ന് കുടുംബ പ്രാർത്ഥനയിൽ പങ്കുചേരുകയും വി. ഗ്രന്ഥം പൊതുവായി വായിക്കുകയും തുടർന്ന് അവ ധ്യാനിക്കുകയും ചെയ്യുക.

4) നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും കുരിശിന്റെ വഴി പ്രാർത്ഥന നടത്തി പാപികളുടെ മാനസാന്തരത്തിനും ലോകസമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുക.

5) നോമ്പുകലാ തീർത്ഥാടനങ്ങളിൽ സജീവമായ പങ്കാളികളുകയും, സാധിക്കുന്ന എല്ലാവരും ഈ നോമ്പുകാലത്ത് എഴുകുംവയൽ കുരിശുമലയിലേക്ക് വേണ്ടത്ര ഒരുക്കത്തോടെ ഒരു തീർത്ഥാടനം നടത്തി ദണ്ഡവിമോചനം പ്രാപിക്കുക.

6) വരുമാനത്തിന്റെ ദശാംശം ഉപവി പ്രവർത്തനങ്ങൾ, സുവിശേഷ പ്രഘോഷണം, മിഷൻ പ്രവർത്തനം എന്നിവക്കായി മാറ്റിവയ്ക്കുകയും, ദാനദർമ്മം ചെയ്യുന്നതിൽ കൂടുതൽ തീക്ഷ്ണത ഉള്ളവരായി മാറുകയും ചെയ്യാം.

7) വ്യക്തിപരമായി സോഷ്യൽ മീഡിയ ഫാസ്റ്റിങ് നടത്തുകയും, സോഷ്യൽ മീഡിയായുടെയും ഇതര മാധ്യമങ്ങളുടെയും ഉപയോഗത്തിൽ വേണ്ടത്ര മിതത്വം പാലിച്ച് ഡിജിറ്റൽ ലെന്റിൽ ആയിരിക്കുയും ചെയ്യാം.

8) ഇടവക തലത്തിൽ നോമ്പിലെ ഒരു ശനിയാഴ്ച പതിമൂന്ന് മണി ആരാധന നടത്തുകയും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും മനുഷ്യബന്ധങ്ങളുടെ പുനഃരൈക്യത്തിനും പരിശുദ്ധാത്മ നിറവിനുവേണ്ടി പ്രാർത്ഥിക്കുയും ചെയ്യാം.

9) ഇടവകയിലെ കിടപ്പുരോഗികളെയും ദൈവാലയത്തിൽ വരാൻ സാധിക്കാത്തവരെയും സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്യാം.

2025 ൽ സാർവത്രിക സഭയിൽ ആചരിക്കുന്ന ജൂബിലിയുടെ ഭാഗമായി ഈ വർഷം പ്രാർത്ഥനാ വർഷമായി ആചരിക്കാൻ ഫ്രാൻസീസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണ്. ശുഭാപ്തി വിശ്വാസത്തിന്റെയും പരസ്പര സഹോദര്യത്തിന്റെയും ദൈവ സ്നേഹത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് പ്രത്യാശയുടെ ജ്വാല ജ്വലിപ്പിക്കുക എന്നതാണ് ജൂബിലി വർഷത്തിന്റെ പ്രധാന ഉദ്ദേശം. ഓരോ ജൂബിലി വർഷാചരണങ്ങളും ദൈവകരുണയുടെ പ്രത്യക്ഷ

മായ പ്രകടനങ്ങളാണല്ലോ. ദൈവകൃപയുടെയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമായി ഈ ജൂബിലി ഒരുക്ക പ്രാർത്ഥനാവർഷത്തിൽ കൂദാശകളുടെ സ്വീകരണം, നോമ്പ്, പ്രാർത്ഥന, ഉപവാസം, തീർത്ഥാടനം, ദാനധർമ്മം തുടങ്ങിയവയിലൂടെ ആത്മീയ ജീവിതം പടുത്തുയർത്താൻ പരിശ്രമിക്കാം. ആസന്നമായ ജൂബിലി പ്രത്യാശയുടെയും പരസ്പര വിശ്വാസത്തിന്റെയും ആത്മീയ നവീകരണത്തിന്റെയും സുവിശേഷത്തിന്റെ സത്ഫലങ്ങൾ പുറപ്പെടുവിക്കുവാനുമുള്ള കാലഘട്ടമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ എല്ലാവരെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**✝മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം 2024 ഫെബ്രുവരി 11 അല്ലെങ്കിൽ 18 ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

## 2024 ഫെബ്രുവരി 11

# തിരുബാലസഖ്യ ദിനം

### കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ചയാണ്. സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ''ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു'' (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ

ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടു വരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ എതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ സന്തോഷം 260)

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാ ക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്ന

താണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവി യാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബ ത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. കുട്ടികളുടെ ഇടയിൽ പോലും മദ്യ വും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്ന വരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃത ങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർ ത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോ ഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദസംഘങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കു വാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠി പ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെര ഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാ പകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യ മാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന

സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന് പുറത്തേക്ക് പോയിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചയുടെ സംസ്കാരം നമ്മുടെ കുടുംബ

ങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ട തുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ

**ബിഷപ്പ് മാർ തോമസ് തറയിൽ**

ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**

വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**

വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025

C. 7. സർക്കുലർ

# മദ്യവിരുദ്ധ ഞായർ

## 2024 ഫെബ്രുവരി 25

### മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ ഫെബ്രുവരി 25 - മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണനം, സംഭരണം, വില്പന എന്നിവ നാൾക്കുനാൾ വർദ്ധിച്ചു വരുന്ന ഇക്കാലയളവിൽ നാം ആചരിക്കുന്ന മദ്യവിരുദ്ധ ഞായറിന് വളരെ പ്രസക്തിയുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം അതീവഗൗരവത്തോടെ നാം വിലയിരുത്തണം. കേരളം മദ്യ-മയക്കുമരുന്നുപയോഗിക്കുന്നവരുടെയും വില്പനക്കാരുടെയും സുരക്ഷിത താവളമായി കേരളം മാറിയെന്നത് ദൗർഭാഗ്യകരമാണ്. നമ്മുടെ നാടും കുടുംബങ്ങളും മയക്കുമരുന്നു കൈകാര്യം ചെയ്യുന്ന ക്രിമിനലുകൾ പിടിച്ചടക്കിയിരിക്കുകയാണ്. ഇവരെ നിലയ്ക്കു നിർത്താനും അമർച്ച ചെയ്യാനും നമ്മുടെ ഭരണാധികാരികൾ തീർത്തും പരാജയപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ സമൂഹവും സഭയും ഉണരേണ്ടതും അനിവാര്യമാണ്.

മദ്യവിരുദ്ധ സഭയും സമൂഹവുംഎന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചിട്ടു 25 വർഷം പിന്നിടുകയാണ്. ജനദ്രോഹപരമായി ഭരണ നേതൃത്വം കാലാകാലങ്ങളിലായി പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിക്കൊന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും ഏതു കുറ്റകൃത്യത്തിന്റെയും വാഹനാപകടത്തിന്റെയും മുൻപിൽ വില്ലനാകുന്നത് മദ്യ-ലഹരി ഉപയോഗമാണ്. ആന്റിനർകോട്ടിക്സ് ടാസ്ക്ഫോഴ്സിന്റെ സംസ്ഥാന വ്യാപകമായ ലഹരിവേട്ടയിൽ രാജ്യാന്തര വിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ലഹരി മരുന്നുകളാണ് പിടിച്ചെടുക്കുന്നത്. ലഹരിവേട്ടയിലെ ആത്മാർ

ത്ഥതപോലും സംശായസ്പദമായിരിക്കുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്.

മദ്യ-രാസലഹരിയുടെ നീരാളി കൈകളിൽ നിന്ന് നമ്മുടെ സ്കൂൾ-കോളേജ് തലത്തിൽ പഠിക്കുന്ന കുട്ടികളെയും യുവതി യുവാക്കളെയും രക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്; സർക്കാരിന്റെ കടമയാണ്. തിന്മക്കെതിരെ പോരാടുവാനുള്ള ധൈര്യവും ആർജ്ജവവും സഭയ്ക്കുണ്ടാകണം. മദ്യപാനികളെയും മദ്യവ്യാപാരികളെയും സഭയുടെ എല്ലാ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ നിന്നും മാറ്റിനിർത്താൻ ആർജ്ജവത്വം കാണിക്കുമെങ്കിൽ അതു സഭയുടെ പ്രതിഛായയെ സമൂഹത്തിൽ തിളക്കമുള്ളതാക്കിത്തീർക്കും. നാനാതരത്തിലുള്ള തിന്മകളുടെ അടിസ്ഥാന കാരണമായ മദ്യ-ലഹരി ഉപയോഗത്തെ ശക്തമായി പ്രതിരോധിക്കാൻ സഭ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. ചെറിയ ആലസ്യങ്ങൾ പോലും വലിയ ആഘാതങ്ങളെ ക്ഷണിച്ചു വരുത്തും.

ആത്മാർത്ഥതയും അർപ്പണ മനോഭാവമുള്ള മദ്യവരുദ്ധ പ്രവർത്തകരെയാണ് ഇന്ന് സഭയ്ക്കാവശ്യം. കേരളത്തിലെ 32 രൂപതകളെ 6 മേഖലകളായി തിരിച്ച് ഓരോ മേഖല ഡയറക്ടറച്ചന്മാരുടെ സഹായത്തോടെ ഫൊറോനാ, ഇടവകതലങ്ങളിലായി മദ്യവിരുദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. മദ്യത്തിനെതിരായ ബോധവൽക്കരണം എല്ലാ രീതിയിലും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനമാണ് ഇന്ന് സഭയ്ക്കുള്ളത്. സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർത്തകർ തയ്യാറാകണം. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യ-രാസലഹരിക്കെതിരെയുള്ള പ്ലക്കാർഡുകൾ വഹിച്ചുള്ള റാലികളും വാഹന ജാഥകളും ഭവനസന്ദർശനവും കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കണം. മതബോധനത്തിനൊപ്പം മദ്യ-രാസലഹരി ഉപയോഗം സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകണം. ശക്തമായ ഒരു ജനമുന്നേറ്റത്തിലൂടെ മാത്രമെ ഈ വിപത്തിനെ ചെറുത്തു തോല്പിക്കാനാവൂ. ആരോഗ്യത്തിനു ഹാനികരമെന്ന് ലേബൽ എഴുതി ഒട്ടിച്ചശേഷം മദ്യം സർക്കാരിന്റെ ഒത്താശയോടെ വില്ക്കുന്നു. വിഷം വിറ്റു കാശാക്കുന്നു. മദ്യത്തിന്റെ മുഖ്യ ചേരുവ സ്പിരിറ്റാണ്. കരിമ്പിൻ ചണ്ടിയിൽ നിന്ന് രാസപദാർത്ഥങ്ങൾ ചേർത്ത് നിർമ്മിക്കുന്ന

എതനോലിൽ (Ethanol) മദ്യത്തിന്റെ അളവ് 96 ശതമാനം വരും. ഇതിൽ നിറവും കൃത്രിമ രുചികളും നിശ്ചിത അളവിൽ വെള്ളവും ചേർത്ത് കുപ്പികളിലാക്കുമ്പോൾ അത് ആരോഗ്യത്തിനു ഹാനികര മായ മുന്തിയ ഇനം വിഷമാകുന്നു. ഇത് ശരീരത്തിന്റെ വിവിധ അവ യവങ്ങളെ പ്രധാനമായും തലച്ചോറിനെ ദോഷകരമായി ബാധിക്കും. ഉപഭോക്താവിന്റെ ചിന്താശക്തിയെ അത് നശിപ്പിക്കുന്നു. മദ്യ-രാസ ലഹരിയുടെ ഉപയോഗംമൂലം ശരീരത്തിന്റെ പ്രതിരോധശക്തി കുറ യുന്നു. അതുമൂലം പകർച്ച വ്യാധികൾ പിടിപെടുന്നു. സ്വയം നശിക്കു കമാത്രമല്ല കുടുംബാംഗങ്ങളുടെ സ്വസ്ഥതയും സമാധാനവും സമ്പ ത്തും അത് നഷ്ടപ്പെടുത്തുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ആത്മഹത്യയ്ക്കു വഴിയൊരുക്കുന്നു. സമൂഹത്തിലെ കുറ്റകൃത്യങ്ങ ളിൽ ഏറ്റവും വലിയ വില്ലൻ മദ്യ-രാസലഹരിയുടെ ഉപയോഗം തന്നെ.

മദ്യവർജനമാണ് തങ്ങളുടെ നയമെന്ന് പ്രഖ്യാപിച്ച് നയരേ ഖയുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിച്ച ജനപ്രതിനിധികൾ മദ്യവർ ജനത്തിനുവേണ്ടി ഒരു ചെറുവിരൽപോലും അനക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഏഴു വർഷം മുമ്പ് 29 ബാറുണ്ടായിരുന്ന ഈ സംസ്ഥാ നത്ത് 751 ബാറുകളാണിന്നുള്ളത്. യഥേഷ്ടം ബിവിറേജ് ഔട്ട്ലറ്റു കളും കട മേഖലകളിൽ പബ്ബുകൾ ആരംഭിച്ചതും പഴച്ചാറിൽ നിന്ന് മദ്യം ഉൽപാദിപ്പിച്ചതും അവസാനമായി നിത്യോപയോഗ സാധന ങ്ങൾ ലഭിച്ചിരുന്ന സിവിൽസപ്ലൈ കടകൾവരെ വിപണന കാര്യങ്ങൾ എത്തിച്ചതും ഉത്തരവാദിത്തപ്പെട്ടവർ തന്നെ. 2023 മെയ്മാസം കൊച്ചി പുറംകടലിൽ നിന്ന് 15,000 കോടിയുടെ രാസലഹരി എൻ.സി.ബി.യും നാവികസേനയും സംയുക്തമായി പിടിച്ചെടുത്തു. ഇതുപോലെ ദിനം പ്രതി കടൽ, കര, വ്യോമ മാർഗ്ഗങ്ങളിലൂടെ കോടിക്കണക്കിന് രാസ ലഹരി നിർബാധം ഒഴുകുന്നു. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാട് ഭ്രാന്താലയമാകും.

മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രജതജൂബിലി വർഷത്തിൽ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. കെ.സി.ബി.സി.യുടെ വിവിധ കമ്മീഷനുകൾവഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അതാതു കമ്മീഷനുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. നമ്മുടെ കുടും ബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ബോധ

വൽക്കരണം നടത്തുക, ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക, മദ്യ-ലഹരിവിരുദ്ധ സന്ദേശയാത്ര, മദ്യവിരുദ്ധ പ്രാർത്ഥനാ സമ്മേളനങ്ങൾ ഇവയൊക്കെ അതിനു ഏതാനും നിദാനങ്ങൾ മാത്രം. കേരളത്തിൽ മദ്യ-ലഹരി വിമുക്ത സമൂഹം രൂപപ്പെടുത്തുവാൻ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് കേരള കത്തോലിക്കാ സഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ നാം ഫലപ്രദമായും ക്രീയാത്മകമായും പ്രവർത്തിക്കുന്നതുപോലെ നമ്മുടെ സമൂഹത്തിൽ നാശം വിതയ്ക്കുന്ന മദ്യവും രാസലഹരിയും നിർത്തലാക്കാൻ നമുക്ക് പരിശ്രമിക്കാം. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**<br>(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് ആർ. ക്രിസ്തുദാസ്**<br>(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**<br>(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 023

NB: ഈ സർക്കുലർ 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

C. 8. സർക്കുലർ

# മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ശ്രേഷ്ഠമെത്രാപ്പോലീത്തയ്ക്ക് ഇടുക്കി രൂപതയിൽ സ്വീകരണം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ നാലാമത് മേജർ ആർച്ച് ബിഷപ്പായി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് 2024 ജനുവരിയിൽ നടന്ന സിനഡിൽ തിരഞ്ഞെടുക്കപ്പെടുകയുണ്ടായല്ലോ. നമ്മുടെ സഭയ്ക്ക് നേതൃത്വം നൽകുന്നതിനായി ശുശ്രൂഷാസ്ഥാനമേറ്റെടുത്ത നമ്മുടെ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ശ്രേഷ്ഠമെത്രാപ്പോലീത്തയ്ക്കുവേണ്ടി സഭാമക്കളായ നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി ശുശ്രൂഷ ചെയ്ത് സഭയെ വളർത്തിയ അഭിവന്ദ്യ മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി പിതാവിനെ നന്ദിയോടെ അനുസ്മരിക്കാം.

2024 ജനുവരി 18-ാം തിയതി വ്യാഴാഴ്ച രാവിലെ 9.30-നു നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാ പള്ളിയുടെ കൂദാശാകർമ്മം നടത്തുന്നതിനും മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുമായി നെടുങ്കണ്ടത്ത് എത്തിച്ചേരുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ശ്രേഷ്ഠമെത്രാപ്പോലീത്തയ്ക്ക് ഇടുക്കി രൂപത ഔദ്യോഗിക സ്വീകരണം നൽകുന്നു. ദൈവാലയ കൂദാശാകർമ്മത്തിലും തുടർന്ന് നടത്തപ്പെടുന്ന സ്വീകരണയോഗത്തിലും നമ്മുടെ രൂപതയിലെ എല്ലാ വൈദികരും, സമർപ്പിതരും സാധിക്കുന്നിടത്തോളം വിശ്വാസികളും പങ്കെടുത്ത് നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പിനോടുള്ള സ്നേഹവും ആദരവും വിധേയത്വവും പ്രകടിപ്പിക്കാം.

മേജർ ആർച്ച്ബിഷപ്പായി ചുമതലയേറ്റെടുത്തിരിക്കുന്ന അഭിവന്ദ്യ മാർ തട്ടിൽ ശ്രേഷ്ഠമെത്രാപ്പോലീത്തയെ തുടർന്നും പ്രാർത്ഥനയിൽ ഓർക്കാം. നമ്മുടെ രൂപതയിൽ ജനുവരി 14-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും കൃതജ്ഞതാബലിയർപ്പിച്ച് ദൈവത്തിന് നന്ദി പ്രകാശിപ്പിക്കേണ്ടതാണ്.

ഈ പുതുവത്സരത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നന്മകളും നിങ്ങൾക്കേവർക്കും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**✝മാർ ജോൺ നെല്ലിക്കുന്നേൽ**

ഇടുക്കി രൂപതാ മെത്രാൻ

| | | ഡിസംബർ 2023 |
|---|---|---|
| 26/12/2023 | 09.15 am | താന്നിക്കണ്ടം സെന്റ് മേരീസ് ഇടവകാംഗമായ ഡീക്കൻ ജേക്കബ് കളത്തിക്കാട്ടിലിന് തിരുപ്പട്ടം നൽകി. |
| 27/12/2023 | 09.15 am | പാലാർ സെന്റ് ജോർജ് ഇടവകാംഗമായ ഡീക്കൻ സേവ്യർ മേക്കാട്ടിന് തിരുപ്പട്ടം നൽകി. |
| 28/12/2023 | 09.15 am | തൊവരയാർ ഇൻഫന്റ് ജീസസ് ഇടവകാംഗമായ ഡീക്കൻ ജോർജ് ഞാവളിക്കുന്നേലിന് തിരുപ്പട്ടം നൽകി. |
| 29/12/2023 | | വെള്ളയാംകുടി, സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ പുനർകൂദാശാ കർമ്മം നിർവഹിച്ചു. |
| | | മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ചു നടന്ന സെമിനാരി ഗാദറിംഗിൽ പങ്കെടുത്തു. |
| 31/12/2023 | | മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് ജേക്കബ് മാട്ടേലിനും ജോസഫ് കുഴുപ്പിലിനും ഹെവുപദ്യാക്കോന പട്ടം നൽകി. |
| | | ചുരുളി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് ഫാമിലി അപ്പോസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടന്ന വിവാഹത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. |

| | | |
|---|---|---|
| | 02.00 pm | രാജമുടി SH നവജ്യോതി പ്രോവിൻസ് അംഗമായ സി. ജാസ്മിന്റെ മൃതശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 04.00 pm | കുഴിക്കാനം ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. |
| | | **ജനുവരി 2024** |
| 01/01/2024 | 09.15 am | തങ്കമണി സെന്റ് തോമസ് ഫൊറോന ഇടവകാംഗമായ ഡീക്കൻ ജോസഫ് വള്ളിയാംതടത്തിലിന് തിരുപ്പട്ടം നൽകി. |
| | 02.15 pm | ചെമ്പകപാറ സെന്റ് പീറ്റർ ഇടവകാംഗമായ ഡീക്കൻ ജോസഫ് കുമ്പ്ലംതാനത്തിന് തിരുപ്പട്ടം നൽകി. |
| 02/01/2024 | 09.15 am | ആയിരമേക്കർ സെന്റ് തോമസ് ഇടവകാംഗമായ ഡീക്കൻ ജോർജ് വള്ളിക്കാട്ടിന് തിരുപ്പട്ടം നൽകി. |
| | 02.30 pm | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 03/01/2024 | 09.15 am | കോഴിമല സെന്റ് ജോസഫ് ഇടവകാംഗമായ ഡീക്കൻ ജേക്കബ് ആയിലുമാലിക്ക് തിരുപ്പട്ടം നൽകി. |
| | 02.15 pm | കാൽവരിമൗണ്ട് സെന്റ് ജോർജ് ഇടവകാംഗമായ ഡീക്കൻ ജോസഫ് പള്ളിവാതുക്കലിന് തിരുപ്പട്ടം നൽകി. |
| 04/01/2024 | 09.15 am | ജോസ്ഗിരി സെന്റ് ജോസഫ് ഇടവകാംഗമായ ഡീക്കൻ മാത്യു ഈന്തോട്ടത്തിലിന് തിരുപ്പട്ടം നൽകി. |
| 08/01/2024–13/01/2024 | | സീറോ മലബാർ സഭയുടെ മുപ്പത്തിരണ്ടാമത്തെ സിനഡിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 14/01/2024 | | അടിമാലി സെന്റ് ജൂഡ് ടൗൺ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. |
| | 4.00 pm | തങ്കമണി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് പുതുതായി നിർമ്മിച്ച കൽക്കുരിശിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| 15/01/2024 | | വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. |
| | 04.45 pm | കഞ്ഞിക്കുഴി സെന്റ് മേരിസ് ഇടവകാംഗമായ ജെയിംസ് കരിവേലിക്കലിന്റെ മൃതസംസ്കാരം ശുശ്രൂഷയുടെ ദൈവാലയത്തിലുള്ള തിരുകർമ്മങ്ങൾ നിർവഹിച്ചു. |
| | 06.30 pm | വിജയപുരം രൂപതയുടെ നിയുക്ത സഹായ മെത്രാൻ അലക്സാണ്ടർ മഠത്തിപറമ്പിലിനെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ചു. |
| 16/01/2024 | | ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച വാർഷിക ആഘോഷത്തിലും യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു. |
| 17/01/2024 | | വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച വാർഷിക ആഘോഷത്തിലും യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു. |
| 18/01/2024 | | മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്തായെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ചു. |

| | | |
|---|---|---|
| | 10.00 am | നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയ കൂദാശയിലും മേജർ ആർക്കി എപ്പിസ്കോപ്പിൽ തീർത്ഥാടന ദൈവാലയ പ്രഖ്യാപനത്തിലും പങ്കെടുത്തു. |
| 19/01/2024 | | ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച വാർഷിക ആഘോഷത്തിലും യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു. |
| | 04.30 pm | നീലിവയൽ സെന്റ് മേരീസ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് പുതുതായി നിർമ്മിച്ച സെമിത്തേരി ചാപ്പലിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| 20/01/2024 | | കോട്ടപ്പുറം രൂപതയുടെ നിയുക്ത മെത്രാനായ മോൺ. അംബ്രോസ് പുത്തൻവീട്ടിലിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു. |
| 21/01/2024 | | വിമലഗിരി വിമലമാതാ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| | 03.30 pm | കൈലാസം സെന്റ് ജോസഫ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് പുതുതായി നിർമ്മിച്ച വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| | 07.30 pm | തോപ്രാംകുടി സെന്റ് മരിയാ ഗൊരേത്തി ഇടവകാംഗവും സി. ലിൻസ് റാണി സി. എം.സി.- യുടെ പിതാവുമായ കുന്നേൽ വർക്കിയുടെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

# BISHOP'S ENGAGEMENTS

**ഫെബ്രുവരി 2024**

| | |
|---|---|
| 31-07 | CBCI Meeting, Banglore |
| 10 | മുരിക്കാശ്ശേരി, കോതമംഗലം |
| 11 | ജോസ്പുരം, കിളിയാർകണ്ടം |
| 12 | വിജയപുരം |
| 13 | പ്രാർത്ഥനാദിനം, രാജകുമാരി |
| 15-16 | ആലുവ |
| 17 | പാറത്തോട് |
| 21-25 | ഇരട്ടയാർ, ബൈബിൾ കൺവെൻഷൻ |
| 23 | മാങ്കുളം |
| 25 | ഇരട്ടയാർ |
| 27 | കരിമണ്ണൂർ |

## C. 10/24 NEW APPOINTMENTS

1. Fr. Arackaparambil Michael MST - Asst. Vicar, Kunchithanny
2. Fr. Ayilumalil Chacko - Asst. Vicar, Thankamany
3. Fr. Eanthottathil Mathew - Asst. Vicar, Chempakapara
4. Fr. Elivalinkil Jefin Devasia MSFS - Asst. Vicar, Rajakumary
5. Fr. Kaippayil Scaria - Pro-Vicar, Thokkupara
6. Fr. Kaitharam Sebastian - Santa Maria Mission
7. Fr. Kalarickal Joseph CST - Asst. Vicar, Mankulam
8. Fr. Kalathikattil Jacob - Asst. Vicar, Panickankudy
9. Fr. Kaniyodickal Jain George MSFS - Asst. Vicar, Rajakad
10. Fr. Kochuparambil Abraham - Asst. Vicar, Pazhayarikandam
11. Fr. Koottumkudiyil Joseph - Jagadalpur Mission
12. Fr. Kumblamthanam Joseph - Animator, Karuna Animation Center
13. Fr. Mekkattu Xavier - Asst. Vicar, Murickassery
14. Fr. Njavallikunnel George - Asst.Vicar, Erattayar
15. Fr. Pallivathukkal Joseph - Asst.Vicar,Vimalagiri
16. Fr. Puliyankal Mathew - Asst. Vicar, Vellathooval
17. Fr. Pullanithundathil George - Santa Maria Mission
18. Fr. Thonnammackal John - Jagadalpur Mission
19. Fr. Valiyaveettil George - Spiritual Father, Minor Seminary
20. Fr. Vallikattu George - Asst.Vicar, Rajakad
21. Fr. Valliyamthadathil Joseph - Asst. Vicar, Nedumkandam
22. Fr. Joseph Kollakompil - Director Deepika Friends Club
23. Fr.James Makkiyil - Chaplain Jesus Youth Movement

*Bishop*

## C. 11/24 തിരുബാലസഖ്യദിനം

ഫെബ്രുവരി 11 ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരിക്കേണ്ടതാണ്. അന്നേ ദിവസം കൊച്ചുകുട്ടികൾക്കായി പ്രത്യേക പരിപാടികൾ നടത്തുകയും ചെയ്യേണ്ടതാണ്.

*Bishop*

## C. 12/24 വലിയ നോമ്പാരംഭവും വിവാഹാഘോഷ മുടക്കവും

ഫെബ്രുവരി പതിനൊന്നാം തീയതി പാതിരാ മുതൽ വലിയ നോമ്പ് ആരംഭിക്കുകയാണല്ലോ. വിഭൂതി തിങ്കളാഴ്ച മുതൽ ഉയിർപ്പു ഞായർ വരെ വിവാഹവും സമാനമായ മറ്റ് ആഘോഷങ്ങൾക്കും മുടക്കമാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. തീർത്തും ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രമേ വിവാഹം നടത്തുവാൻ പാടുള്ളൂ. അത് അനാർഭാടമായി നടത്തേണ്ടതുമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുവാനുള്ള അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബഹു. വികാരിമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു.

*Bishop*

## C. 12/24 Monthly Recollection for Priests

ഫെബ്രുവരി മാസത്തെ പഠനവിഷയമായ ഇടുക്കി രൂപതാ നിയമാവലി 364 മുതൽ 372 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

## C. 13/24 നെടുംകണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാ ദൈവാലയം മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയമായി ഉയർത്തപ്പെട്ടു

ഹൈറേഞ്ചിന്റെ കുടിയേറ്റത്തിന്റെ ദീപ്തസ്മരണകളാൽ പ്രഭാപൂരിതമായ നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാ ദൈവാലയം നമ്മുടെ രൂപതയിലെ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയമായി ഉയർത്തപ്പെട്ടതോടെ ഇടുക്കിയുടെ കുടിയേറ്റ ചരിത്രവും നമ്മുടെ പൂർവ്വികരുടെ വിശ്വാസ ചൈതന്യവും സീറോ മലബാർ സഭയുടെ ചരിത്രതാളുകളിൽ എഴുതപ്പെടുകയാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹത്തെപ്പോലെ സ്വന്തം വീടും സ്വദേശവും ഉപേക്ഷിച്ച് ദൈവം കാണിച്ചുകൊടുത്ത സ്ഥലത്തേക്ക് ത്യാഗപൂർവം യാത്രചെയ്ത നമ്മുടെ പിതാക്കന്മാർ തെളിച്ചുതന്ന വിശ്വാസദീപം ഇനിയും അഭംഗുരം കാത്തുസൂക്ഷിക്കുവാൻ നമ്മുടെ രൂപതയ്ക്ക് ലഭിക്കുന്ന ദൈവനിയോഗത്തിന്റെ പരസ്യപ്രകാശനമാണീ പദവി. വിശ്വാസത്തിൽ നമ്മെ ഉത്തരോത്തരം വളർത്തുന്ന ത്രീയേക

ദൈവത്തിനും സഭയിൽ നമ്മെ നയിക്കുന്നസഭാധികാരികൾക്കും നമുക്ക് നന്ദിയർപ്പിക്കാം.

സീറോ മലബാർ സഭയിലെ ചരിത്രപരമായി പ്രാധാന്യമുള്ള ദൈവാലയങ്ങൾക്കും തീർത്ഥാടനകേന്ദ്രങ്ങൾക്കും മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനദൈവാലയം എന്ന പദവി നൽകാൻ 2018 ജനുവരി മാസം നടന്ന സീറോമലബാർ സഭയുടെ ഇരുപത്തിയാറാം സിനഡിന്റെ ഒന്നാം സമ്മേളനം തീരുമാനിച്ചിരുന്നു. 2023 ആഗസ്റ്റ് മാസം 12-ാം തിയതി നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ നിയമാനുസൃതം ചേർന്ന പൊതുയോഗതീരുമാനപ്രകാരം, നെടുങ്കണ്ടം ദൈവാലയത്തിന് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയം എന്ന പദവി നല്കണമെന്നുള്ള പള്ളി വികാരിയുടെ രേഖമൂലമുള്ള അഭ്യർത്ഥനയും രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ ശിപാർശയും സ്വീകരിച്ചുകൊണ്ട് 2023 ആഗസ്റ്റ് മാസം 21 മുതൽ 26 വരെ നടന്ന സീറോമലബാർ സഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ മൂന്നാം സമ്മേളനം നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയമായി ഉയർത്താൻ തീരുമാനിച്ചു. 2024 ജനുവരി 18-ാം തിയതി പുതുതായി നിർമ്മാണം പൂർത്തിയായ നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയത്തിന്റെ കൂദാശാവസരത്തിൽ സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഈ പദവി സംബന്ധിച്ചുള്ള കല്പന നൽകി.

മേജർ ആർച്ച് ബിഷപ്പിന്റെ സിംഹാസനം സ്ഥിതി ചെയ്യുന്നു എന്നതിനാൽ തന്നെ സഭയിലെ ഏറ്റവും പ്രാധാന്യമുള്ള ദൈവാലയങ്ങളാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയങ്ങൾ. വർഷത്തിൽ ഒരിക്കലെങ്കിലും മേജർ ആർച്ച് ബിഷപ്പ് ഈ ദൈവാലയങ്ങളിൽ സന്ദർശനം നടത്തുന്ന പതിവുമുണ്ട്. മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയങ്ങളിൽ കാലാകാലങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന വികാരിമാർ ആർച്ച് പ്രീസ്റ്റ് എന്ന പേരിലായിരിക്കും അറിയപ്പെടുന്നത്. അതിൻപ്രകാരം നിലവിൽ നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ വികാരിയായി ശുശ്രൂഷ ചെയ്യുന്ന ബഹു. ജെയിംസ് ശൗര്യാംകുഴി അച്ചന് ആർച്ച് പ്രീസ്റ്റ്

പദവി നൽകി 2024 ജനുവരി 18-ാം തിയതി മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ കൽപന പുറപ്പെടുവിച്ചു.

ഇത്രയും കാലം ഒരു ഇടവക ദൈവാലയം മാത്രമായിരുന്ന നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയം ഇനി മുതൽ ഒരു തീർത്ഥാടന ദൈവാലയമാണ്. വി. സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള ഈ ദൈവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുന്നവർക്ക് സഭ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും അനുഗ്രഹങ്ങളും ലഭിക്കുന്നതാണ്. അതിനാൽ നെടുങ്കണ്ടം മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിലേക്കുള്ള വിശ്വാസികളുടെ തീർത്ഥാടനം നമ്മൾ പ്രോത്സാഹിപ്പിക്കണം. നമ്മുടെ വിശ്വാസ വളർച്ചയ്ക്കും പ്രാർത്ഥനജീവിതത്തിനും ഈ തീർത്ഥാടനകേന്ദ്ര സന്ദർശനവും വി. സെബസ്ത്യാനോസിന്റെ മാധ്യസ്ഥ്യവും സഹായകരമാകട്ടെ.

നെടുങ്കണ്ടം ഇടവകയുടെ വികാരിയായ ആർച്ച് പ്രീസ്റ്റ് ജെയിംസ് ശൗര്യാംകുഴി അച്ചനും ഇടവകാ ജനത്തിനും രൂപതാ കുടുംബത്തിന്റെ ഹൃദയപൂർവ്വകമായ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

**✠മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപത മെത്രാൻ

## C. 14/24 വൈദികരുടെ പ്രാർത്ഥനാദിനം

പ്രിയ അച്ചൻമാരേ, കഴിഞ്ഞവർഷം നടത്തിയതുപോലെ നമ്മുടെ രൂപതയിലെ വൈദികർക്കായുള്ള പ്രാർത്ഥനാദിനം **2024 ഫെബ്രുവരി 13-ാം** തീയതി മുതൽ നടത്തുകയാണ്. ഈ പ്രാർത്ഥനായജ്ഞത്തിൽ എല്ലാ വൈദികരുടെയും പങ്കാളിത്തം പ്രതീക്ഷിക്കുന്നു. രാജകുമാരി തീർത്ഥാടനകേന്ദ്രത്തിലെ നിത്യാരാധന ചാപ്പലാണ് പ്രാർത്ഥനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം. ഓരോ വൈദികനുമുള്ള പ്രാർത്ഥനാദിനം തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ വരത്തക്ക വിധമാണ് ക്രമീകരിക്കുന്നത്. രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് പ്രാർത്ഥനയുടെ സമയം. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| Date | Day | NAMES |
|---|---|---|
| 13/02/24 | Tuesday | Mar John Nellikunnel |
| 14/02/24 | Wednesday | Msgr. Jose Plachickal |
| 15/02/24 | Thursday | Msgr. Abraham Purayattu |
| 16/02/24 | Friday | Msgr. Jose Karivelickal |
| 19/02/24 | Monday | Fr. Joseph Thachukunnel |
| 20/02/24 | Tuesday | Fr. George Thakidiyel |
| 21/02/24 | Wednesday | Fr Thomas Panjikunnel |
| 22/02/24 | Thursday | Fr. Martin Ponpanal |
| 23/02/24 | Friday | Fr. Kuriakose Karackatt |
| 26/02/24 | Monday | Fr. Joseph Nadupadavil |
| 27/02/24 | Tuesday | Fr. James Kavunkal |
| 28/02/24 | Wednesday | Fr. Abraham Manimalakunnel |
| 29/02/24 | Thursday | Fr. Mathew Thadathil |
| 01/03/24 | Friday | Fr. Philip Iykkara |
| 04/03/24 | Monday | Fr. Joseph Mekkunnel |
| 05/03/24 | Tuesday | Fr. Joseph Pulickakunnel |
| 06/03/24 | Wednesday | Fr. Thomas Urumbil |
| 07/03/24 | Thursday | Fr. Joseph Akkoottu |
| 08/03/24 | Friday | Fr. Joseph Alunkalthazhe |
| 11/03/24 | Monday | Fr. Luke Anikuzhikattil |
| 12/03/24 | Tuesday | Fr. Thomas Anikuzhikattil |
| 13/03/24 | Wednesday | Fr. Joseph Ayillukunnel |
| 14/04/24 | Thursday | Fr. Chacko Ayilumalil |
| 15/04/24 | Friday | Fr. Joseph Azhimughath |

*Proto Syncellus*

# മൈനർ സെമിനാരി

## MS. 06/24 ദൈവവിളിക്യാമ്പ്

2023 ഡിസംബർ 26 മുതൽ 28 വരെ നടന്ന ക്യാമ്പിൽ 47 കുട്ടികൾ പങ്കെ ടുത്തു. അവരെ പറഞ്ഞയച്ച അച്ചന്മാർക്ക് നന്ദി.

## MS. 07/24 ദനഹാ തിരുനാളും നവവൈദികർക്ക് സ്വാഗതവും

ക്രിസ്തുമസ് അവധിക്കു ശേഷം ജനുവരി 4-ാം തിയതി തിരിച്ചെത്തിയ ബ്രദേഴ്സ് എല്ലാ ഒരുക്കങ്ങളോടും കൂടി 5-ാം തിയതി വൈകുന്നേരം നവവൈദികരെ സ്വീകരിക്കുകയും 6-ാം തിയതി സമൂഹബലിയോടെ ദനഹാ തിരുനാൾ ആഘോഷിക്കുകയും ചെയ്തു.

## MS. 08/24 സഭാതലവന് സ്വീകരണം

മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിന് ജനുവരി 18-ാം തിയതി രൂപത നല്കിയ ഊഷമള സ്വീകരണത്തിലും പുതുതായി നിർമ്മിച്ച നെടുങ്കണ്ടം പള്ളിയുടെ വെഞ്ചരിപ്പിലും മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ ദൈവാലയമായി ഉയർത്തിയ ചടങ്ങിലും മൈനർ സെമിനാരി കുടുംബം മുഴുവൻ പങ്കുചേർന്നു.

## MS. 09/24 Seminar

20-1-24 -ൽ Sr Aleena SH മാനസിക ആരോഗ്യത്തേയും ദൈവവിളിയേയും കുറിച്ചു നടത്തിയ സെമിനാർ വളരെ ഫലപ്രദമായിരുന്നു.

# സന്ന്യസ്തർ

## 1. അഗതികളുടെ സന്ന്യാസിനീ സമൂഹം (SD)

- ❖ ജനുവരി മൂന്നാം തീയതി അഭിവന്ദ്യ മാർ മാത്യു നെല്ലിക്കുന്നേൽ പിതാവ് എസ് ഡി പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ ബലി അർപ്പിച്ച് സന്ദേശം നൽകി.
- ❖ ബേസിൽ പുണ്യവാന്റെ തിരുനാൾ എല്ലാ ശാഖാ മഠങ്ങളിലും ആഘോഷിച്ചു.
- ❖ മുരിക്കാശ്ശേരിയിലെ മതാധ്യാപകർക്കായി നടത്തിയ അഖണ്ഡ ബൈബിൾ പാരായണത്തിൽ Sr. Anjana, Sr. Tancy, Sr.Taniya എന്നിവർ പങ്കെടുത്തു.
- ❖ സി. ലിസ്യു എസ് ഡി കാഞ്ചിയാർ എസ് ഡി മഠത്തിൽ SD buds കുട്ടികൾക്ക് ക്ലാസ് എടുത്തു.
- ❖ പാറത്തോട് സ്കൂളിൽ പഠിപ്പിക്കുന്ന സി. അഞ്ജന എസ്ഡിയുടെ റിട്ടയർമെന്റ് ആനിവേഴ്സറിക്ക് പ്രൊവിൻഷ്യൽ മദർ ജിസറാണി അനുഗ്രഹപ്രഭാഷണം നടത്തി. കൗൺസിലർമാരായ സി. മരിയറ്റ്. സി. ലിസറ്റ് എന്നിവരും ശാഖാ മഠങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സും പങ്കെടുത്തു.
- ❖ Face of the faceless എന്ന സിനിമ എല്ലാ സിസ്റ്റേഴ്സും പോയി കണ്ടു.
- ❖ കോതമംഗലം മൂവാറ്റുപുഴ നിർമ്മലയിൽ വച്ച് നടത്തിയ സമർപ്പിതസംഗമത്തിൽ മദർ ജിസാറാണിയും സിസ്റ്റേഴ്സും പങ്കെടുത്തു.
- ❖ പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ വച്ച് നടത്തിയ 'കാറ്റാടി മലയിലെ മണിമുഴക്കം' എന്ന നാടകം സിസ്റ്റേഴ്സ് പോയി കണ്ടു.
- ❖ Voice of Nuns സംഘടിപ്പിച്ച 'കാലഘട്ടത്തിന്റെ സന്യാസം' എന്ന വെബ്നാറിൽ അഡ്വക്കേറ്റ് സി. ജോസിയായും സിസ്റ്റേഴ്സും പങ്കെടുത്തു.
- ❖ സോണൽ തലത്തിൽ എല്ലാ എസ് ഡി സിസ്റ്റേഴ്സും ബൈബിൾ

എഴുതുകയും ഓരോ സോണലിലും സമ്പൂർണ്ണ ബൈബിൾ പ്രകാശനം ചെയ്യുകയും ചെയ്തു.

❖ ക്യൂൻ മേരി പബ്ലിക് സ്കൂൾ പണിക്കൻകുടിയുടെ വാർഷികം വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. മദർ ജിസാറാണി അധ്യക്ഷപ്രസംഗം നടത്തി. സി. മരിയറ്റ്, സ്കൂൾ പ്രിൻസിപ്പാൾ സി. ആൻസിൻ, സി. മരിയ എന്നിവർ സന്ദേശം നൽകി. ശാഖാ മഠങ്ങളിൽ നിന്ന് സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ മാങ്കുളം ഇടവകയിൽ സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി കുടുംബങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു.

❖ രൂപതാ തലത്തിൽ അഭിവന്ദ്യ പിതാവ് വിളിച്ചു കൂട്ടിയ ന്യൂ ഇയർ പ്രോഗ്രാമിൽ സി. അഞ്ജന, സി. ടാനിയാ എന്നിവർ പങ്കെടുത്തു. ജനുവരി മാസത്തിൽ നടന്ന സിനാക്സിസ് ഓറിയന്റേഷൻ ക്ലാസിൽ മദർ ജിസാറാണിയും സിസ്റ്റേഴ്സും പങ്കെടുത്തു.

## 2. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

❖ ഡിസംബർ 30-ാം തീയതി തടിയമ്പാട് മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് ഫസ്റ്റ് ഇയർ തിയോളജി വൈദിക വിദ്യാർത്ഥികൾക്ക് 'Personality, Spirituality and Psychospiritual Integration' എന്ന വിഷയത്തെ ആസ്പദമാക്കി റവ. സി. ഡോ. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ ഡിസംബർ 21-ാം തീയതി നടന്ന രാജാക്കാട് ക്രിസ്തുജ്യോതി പബ്ലിക് സ്കൂളിന്റെ വാർഷികാഘോഷ പരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ഡോ. ടെസ്‌ലിൻ ജോസഫ് എസ് എച്ച് സംബന്ധിച്ച് ആശംസകളർപ്പിച്ച് സംസാരിച്ചു. വികർ പ്രൊവിൻഷ്യൽ സി. കൊച്ചുറാണി പന്നയ്ക്കൽ എസ് എച്ച്, എഡ്യൂക്കേഷൻ കൗൺസിലർ സി. എൽസീന ആലാനിയ്ക്കൽ എസ് എച്ച് എന്നിവരും മറ്റ് സിസ്റ്റേഴ്സും വാർഷികത്തിൽ സംബന്ധിച്ചു.

❖ തിരുഹൃദയ സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകപിതാവ് ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന പാലാ എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഡിസംബർ 27-ാം തീയതി രാവിലെ 11 മണിക്ക് ഇടുക്കി പ്രോവിൻസിന്റെ നേതൃത്വത്തിൽ നടന്ന വി. കുർബാനയിൽ ജൂണിയർ സിസ്റ്റേഴ്സ് സംബന്ധിച്ചു.

❖ ഡിസംബർ 26-ാം തീയതി രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂണിയർ സിസ്റ്റേഴ്സിന്റെ പേരന്റ്സ് മീറ്റിംഗ്, പ്രാർത്ഥനാ ശുശ്രൂഷ എന്നിവ നടത്തപ്പെട്ടു.

❖ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനെ സന്ദർശിച്ച് നാമഹേതുകതിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

❖ സീറോമലബാർ യൂത്ത് മൂവ്മെന്റ്, ജർമ്മനിയുടെ നാഷണൽ ആനിമേറ്റർ ആയി സി. ലിസ് മരിയ തകിടിയേൽ എസ് എച്ച് തിരഞ്ഞെടുക്കപ്പെട്ടു.

❖ ഡിസംബർ 13-ാം തീയതി സി. നാൻസി മരിയ മാപ്രയിൽ എസ് എച്ച് ആലുവ സബ്ജയിലിലെ തടവുകാർക്ക് 'മോട്ടിവേറ്റ് യുവർ സെൽഫ്' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു.

❖ ജനുവരി 12-ാം തീയതി ഇടുക്കി രൂപതയിലെ നവവൈദികർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സ്വീകരണം നല്കി. പുതുതായി തിരുപ്പട്ടം സ്വീകരിച്ച എല്ലാ നവവൈദികരും ഒരുമിച്ച് അന്നേ ദിവസം വി. ബലി അർപ്പിക്കുകയും ചെയ്തു.

❖ ഇടുക്കി രൂപതയിലെ വിവിധ സന്ന്യാസിനീസമൂഹങ്ങൾക്കായി ക്രിസ്തുമസിനോടനുബന്ധിച്ച് രൂപതാ തലത്തിൽ നടത്തിയ ക്രിസ്തുമസ് ടാബ്ലോ മത്സരത്തിൽ എസ്.എച്ച്. വിമല ബാലഭവൻ നെടുങ്കണ്ടം മൂന്നാം സ്ഥാനം കരസ്ഥമാക്കി.

❖ ജനുവരി 9-ാം തീയതി നടന്ന പൊൻമുടി സെന്റ് മേരീസ് ഹൈസ്കൂൾ വാർഷികാഘോഷത്തിലും യാത്രയയപ്പ് സമ്മേളനത്തിലും ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഡോ. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്.എച്ച് സംബന്ധിച്ച്, 25 വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം പൊൻമുടി സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്യുന്ന സി. മേരി കൂനമ്മാക്കൽ എസ്.എച്ച് ന് ആശംസകളർപ്പിച്ച് സംസാരിച്ചു.

❖ ജനുവരി 7 മുതൽ 11 വരെ ജനറൽ തലത്തിൽ വചനധ്യാന ടീമിനായി നടത്തിയ ധ്യാനത്തിൽ വികർ പ്രൊവിൻഷ്യൽ സി. കൊച്ചുറാണി പന്നയ്ക്കൽ എസ് എച്ച്, സി. ബെന്നോയി കരിന്തോളിൽ

എസ്.എച്ച്, സി. ട്രീസ മേരി കൊച്ചുപുരയ്ക്കൽ എസ്.എച്ച് എന്നിവർ സംബന്ധിച്ചു.

❖ ജനുവരി 1, 7 തീയതികളിൽ ബിഷപ് ഹൗസിൽ വച്ച് നടത്തിയ മീറ്റിംഗുകളിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഡോ. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്.എച്ച്, സി. ആൻ മേരി കീരംചിറ എസ്.എച്ച് എന്നിവർ സംബന്ധിച്ചു.

❖ 'ക്രിയാത്മക കൗമാരം - കരുത്തും കരുതലും വിദ്യാഭ്യാസ പരിപാടി' യുടെ ഭാഗമായി ജനുവരി 6-ാം തീയതി കുഞ്ചിത്തണ്ണി ജി. എച്ച്.എസ്.എസ്.-ൽ വച്ച് നടന്ന ബോധവത്ക്കരണ ക്ലാസ്സ് സി. ജോയ്സ് ആലനോലിയ്ക്കൽ എസ്.എച്ച് നയിച്ചു.

❖ ജനുവരി 10-ാം തീയതി നടന്ന കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ വാർഷികാഘോഷത്തിലും യാത്രയയപ്പ് സമ്മേളനത്തിലും ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഡോ. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്.എച്ച് സംബന്ധിച്ച് 24 വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം, കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്യുന്ന സി. ആൻസി ഡോൺ കൊച്ചുതാഴത്ത് എസ്.എച്ച് ന് ആശംസകളർപ്പിച്ച് സംസാരിച്ചു.

❖ ജനുവരി 13-ാം തീയതി നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രത്തിൽ വച്ച് 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തിയ ധ്യാനത്തിൽ 'തിരുവചനം കുട്ടികളുടെ ജീവിതത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സി. ആൻസിറ്റ് കിഴക്കയിൽ എസ്.എച്ച് ക്ലാസ്സ് എടുത്തു.

❖ ജനുവരി 13-ാം തീയതി രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സി. ജാസ്മിൻ പുന്നപ്ലാക്കൽ എസ് എച്ച് ന്റെ അനുസ്മരണ ബലി അർപ്പിക്കപ്പെട്ടു. ഇടുക്കി രൂപതാ പ്രോട്ടോ സിഞ്ചെലൂസ് മോൺ. ജോസ് പ്ലാച്ചിക്കൽ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. സി. ജാസ്മിന്റെ കുടുംബാംഗങ്ങൾ, ഇടവകാംഗങ്ങൾ, നവജ്യോതി പ്രോവിൻസിലെ വിവിധ ഭവനങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് എന്നിവർ വി. കുർബാനയിലും മറ്റ് പ്രാർത്ഥനകളിലും സംബന്ധിച്ചു.

❖ വനിതാസംരംഭകരെ വളർത്തുക എന്ന ലക്ഷ്യത്തോടെ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെയും എക്സഞ്ചറിന്റെയും സഹായത്തോടെ വട്ടവടയിൽ 100 വനിതകൾക്കായി നടത്തിയ തേൻ കൃഷി, ഡീഹൈഡ്രേഷൻ ഓഫ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് എന്നീ പരിശീലനപരിപാടികളുടെ സർട്ടിഫിക്കറ്റ് വിതരണ ഉദ്ഘാടനം വട്ടവട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗണപതി അമ്മാൾ നിർവഹിച്ചു.

❖ ജനുവരി 10 മുതൽ 13 വരെ ഇടപ്പാടി പ്രാർത്ഥനാ ഭവനത്തിൽ ഒരു വർഷത്തെ പ്രാർത്ഥനയിലായിരിക്കുന്ന സിസ്റ്റേഴ്സിന് സി. നാൻസി മരിയ മാപ്രയിൽ എസ്.എച്ച് ക്ലാസ്സ് എടുത്തു.

❖ ജനുവരി 14-ാം തീയതി രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് കോതമംഗലം, ഇടുക്കി പ്രോവിൻസുകളിലെ 1989 ബാച്ചിലെ സിസ്റ്റേഴ്സിന്റെ ബാച്ച് ഗാതറിംഗ് നടത്തി.

❖ ജനുവരി 15-ാം തീയതി പറവൂർ സെന്റ് അലോഷ്യസ് എച്ച്.എസിൽ 'അഡോൾസെന്റ്സ് ആൻഡ് മെന്റൽ ഹെൽത്ത്' നെക്കുറിച്ച് സി. ഡോ. നാൻസി മരിയ മാപ്രയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ സാമ്പത്തിക മേഖലയിൽ സർക്കാർ കൊണ്ടുവരുന്ന പുതിയ നിയമങ്ങളും വ്യവസ്ഥകളും സംബന്ധിച്ച സാമാന്യമായ അറിവ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപതകളിലും സന്ന്യാസ സമൂഹങ്ങളിലും സാമ്പത്തികം കൈകാര്യം ചെയ്യുന്നവർക്കായി ജനുവരി 16-ാം തീയതി പാലാരിവട്ടം പി.ഒ.സി. യിൽ വച്ചു നടത്തിയ സെമിനാറിൽ പ്രോവിൻഷ്യൽ പ്രൊകുറേറ്റർ സി. ജോസ്മി കച്ചിറയിൽ എസ്.എച്ച് സംബന്ധിച്ചു.

❖ മൈലാടുംപാറ ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾക്ക് സി. ലിസ്ന ചാമലയിൽ എസ്.എച്ച് 'കുടുംബങ്ങളിൽ മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം എങ്ങനെ കൂടുതൽ ദൃഢമാക്കാം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു.

❖ ജനുവരി 18-ാം തീയതി നടന്ന നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാ ദൈവാലയത്തിന്റെ കൂദാശയിലും പ്രതിഷ്ഠാ തിരുക്കർമ്മങ്ങളിലും നെടുങ്കണ്ടം ഇടവകയെ മേജർ ആർക്കി

എപ്പിസ്കോപ്പൽ തീർത്ഥാടന പള്ളിയായി ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനച്ചടങ്ങുകളിലും വി. കൂർബാനയിലും തുടർന്നു നടന്ന മീറ്റിംഗിലും എസ് എച്ച് നവജ്യോതി പ്രോവിൻസിലെ ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ❖ നിത്യതയിലേക്ക്

### സി. ജാസ്മിൻ പുന്നപ്ലാക്കൽ എസ് എച്ച് (59)



| | | |
|---|---|---|
| ജനനം | : | 18.06.1964 |
| ആദ്യവ്രതം | : | 02.05.1984 |
| നിത്യവ്രതം | : | 02.05.1991 |
| മരണം | : | 30.12.2023 |

''രാജപുത്രി, നീ ശ്രദ്ധിച്ചു കേൾക്കുക. നിന്റെ ജനത്തെയും പിതൃഭവനത്തെയും മറക്കുക. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനാകും'' (സങ്കീ. 45:10). സ്വജനത്തേയും പിതൃഭവനത്തെയും മറന്ന്, സഹനത്തിന്റെ സ്വർണ്ണ കസവുടയാടയണിഞ്ഞ്, സ്വർഗ്ഗനാഥന്റെ തിരുസന്നിധിയിലേക്ക് മാലാഖമാരുടെ അകമ്പടിയോടെ നവജ്യോതിയുടെ വാനമ്പാടി പറന്നകലുമ്പോൾ വിതുമ്പുന്ന ഓർമ്മകളോടെ, ഉള്ളിൽ സ്നേഹത്തിന്റെ കനലുമായി, നവജ്യോതി മക്കളുടെ കണ്ണീർ പ്രണാമം....

1964 ജൂൺ 18-ാം തീയതി വിശുദ്ധിയുടെ പരിമളം വീശുന്ന ഭരണങ്ങാനത്ത് നരിയങ്ങാനം ഇടവകയിൽ പുന്നപ്ലാക്കൽ വർഗീസ് മറിയക്കുട്ടി ദമ്പതികളുടെ എട്ടുമക്കളിൽ ഏഴാമത്തെ മകളായി നമ്മുടെ സി. ജാസ്മിൻ ജനിച്ചു. ലില്ലിക്കുട്ടി എന്നായിരുന്നു ഔദ്യോഗികനാമം. ഏലീശ്വാ എന്ന ജ്ഞാനസ്നാനനാമത്താൽ തിരുസഭയുടെ ഹൃദയത്തിൽ ഒരു കുഞ്ഞുലില്ലിപ്പൂവായി അവൾ വളർന്നു വന്നു. 1981 ജൂൺ മാസത്തിൽ സന്ന്യാസമെന്ന തന്റെ ജീവിതസ്വപ്നത്തിന് ചിറകുവച്ച് തിരുഹൃദയസന്ന്യാസിനീസമൂഹത്തിലേക്ക് അർത്ഥിനിയായി പ്രവേശിച്ചു.

തന്റെ സന്യാസജീവിതത്തിന്റെ പുണ്യപാതയിലൂടെ തിരുഹൃദയനാഥന്റെ കൈപിടിച്ച് ജീവിതമാരംഭിച്ച സി. ജാസ്മിൻ അദ്ധ്യാപനം തന്റെ ജീവിത നിയോഗമായി സ്വീകരിച്ച് ഇരുൾ പടർന്ന ഹൃദയങ്ങ

ളിൽ ജ്ഞാനപ്രകാശം തെളിയിച്ചു. കോതമംഗലം രൂപതയിൽ പൂയം കുട്ടി സെന്റ് ജോർജ്ജ് യു പി സ്കൂൾ, ആയവന സേക്രട്ട് ഹാർട്ട് യു.പി സ്കൂൾ, മുതലക്കോടം സെന്റ് ജോർജ്ജ് ഹയർസെക്കൻഡറി സ്കൂൾ, മൈലക്കൊമ്പ് സെന്റ് റീത്താസ് സ്കൂൾ എന്നിവിടങ്ങളിലും, ഹൈറേഞ്ചിന്റെ മണ്ണിൽ ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്., പൊന്മുടി സെന്റ് മേരീസ് എച്ച്.എസ്., കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്. എന്നിവിടങ്ങളിലും ശുശ്രൂഷ ചെയ്തു. കണ്ടുമുട്ടിയ കുഞ്ഞുങ്ങളിൽ ദൈവസ്നേഹം പകർന്ന് കൊടുത്ത് വിജയത്തിന്റെ വഴികളിലേക്ക് അവരെ നയിക്കാൻ സിസ്റ്റർ അത്യുത്സാഹം കാണിച്ചിരുന്നു. സങ്കടങ്ങളുടെ തോരാമഴ പെയ്തിറങ്ങിയ ജീവിതങ്ങൾക്ക് മുന്നിൽ ആശ്വാസത്തിന്റെ ദൈവസാന്നിദ്ധ്യമായി സിസ്റ്റർ എത്തിയിരുന്നു. ചെമ്മണ്ണാർ, മൈലാടുംപാറ, പൊൻമുടി, കല്ലാറുകുട്ടി എന്നീ മഠങ്ങളിൽ സുപ്പീരിയറായി സേവനമനുഷ്ഠിച്ചു. പൂയംകുട്ടി, തോട്ടക്കര, മുതലക്കോടം, ആയവന, കാന്തിപ്പാറ, നെടുങ്കണ്ടം, രാജമുടി എന്നീ മഠങ്ങളിൽ സേവനത്തിന്റെ മെഴുതിരിയായി ജ്വലിച്ചു.

അപ്രതീക്ഷിതമായിട്ടാണ് ക്യാൻസർ എന്ന മാരകരോഗം സി. ജാസ്മിന്റെ ജീവിതത്തിലേക്ക് കടന്നുവന്നത്. കഴിഞ്ഞ 5 മാസമായി തൃശ്ശൂർ അമലാ ആശുപത്രിയിൽ ക്യാൻസർ ചികിത്സയിലായിരുന്ന സി. ജാസ്മിനെ പലവിധ ശാരീരിക ബുദ്ധിമുട്ടുകൾ അലട്ടിയിരുന്നെങ്കിലും ശരീരത്തിന്റെ വേദനകളും ബുദ്ധിമുട്ടുകളും അവഗണിച്ചുകൊണ്ട് ആവുന്ന വിധത്തിലെല്ലാം സമൂഹത്തോടൊപ്പമായിരിക്കാൻ ശ്രദ്ധ ചെലുത്തി. മിശിഹായുടെ സഹനത്തിൽ പങ്കുപറ്റാനുള്ള അവസരമായി കണ്ട് ഒന്നിനും പരാതിപ്പെടാതെ സിസ്റ്റർ ഇവയൊക്കെ ശാന്തമായി നേരിട്ടു. ശാരീരിക അസ്വസ്ഥതകൾ കൂടിയതിനെ തുടർന്ന് ഡിസംബർ 12-ാം തീയതി സി. ജാസ്മിനെ വീണ്ടും തൃശ്ശൂർ അമലാ ആശുപത്രിയിൽ അഡ്മിറ്റാക്കി. തുടർന്ന് മരുന്നുകളോടൊന്നും പ്രതികരിക്കാത്ത പ്രത്യേക സാഹചര്യത്തിൽ ഡിസംബർ 23-ാം തീയതി മുതലക്കോടം ആശുപത്രിയിലേക്കും പിന്നീട് ഡിസംബർ 27-ാം തീയതി മുരിക്കാശ്ശേരി അൽഫോൻസ ഹോസ്പിറ്റൽ പാലിയേറ്റീവ് കെയറിലേക്കും സി. ജാസ്മിനെ മാറ്റുകയും പെയിൻ ആൻഡ് പാലിയറ്റീവ് കെയർ ആരംഭിക്കുകയും ചെയ്തു.

മുൾമുടിയണിഞ്ഞ തന്റെ ആത്മനാഥന്റെ സ്നേഹചുംബനം

ഹൃദയത്തിലേറ്റുവാങ്ങി സഹനത്തിന്റെ പാനപാത്രം പ്രത്യാശയോടെ സ്വീകരിച്ച് സി. ജാസ്മിൻ 2023 ഡിസംബർ 30-ാം തീയതി ഉച്ചതിരിഞ്ഞ് 1.35 ന് ബഹു. പ്രൊവിൻഷ്യാളമ്മയുടെയും കൗൺസിലേഴ്സിന്റെയും തന്നെ ശുശ്രൂഷിക്കാനെത്തിയ മറ്റു സഹോദരിമാരുടെയും സാന്നിധ്യത്തിൽ പ്രാർത്ഥന നിറഞ്ഞ അന്തരീക്ഷത്തിൽ നന്ദിയോടെ അവസാന മൊഴിയായി യേശുനാമം ഉരുവിട്ടുകൊണ്ട് പരിശുദ്ധ അമ്മയുടെ കൈപിടിച്ച് മാലാഖമാരുടെ സ്തുതിഗീതങ്ങൾക്കൊപ്പം സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു.

ഡിസംബർ 31 ഞായറാഴ്ച ഉച്ചയ്ക്ക് 1 ന് ഇടുക്കി രൂപതാ പ്രോട്ടോ സിഞ്ചെലൂസ് മോൺ. ജോസ് പ്ലാച്ചിക്കൽ, ഇടുക്കി രൂപതാ പ്രൊകുറേറ്റർ റവ. ഫാ. ജോസഫ് തച്ചുകുന്നേൽ, തങ്കമണി പളളി വികാരി റവ. ഫാ. ജോസ് മാറാട്ടിൽ, കല്ലാർകുട്ടി പള്ളി വികാരി റവ. ഫാ. ടിനു പാറക്കടവിൽ, രാജമുടി പള്ളി വികാരി റവ. ഫാ. ജോർജ്ജ് മുല്ലപ്പള്ളിൽ, നെടിയശ്ശാല പള്ളി വികാരി റവ. ഫാ. ജോൺ ആനിക്കോട്ടിൽ എന്നിവരുടെ കാർമ്മികത്വത്തിൽ വി. കുർബാനയും മൃതസംസ്കാര ശുശ്രൂഷകളും ആരംഭിച്ചു. ഇടുക്കി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ചരമസന്ദേശം നല്കി. തുടർന്ന് 3 മണിക്ക് രാജമുടി പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെയും അനേകം വൈദികരുടെയും കുടുംബാംഗങ്ങളുടെയും സമൂഹാംഗങ്ങളുടെയും ഇടവക ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ മൃതസംസ്കാരം നടത്തി.

ആരെയും അറിയിക്കാതെ സഹിക്കാവുന്നിടത്തോളവും അതിനപ്പുറവും ഈശോയോട് ചേർന്ന് സഹിച്ച് പരാതികളില്ലാതെ മരണമെന്ന യാഥാർത്ഥ്യത്തെ മുന്നിൽ കണ്ടുകൊണ്ട് അതിനായി തന്റെ ജീവിതത്തിന്റെ അവസാനനാളുകളെ ക്രമപ്പെടുത്തി 39 വർഷത്തെ സമർപ്പിത ജീവിതത്തിനുശേഷം തന്റെ സ്വർഗ്ഗീയവീട്ടിലേക്ക് യാത്രയായ ഈ ആത്മാവിന് സ്വർഗ്ഗത്തിൽ ഒളിമങ്ങാത്ത കിരീടം ലഭിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

### 3. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

- ❖ സി. റ്റെസി വെട്ടുകല്ലേൽ സീറോ മലബാർ മിഷൻ ക്വസ്റ്റിൽ ആഗോളതലത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കി.

❖ സി. ലിന്റാ തുണ്ടത്തിൽ എല്ലക്കൽ സെന്റ് ആന്റണീസ് എൽ.പി. സ്കൂളിലെ കുട്ടികൾക്ക് വേണ്ടി ഒരു ഏകദിന സെമിനാർ നയിച്ചു. ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾക്കും സെമിനാർ നടത്തി.

❖ കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് വിവിധ സന്ന്യാസസമൂഹങ്ങളിലെ പ്രൊവിൻഷ്യൽസ്, രാഷ്ട്രീയ സാംസ്കാരിക നേതാക്കൾ, ഭക്തസംഘടനാ ഭാരവാഹികൾ എന്നിവർക്കായി നടത്തിയ സമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മ സംബന്ധിച്ചു.

❖ ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് രൂപതാതലത്തിൽ സിസ്റ്റേഴ്സിനു വേണ്ടി നടത്തിയ ലൈവ് പുൽക്കൂട് മത്സരത്തിൽ കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസ് കമ്മ്യൂണിറ്റി ഒന്നാം സ്ഥാനവും അരുണാചൽ പ്രദേശിലെ SABS കമ്മ്യൂണിറ്റി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

❖ കല്ലുപാലം വിജയമാതാ പബ്ലിക് സ്കൂളിന്റെ വാർഷിക ആഘോഷം ജനുവരി 10-ാം തീയതി നടന്നു. ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മ അധ്യക്ഷപദം അലങ്കരിച്ച മീറ്റിങ്ങിൽ വിശിഷ്ട വ്യക്തികൾക്കൊപ്പം പി.ടി.എ. അംഗങ്ങളും നമ്മുടെ ഉപകാരികളും നാനാജാതി മതസ്ഥരായ നാട്ടുകാരും നിരവധി സിസ്റ്റേഴ്സും സംബന്ധിച്ചു.

❖ ഇടുക്കി രൂപതയിലെ നവവൈദികർക്ക് ജനുവരി 12-ാം തീയതി കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകി. ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികർ ഒന്നുചേർന്ന് അന്നേദിനം പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

❖ വെൺമണി മോറിയ ആശ്രമത്തിൽ വച്ച് നടത്തപ്പെട്ട ധ്യാനത്തിൽ വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട് കൗൺസിലിങ്ങ് നൽകി സഹായിച്ചു.

❖ വാഴത്തോപ്പ് സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ നിന്നും ഈ വർഷം വിരമിക്കുന്ന സി. ലീമാ റോസ് വേലച്ചേരിൽ, കദളിക്കാട് വിമല മാതാ ഹൈസ്കൂളിൽ നിന്നും വിരമിക്കുന്ന സി. ആൻസിലിൻ പാമ്പാറ എന്നിവരുടെ റിട്ടയർമെന്റ് പരിപാടികളിലും സ്കൂൾ വാർഷിക ആഘോഷത്തിലും ബഹു. പ്രൊവിൻഷ്യാളമ്മയും ബഹു. കൗൺസിലേഴ്സും മറ്റു സിസ്റ്റേഴ്സും പങ്കെടുത്തു.

❖ ജനുവരി പതിനെട്ടാം തീയതി നെടുങ്കണ്ടം സെന്റ് സെബാസ്റ്റൻസ് പള്ളിയിൽ വച്ച് നടന്ന ദൈവാലയ കൂദാശ കർമ്മത്തിലും മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയ പ്രഖ്യാപന ത്തിലും മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്താക്ക് നൽകിയ സ്വീകരണത്തിലും പ്രൊവിൻസിലെ ഭൂരിഭാഗം സിസ്റ്റേഴ്സും പങ്കുചേർന്നു.

❖ മറയൂർ ജയ് മാതാ പബ്ലിക് സ്കൂളിന്റെ രജതജൂബിലി വർഷാരംഭം ജനുവരി 13-ാം തീയതി സ്കൂൾ വാർഷികത്തോട് അനുബന്ധിച്ച് നടത്തപ്പെട്ടു. കോതമംഗലം രൂപതയുടെ മുൻ മെത്രാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ സന്ദേശം നല്കി. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റി ഉപ്പുമാക്കൽ അധ്യക്ഷപദം അലങ്കരിച്ചു. മറ്റ് വിശിഷ്ട വ്യക്തികളോടൊപ്പം സ്കൂളിന്റെ ആരംഭം മുതൽ ഉപകാരികളായവരും പി.ടി.എ. അംഗങ്ങളും നാട്ടുകാരും സന്നിഹിതരായിരുന്നു.

## 4. കർമ്മല മാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)

❖ പ്രൊവിൻഷ്യൽ ടീം ബിഷപ്സ് ഹൗസ് സന്ദർശിച്ച് അഭിവന്ദ്യ പിതാവിനും ജനറാളച്ചൻമാർക്കും മറ്റ് ബഹു. വൈദികർക്കും ക്രിസ്മസ്സ് പുതുവൽസര ആശംസകൾ നേർന്നു.

❖ പ്രോവിൻസിലെ ജൂണിയർ സിസ്റ്റേഴ്സിനും ജൂണിയർ സീനിയേഴ്സ് സിസ്റ്റേഴ്സിനുമായി മുരിക്കാശ്ശേരി, കുമ്പൻപാറ എന്നിവിടങ്ങളിൽ വച്ച് 3 ദിവസത്തെ കോഴ്സ് നടത്തി.

❖ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ നാമഹേതുക തിരുനാളിൽ പ്രൊവിൻഷ്യൽ ടീം പിതാവിനെ സന്ദർശിച്ച് ആശംസകൾ നേർന്നു.

❖ CMI സഭയുടെ നേതൃത്വത്തിലുള്ള അടിമാലി സോപാനം സെന്ററിൽ വച്ചു നടത്തിയ കരോൾ ഗാനമൽസരത്തിൽ പ്രൊവിൻഷ്യൽ ഹൗസ് ടീം ഒന്നാം സ്ഥാനവും ക്യാഷ് അവാർഡും നേടി.

❖ രൂപതാ ജയിൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ദേവികുളം സബ് ജയിൽ സന്ദർശിച്ചു. ഈ വർഷത്തെ ക്രിസ്മസ് ആഘോഷം CMC സിസ്റ്റേഴ്സിന്റെ ഉത്തരവാദിത്വത്തിലായിരുന്നു. പ്രൊവിൻഷ്യൽ ടീമും 15 സിസ്റ്റേഴ്സും ചേർന്ന് ഒരുക്കിയ ആഘോഷ പരിപാടികൾ ഒരു പുതിയ അനുഭവമായിരുന്നു.

- ജോസഫ് തച്ചുകുന്നേലച്ചന്റെ പിതാവിന്റെ നിര്യാണത്തിൽ ഈട്ടി ത്തോപ്പിലുള്ള ഭവനം സന്ദർശിച്ച് പ്രൊവിൻഷ്യൽ ടീം പ്രാർത്ഥി ക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.
- വർഷാവസാന ദിനത്തിൽ മുഴുവൻ സിസ്റ്റേഴ്സും പ്രാർത്ഥന യിലും ഉപവാസത്തിലും ചെലവഴിച്ച് കൃതജ്ഞതയുടെയും പരി ഹാരത്തിന്റെയും പ്രകരണങ്ങൾ തിരുമുമ്പിലർപ്പിച്ച് പ്രാർത്ഥിച്ചു.
- ഗൊരഖ്പൂർ രൂപതാധ്യക്ഷൻ മാർ മാത്യു നെല്ലിക്കുന്നേൽ പ്രൊ വിൻഷ്യൽ ഹൗസ് സന്ദർശിച്ചു. പിതാവിനെ ഹൃദ്യമായി സ്വീകരി ക്കുകയും എല്ലാവരും ചേർന്ന് പ്രാർത്ഥിക്കുകയും ചെയ്തു. മിഷൻ അനുഭവങ്ങൾ പങ്കുവച്ച് സൗഹൃദസംഭാഷണം നടത്തി. പുതു വർഷത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു.
- ഇടുക്കി രൂപതയിലെ നവവൈദികർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകി. പ്രാർത്ഥന, ആശംസകൾ, സമ്മാനം, സ്നേ ഹവിരുന്ന് ഇവയെല്ലാം സ്വീകരണത്തിലെ വേറിട്ട അനുഭവങ്ങളാ യിരുന്നു. എല്ലാവരുടെയും തിരുപ്പട്ട സ്വീകരണത്തിൽ പ്രതിനി ധികൾ പങ്കെടുത്തു പ്രാർത്ഥിച്ചതിന് അവർ നന്ദി അറിയിച്ചു.
- രൂപതാ കേന്ദ്രത്തിൽ വച്ച് നടത്തിയ Social Meeting ൽ ബഹു. പ്രൊവിൻഷ്യൽ സി. ആനി പോൾ, വികർ പ്രൊവിൻഷ്യൽ സി. ജാൻസീന എന്നിവർ സംബന്ധിച്ചു.
- ഇംഗ്ലീഷ് സാഹിത്യത്തിൽ PHD കരസ്ഥമാക്കിയ സി. ആൻ ഗ്രേ യ്സിന്റെ Defence Program ൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.
- വി. കൊച്ചുത്രേസ്യായുടെ 150-ാം ജന്മദിനാഘോഷത്തിന്റെ ഭാഗ മായി ജനറലേറ്റിൽ നിന്ന് നടത്തിയ ക്വിസ് മത്സരത്തിലും ഉപന്യാ സരചനയിലും സിസ്റ്റേഴ്സ് പങ്കെടുത്തു.
- മുക്കുടം സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂളിലെ കുട്ടികൾ ക്കായി (5 മുതൽ 12 വരെ ക്ലാസ്സ്) 2 ദിവസത്തെ ധ്യാനം പ്രൊവിൻ ഷ്യൽ ധ്യാന ടീമിന്റെ നേതൃത്വത്തിൽ നടന്നു. വികാരി ബഹു. ജോസഫ് പൈമ്പിള്ളിയച്ചന്റെയും മതാധ്യാപകരുടെയും സഹക രണം എടുത്തു പറയത്തക്കതായിരുന്നു.
- മീഡിയ ടീമിന്റെ നേതൃത്വത്തിൽ നാഷണൽ യൂത്ത് ഡേയിൽ A day With YouthVibes എന്ന പേരിൽ ജീസസ്സ് യൂത്തിലെ കുട്ടിക

ളുടെ സഹകരണത്തോടെ ഒരു ഷോർട്ട് ഫിലിം തയ്യാറാക്കി CMC Vision ന് നൽകി.

❖ പടമുഖം സ്നേഹമന്ദിരം ധ്യാന കേന്ദ്രത്തിൽ വച്ച് പാറത്തോട് ഇടവകയിലെ UPS കുട്ടികൾക്കായി 3 ദിവസത്തെ ധ്യാനം നടന്നു. ക്രിസ്റ്റിൻ ടീം നേതൃത്വം നൽകിയ ധ്യാനത്തിൽ 155 കുട്ടികൾ പങ്കെടുത്ത് അഭിഷേകമുള്ളവരായി. ബഹു. വികാരി സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, അസി. വികാരി അജിത്ത് മടിയ്ക്കാങ്കൽ, മതാധ്യാപകർ എന്നിവരുടെ ത്യാഗവും സഹകരണവും ധ്യാനത്തെ വിജയകരമാക്കി.

❖ ഹോം മിഷൻ ടീമിന്റെ നേതൃത്വത്തിൽ ഈട്ടിത്തോപ്പ് ഇടവകയിൽ ഹോം മിഷൻ നടന്നു. വികാരി റവ. ഫാ. ബോബി വെങ്ങാലൂരിന്റെയും കൈക്കാരൻമാരുടെയും സഹകരണവും സ്നേഹവും വലുതായിരുന്നു. വിശുദ്ധ ബലിയെ തുടർന്നുള്ള ഒരു മണിക്കൂർ ആരാധനയിൽ കുടുംബങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ചതിന് ശേഷം നടത്തിയ ഹോം മിഷനും അവസാന ദിവസത്തെ കൺവൻഷനും വൻ വിജയമായിരുന്നു.

❖ തൊടുപുഴ വിമലാലയം സ്കൂളിൽ വച്ച് നടത്തിയ 'ജെംസ്' ക്യാമ്പിൽ സി. നിത്യയുടെ നേതൃത്വത്തിൽ കുട്ടികൾ പങ്കെടുത്തു.

❖ നെടുംങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ചർച്ചിന്റെ കൂദാശാ കർമ്മത്തിലും മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് നൽകിയ സ്വീകരണത്തിലും പ്രൊവിൻഷ്യൽ ടീം ഉൾപ്പടെ 75 സിസ്റ്റേഴ്സ് പങ്കെടുത്തു. സ്നേഹവിരുന്നിന് ശേഷം ശ്രേഷ്ഠമെത്രാപ്പോലീത്ത മാർ റാഫേൽ തട്ടിൽ പിതാവുമായി നടത്തിയ സൗഹൃദസമ്മേളനത്തിൽ പ്രൊവിൻഷ്യൽ ടീമും സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവിനെ വ്യക്തിപരമായി കണ്ട് ആശംസകൾ നേരുകയും ചെയ്തു.

## 5. എഫ്.സി.സി. സന്ന്യാസിനീസമൂഹം (FCC)

❖ ഇടുക്കി രൂപതാ പ്രൊക്കുറേറ്റർ റവ. ഫാ. ജോസ് തച്ചുകുന്നേലിന്റെ പിതാവിന്റെ നിര്യാണത്തിൽ സി. സുഗുണയും കൗൺസിലേഴ്സും സിസ്റ്റേഴ്സും ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു.

❖ ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പുൽക്കൂട് മത്സരത്തിൽ നിർമൽറാണി പ്രൊവിൻഷ്യൽ ഹൗസ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

❖ ഡിസംബർ 25 മുതൽ 31 വരെ നിർമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന് വാർഷിക ധ്യാനം നടന്നു. 40 സിസ്റ്റേഴ്സ് പങ്കെടുത്ത ഈ ധ്യാനത്തിന് റവ. ഫാ. ജോസഫ് ഇടപ്പുളവൻ നേതൃത്വം നൽകി.

❖ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർമൽറാണി പ്രൊവിഷ്യൽ ഹൗസ് സന്ദർശിച്ച് ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും നിർമൽറാണി മക്കൾ ഒന്നുചേർന്ന് പിതാവിന് പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

❖ ഇടുക്കി രൂപതയുടെ നവ വൈദികർക്ക് നിർമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ ഉജ്ജ്വല സ്വീകരണം നൽകി. ഇടവക വികാരി റവ. ഫാ. ജോസ് നരിതൂക്കിൽ ആശംസകൾ അർപ്പിച്ചു. ആഘോഷമായ വിശുദ്ധ ബലിയും സ്നേഹവിരുന്നും ഈ ദിനത്തെ കൂടുതൽ മനോഹരമാക്കി.

❖ ഇടുക്കി രൂപതാ കാര്യാലയത്തിൽ വച്ച് നടത്തപ്പെട്ട സാമൂഹിക സൗഹൃദ മീറ്റിങ്ങിൽ സി. ബെന്നോ, സി. ആനി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

❖ SH കോൺഗ്രിഗേഷൻ അംഗമായ സി. ജാസ്മിന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണയും കൗൺസിലേഴ്സും ധാരാളം സിസ്റ്റേഴ്സും SH പ്രൊവിൻഷ്യൽ ഹൗസിലെത്തി അനുശോചനം അറിയിക്കുകയും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു.

❖ സി ജൂലി, സി. അമലു മരിയ, സി. അലീനിയ എന്നിവർ ജയിൽവാസികളായ നാല് വ്യക്തികളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും കൗൺസിലിംഗ് നടത്തുകയും ചെയ്തു.

❖ നിർമൽറാണിയുടെ സമുദ്ധാരണ കേന്ദ്രമായ മൈലപ്പുഴയിൽ സി. ജീസയുടെ നേതൃത്വത്തിൽ വയോജനങ്ങളുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും അവരുടെ പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ എന്നിവ ചർച്ച ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർധനരായ ഒരു കുടുംബത്തിന് ആടിനെ നൽകുകയും ചെയ്തു.

- ❖ ബഹു. മർക്കോസ് ചിറ്റേമാരി അച്ചന്റെ നിർദ്ദേശപ്രകാരം 150 ഓളം കുടുംബങ്ങൾ താമസിക്കുന്ന അടിമാലി ലൈഫ് മിഷൻ ഫ്ളാറ്റ് സിസ്റ്റേഴ്സ് സന്ദർശിക്കുകയും ഓരോ കുടുംബങ്ങളെയും വ്യക്തി പരമായി കണ്ട് അവർക്ക് ആവശ്യമായ മാർഗനിർദേശങ്ങളും മറ്റു സഹായങ്ങളും നൽകിവരികയും ചെയ്യുന്നു.
- ❖ പാലാരിവട്ടം POC ൽ വച്ച് നടത്തിയ 'ഇൻകം ടാക്സ്' സെമിനാറിൽ ഫിനാൻസ് കൗൺസിലർ സി. ബെന്നോ, ഫിനാൻസ് ഓഫീസർ സി. ആനി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.
- ❖ ഗോരഖ്പൂർ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു നെല്ലിക്കുന്നേൽ പിതാവിന് നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി. ഇടവക വികാരി റവ. ഫാ. ജോസ് നരിതൂക്കിൽ ഈ സ്വീകരണ പരിപാടികളിൽ സംബന്ധിച്ചു.
- ❖ മുരിക്കാശേരിയുടെ മുൻ വികാരി റവ. ഫാ. ജോർജ് കാര്യമഠം നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കുകയും ഭവനാംഗങ്ങൾ ഒന്നുചേർന്ന് അച്ചന് ഗോൾഡൻ ജൂബിലിയുടെ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.
- ❖ കുടുംബപ്രേഷിതത്വത്തിന്റെ ഭാഗമായി വാഴവര ഇടവകയിൽ സിസ്റ്റേഴ്സ് ഹോംമിഷൻ ആരംഭിച്ചു.
- ❖ നെടുങ്കണ്ടം ദൈവാലയത്തിന്റെ കൂദാശ കർമ്മത്തിലും അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിൽ പിതാവിന്റെ സ്വീകരണ സമ്മേളനത്തിലും പ്രൊവിഷ്യൽ സുപ്പീരിയർ സി. സുഗുണയും കൗൺസിലേഴ്സും ധാരാളം സിസ്റ്റേഴ്സും പങ്കെടുത്തു.
- ❖ ചെമ്പകപ്പാറ, ഇരട്ടയാർ എന്നീ ഇടവകകളിലെ മാതൃവേദി അംഗങ്ങൾക്ക് 'ബഹുമാനിക്കപ്പെടേണ്ട മാതൃത്വം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജീസ ക്ലാസ് എടുത്തു.

## 6. നസ്രത്ത് സന്ന്യാസിനീ സമൂഹം (CSN)

- ❖ മോർണിംഗ് സ്റ്റാർ ഹോസ്പിറ്റലും നേഴ്സിങ് സ്കൂളും ഒരുമിച്ച് ക്രിസ്തുമസ് പരിപാടി നടത്തി. വികാരിയച്ചൻ ഫാദർ ജോസഫ് കൊച്ചുകുന്നേൽ സന്ദേശം നൽകി.
- ❖ ക്രിസ്തുമസിന് പാലിയേറ്റീവിന് പോകുന്ന വീടുകളിൽ ഇടവകയോട് ചേർന്ന് കേക്കും സമ്മാനങ്ങളും നൽകി.

❖ അടിമാലിയിൽ നടന്ന എക്യുമെനിക്കൽ കരോൾ സോങ് മത്സരത്തിൽ മോണിംഗ് സ്റ്റാർ സ്കൂൾ ഓഫ് നഴ്സിംഗ് രണ്ടാം സ്ഥാനവും മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

❖ ഹോളി ഫാമിലിയുടെ തിരുനാൾ ആഘോഷമായ വിശുദ്ധ ബലിയോടും വ്രതം നവീകരണത്തോടും കൂടി ആഘോഷിച്ചു. അന്നേ ദിനം പാവപ്പെട്ട ഒരു കുടുംബത്തെ സഹായിച്ചു.

❖ ജൂണിയർ സിസ്റ്റേഴ്സ് ആലുവ ജനറലേറ്റ് ഭവനത്തിൽ ഡിസംബർ 26 മുതൽ നടത്തിയ ധ്യാനത്തിൽ സംബന്ധിച്ച് ജനുവരി ഒന്നിന് വ്രത നവീകരണം നടത്തി. പ്രൊവിൻഷ്യലേറ്റിൽ അവർക്ക് സ്വീകരണം നൽകി പ്രാർത്ഥിച്ച് സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

❖ ജനുവരി രണ്ടിന് സിൽവർ, ഗോൾഡൻ ജൂബിലിക്കാരായ സിസ്റ്റേഴ്സ് ജൂബിലി ഒരുക്കത്തിനായി ആലുവ ജനറലേറ്റ് ഭവനത്തിലേക്ക് പോയി.

❖ ജനുവരി 27 ന് ജനറലേറ്റിലും, ഫെബ്രുവരി മൂന്നിന് രാമല്ലൂർ പ്രൊവിൻഷ്യൽ ഹൗസിലും ജൂബിലി ആഘോഷിക്കും.

❖ ഡിസംബർ 31 ന് രാത്രി ആരാധനയോടെയും വർഷാവസാന വർഷാരംഭ പ്രാർത്ഥനയോടെയും 2024 നെ വരവേറ്റു. പരസ്പരം പുതുവർഷ ആശംസകൾ നേർന്ന് മധുരം വിളമ്പി.

❖ ആത്മജ്യോതിയിൽ വിവാഹ ഒരുക്ക കോഴ്സിന് Rev. Mother Lincy ക്ലാസ് എടുത്തു.

❖ ഇടുക്കി അരമനയിൽ ഗവൺമെന്റ് ഒഫീഷ്യൽസുമായി നടന്ന സമ്മേളനത്തിൽ Rev. Mother Lincy സംബന്ധിച്ചു.

❖ 2024 യുവജന വർഷമായി പ്രഖ്യാപിച്ചതിന്റെ ഉദ്ഘാടന ദിവസം ജനുവരി ഏഴിന് നഴ്സിംഗ് സ്കൂൾ സ്റ്റുഡൻസിനെയും ജൂണിയേഴ്സിനെയും ഒരുമിച്ചുകൂട്ടി കോൺവെന്റ് ചാപ്പലിൽ ആമുഖ സന്ദേശത്തോടെ സി. ജിതാ റോസ് പ്രാർത്ഥന നടത്തി. എല്ലാ യുവജനങ്ങളെയും പ്രതിനിധീകരിച്ച് അവർ പുഷ്പാർച്ചനയും നടത്തി. യുവജനവർഷ പ്രാർത്ഥനയോടെ സമാപിച്ചു.

❖ ജനുവരി 9 ന് ഇടുക്കി രൂപതയിലെ നവ വൈദികനായ ഫാ. ബെസ്റ്റോ മോർണിംഗ് സ്റ്റാർ ആസ്പത്രിയിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. സമൂഹം മംഗളം ആശംസിച്ചു.

- ജനുവരി 10 ന് രാവിലെ ആറുമണിക്ക് ഇടുക്കി രൂപതയിലെ 7 നവവൈദികർ ഒരുമിച്ച് മോണിംഗ് സ്റ്റാർ ആശുപത്രി ചാപ്പലിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. സമൂഹം മംഗളം ആശംസിച്ചു.
- CSN സ്ഥാപക പിതാവും എറണാകുളം അതിരൂപത പ്രഥമ മെത്രാപ്പോലീത്തയുമായ കണ്ടത്തിൽ മാർ അഗസ്റ്റിൻ മെത്രാപ്പോലീത്തയുടെ 68-ാം ചരമ വാർഷികം ജനറലേറ്റിലും എല്ലാ ഭവനങ്ങളിലും വിശുദ്ധ ബലിയോടെ ആചരിച്ചു.
- ജനുവരി 10 ന് 4.30 ന് നമ്മുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ തെരഞ്ഞെടുപ്പ് പ്രഖ്യാപനം ചെയ്ത സമയം ദൈവാലയമണി അടിച്ച് സമൂഹം ദൈവാലയത്തിൽ ഒന്നിച്ച് നന്ദിയുടെ പ്രാർത്ഥനയും ഗാനവും ആലപിച്ചു.
- മേജർ ആർച്ച് ബിഷപ്പിന്റെ സ്ഥാനരോഹണ ചടങ്ങിൽ സുപ്പിരീയർ ജനറൽ സംബന്ധിച്ചു. ഗായക സംഘത്തിൽ CSN സിസ്റ്റേഴ്സ് ലിസ് ജോസ്, വിമൽ റോസ്, ലിസ് തെരേസ് എന്നിവരും ഉണ്ടായിരുന്നു.
- അടിമാലി ഇടവകയിലെ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാളിന്റെ എല്ലാ പരിപാടികളിലും സിസ്റ്റേഴ്സ് പങ്കെടുത്തു. ടൗൺ പ്രദക്ഷിണത്തിൽ ആകാശ വിസ്മയം മോണിംഗ് സ്റ്റാറിന്റേതും ഉണ്ടായിരുന്നു. വൈകുന്നേരം നടന്ന കലാപരിപാടിയിൽ സ്കൂളിലെ നേഴ്സിങ് കുട്ടികളുടെ, പ്രയർ ഡാൻസ് ഉണ്ടായിരുന്നു.
- തിരുവനന്തപുരത്ത് നടന്ന പ്രിൻസിപ്പൽ സമ്മേളനത്തിൽ പ്രിൻസിപ്പൽ സി. ലിസ് റാണി സംബന്ധിച്ചു.
- കാഞ്ഞിരപ്പള്ളി രൂപതയിൽ വഞ്ചിമല ഇടവകയിൽ CSN Family Apostolate Team ഹോം മിഷൻ നടത്തി.
- CSN സിസ്റ്റേഴ്സ് നടത്തുന്ന നഴ്സറി മുതൽ പ്ലസ് ടു വരെയുള്ള സ്കൂളുകളിലെ എല്ലാ അധ്യാപകർക്കും വേണ്ടി രാമല്ലൂർ പ്രൊവിൻഷ്യൽ ഹൗസിൽ ഏകദിന സെമിനാർ നടത്തി.
- അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന് വേണ്ടി കൃതജ്ഞത ബലി അർപ്പിച്ചു പ്രാർത്ഥിച്ചു.

- ഇടുക്കി രൂപതയിലെ Bethlaham carithas മായി ചേർന്ന് എല്ലാ മാസാവസാന വെള്ളിയാഴ്ചകളിലും കീരിത്തോട് ഇടവക മാതൃവേദി അംഗങ്ങളും സിസ്റ്റേഴ്സും പൈനാവ് മെഡിക്കൽ കോളേജിലെയും ആയുർവേദ ആശുപത്രിയിലെയും രോഗികൾക്ക് അത്താഴം കൊടുക്കുന്നു.
- വീടിന്റെ അത്താണിയായ 40 വയസ്സുകാരൻ ഹൃദയസ്തംഭനം മൂലം മരിച്ചപ്പോൾ പണി പൂർത്തിയാകാതെ കിടന്ന വീട് കീരിത്തോട് ഇടവകയിലെ യുവജനങ്ങളും സിസ്റ്റേഴ്സും ചേർന്ന് പൂർത്തിയാക്കി കൊണ്ടിരിക്കുന്നു.
- ജനുവരി 13 ന് അഡ്വക്കേറ്റ് റേഞ്ച് കൊടുവത്ത് എഴുതിയ 'ദൈവശാസ്ത്രം' എന്ന പുസ്തക പ്രകാശനത്തിൽ ആശംസ അർപ്പിക്കാൻ മദർ ലിൻസി സന്നിഹിതയായിരുന്നു.
- മൈക്കിൾഗിരി സ്കൂളിലെ പാവപ്പെട്ട അഞ്ചു കുട്ടികൾക്ക് സ്പോൺസേഴ്സിനെ കണ്ടെത്തി അവർ ആ കുട്ടികളുടെ തുടർന്നുള്ള പഠനം മുഴുവൻ ഏറ്റെടുത്ത് ചെയ്യുന്നു.

## CJ. 07/24 10, 12 ക്ലാസുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷയെ സംബന്ധിച്ച അറിയിപ്പ്

| | |
|---|---|
| പരീക്ഷാ തീയതി | : ഏപ്രിൽ 5 വെള്ളി |
| സമയം | : 11.30 am to 1.00 pm |

**പഠിക്കേണ്ട ഭാഗങ്ങൾ**

- ❖ പാഠപുസ്തകത്തിലെ എല്ലാ അധ്യായങ്ങളും.
- ❖ ജപമാലയുടെ രഹസ്യങ്ങളും ലുത്തിനിയായും.
- ❖ മാർഗദീപം Vol 3 പാഠം 1 ൽ നിന്നു 10% ചോദ്യങ്ങൾ ഉണ്ടാകും.

**ചോദ്യ രീതികൾ**

- ❖ ഒറ്റ വാക്കിൽ ഉത്തരം എഴുതുക 10×1=10.
- ❖ ചേരുംപടി ചേർക്കുക 5×1=5.
- ❖ പത്താം ക്ലാസിലെ പാഠപുസ്തകത്തിൽ 'ഓർമ്മിക്കാൻ ഒരു തിരുവചനം' എന്ന ഭാഗത്തും പന്ത്രണ്ടാം ക്ലാസിലെ പാഠപുസ്തകത്തിൽ 'ഹൃദയം ദീപ്തമാക്കാം' എന്ന ഭാഗത്തും ഉൾപ്പെടുത്തിയിരിക്കുന്ന ദൈവവചനത്തിൽ നിന്ന് 5 എണ്ണം വീതം ചോദിക്കും. 5×2=10.
- ❖ രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുവാനുള്ളത് 5×2=10.
- ❖ ഉത്തരമെഴുതുക 3×5=15.

## CJ. 08/24 സൺഡേ സ്കൂൾ വിസിറ്റ്

- ❖ ഈ വർഷത്തെ സൺഡേ സ്കൂൾ വിസിറ്റ് നടത്തുന്നത് ഫെബ്രുവരി 18, 25, മാർച്ച് 3 എന്നീ തിയതികളിലാണ്.
- ❖ ഒരു സൺഡേ സ്കൂൾ HM മറ്റൊരു സൺഡേ സ്കൂൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ഒരു സൺഡേ സ്കൂളിലെ HM വിസിറ്റിന് പോകുമ്പോൾ ആ HM ന്റെ സൺഡേ സ്കൂളിലെ സ്റ്റാഫ് സെക്രട്ടറിയോ മറ്റാരെങ്കിലുമോ ഒപ്പം പോകുന്നത് ഉചിതമാണ്. കാരണം അവിടുത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുക മാത്രമല്ല അവിടെ ക്രിയാത്മകമായി നടക്കുന്ന പ്രവർത്ത

നങ്ങൾ കണ്ടു പഠിക്കുവാനും കൂട്ടായ ചർച്ചയിലൂടെ നല്ല ആശയങ്ങൾ സ്വീകരിക്കുവാനും സാധിക്കും.

- ❖ വിസിറ്റിനു വരുമ്പോൾ വണ്ടിക്കൂലിയും ഭക്ഷണവും കൊടുക്കുവാൻ ശ്രദ്ധിക്കണം.
- ❖ ഓരോ ഇടവകയിലും HM's പരസ്പരം ആലോചിച്ച് വികാരിയച്ചന്റെ സൗകര്യം കൂടി പരിഗണിച്ച് ഫെബ്രുവരി 18, 25 ഞായറാഴ്ചകളിലായി സന്ദർശനം നടത്തേണ്ടതാണ്. ആ ദിവസങ്ങളിൽ അസൗകര്യമുള്ളവർ മാർച്ച് 3 ഞായറാഴ്ച കൂടി പ്രയോജനപ്പെടുത്തുക.
- ❖ ഓരോ പള്ളിയിലേയ്ക്കും ഏതു പള്ളിയിലുള്ള HM ആണ് വരേണ്ടതെന്നും ഓരോ പള്ളിയിലെ HM സ്സും ഏതു പള്ളിയിലാണ് പോകേണ്ടത് എന്നും താഴെ തന്നിരിക്കുന്ന ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ ഒരു സൺഡേ സ്കൂളിൽ ചെല്ലുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ ചുരുളിയിൽ വച്ചു നടന്ന പ്രധാന അധ്യാപകരുടെ മീറ്റിംഗിൽ വ്യക്തമായി പറഞ്ഞു കൊടുത്തിട്ടുള്ളതാണ്.
- ❖ കുട്ടികളുടെ വിശുദ്ധ കുർബാനയ്ക്ക് 30 മിനിറ്റ് മുമ്പ് എങ്കിലും പള്ളിയിൽ എത്തുക. പള്ളിയിൽ കയറി പ്രാർത്ഥിച്ചതിനു ശേഷം വികാരിയച്ചനെ കാണുക. സൺഡേ സ്കൂൾ ക്ലാസുകൾ നടക്കുമ്പോൾ നിങ്ങൾക്ക് സാധിക്കുന്ന ഏതെങ്കിലും ഒന്നോ രണ്ടോ ക്ലാസുകളിൽ 10 മിനിറ്റു കൊണ്ട് സന്ദർശനം നടത്തുക. ബാക്കി സമയം കൊണ്ട് രജിസ്റ്ററുകൾ പരിശോധിക്കുക. (ആവശ്യമെങ്കിൽ സൺഡേ ക്ലാസിനു മുൻപേ രജിസ്റ്ററുകൾ പരിശോധിക്കാവുന്നതാണ്).
- ❖ മികച്ച സൺഡേ സ്കൂളുകളെ തിരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കുന്നതാണ് : ഇടവകയിൽ നിന്നും നൽകുന്ന റിപ്പോർട്ട്, വിസിറ്റിങ്ങിന് വരുന്ന HM നൽകുന്ന റിപ്പോർട്ട്, ക്രിസ്തുജ്യോതി ന്യൂസ് (വാട്സ്ആപ്പ് ഗ്രൂപ്പ്) വഴിയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ഇടവകയിലെ പ്രവർത്തനങ്ങൾ അറിയുന്നതിലൂടെയും.

ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാരുടെ സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിക്കുന്നു.

| വിസിറ്റിന് വരുന്ന HM | | | | | വിസിറ്റിന് പോകേണ്ട പള്ളി |
|---|---|---|---|---|---|
| **CHURULY** | | | | | |
| Pazhayarikandam | ⇨ | 1 | **Alpara** | ⇨ | Mukkudam |
| Parathodu | ⇨ | 2 | **Churuly** | ⇨ | Murickassery |
| Upputhodu | ⇨ | 3 | **Kanjikuzhy** | ⇨ | Karimpan |
| Venmony | ⇨ | 4 | **Keerithodu** | ⇨ | Adimaly |
| Panamkutty | ⇨ | 5 | **Pazhayarikandam** | ⇨ | Alpara |
| Fr. Asst. Director | ⇨ | 6 | **Thattekkanni** | ⇨ | |
| Karimpan | ⇨ | 7 | **Venmony** | ⇨ | Keerithodu |
| **ERATTAYAR** | | | | | |
| Mavady | ⇨ | 8 | **Bethel** | ⇨ | Kallupalam |
| Compayar | ⇨ | 9 | **Chempakappara** | ⇨ | Mulakaramedu |
| Mailadumpara | ⇨ | 10 | **Eattithope** | ⇨ | Mavady |
| Thankamany | ⇨ | 11 | **Erattayar** | ⇨ | Nedumkandam |
| Kanchiyar | ⇨ | 12 | **Ezhukumvayal** | ⇨ | Udayagiri |

| | | | | | |
|---|---|---|---|---|---|
| Thovarayar | ⇨ | 13 | **Koombanmala** | ⇨ | Snehagiri |
| Manjappara | ⇨ | 14 | **Nankuthotty** | ⇨ | Kozhimala |
| Kozhimala | ⇨ | 15 | **Nazarathuvali** | ⇨ | Pezhumkandam |
| Manjapatty | ⇨ | 16 | **Ponnamala** | ⇨ | Kailasam |
| Kamakshy | ⇨ | 17 | **Santhigram** | ⇨ | Nellippara |
| Pezhumkandam | ⇨ | 18 | **Vazhavara** | ⇨ | Kanchiyar |
| | | | **KOOMPANPARA** | | |
| Keerithodu | ⇨ | 19 | **Adimaly** | ⇨ | Kurusupara |
| Thannikandam | ⇨ | 20 | **Ayiramekkar** | ⇨ | Panamkutty |
| Kallarkutty | ⇨ | 21 | **Irumpupalam** | ⇨ | Thokkupara |
| Anakulam | ⇨ | 22 | **Kallar** | ⇨ | Ellackal |
| Rajakkad | ⇨ | 23 | **Koompanpara** | ⇨ | Mankulam |
| Chelliyampara | ⇨ | 24 | **Machiplavu** | ⇨ | Kallarkutty |
| Maryland | ⇨ | 25 | **Mankadavu** | ⇨ | Panniyarkutty |
| Irumpupalam | ⇨ | 26 | **Thokkupara** | ⇨ | Chemmanar |

| | | | | | |
|---|---|---|---|---|---|
| | | | **KUNCHITHANNY** | | |
| Kanthipara | ⇨ | 27 | **Anachal** | ⇨ | Anakulam |
| Ellackal | ⇨ | 28 | **Bisonvalley** | ⇨ | Kuthupara |
| Kallar | ⇨ | 29 | **Ellakal** | ⇨ | Bisonvally |
| Mankulam | ⇨ | 30 | **Kunchithanny** | ⇨ | Vellathooval |
| Josegiri | ⇨ | 31 | **Maryland** | ⇨ | Mankadavu |
| Murickumthotty | ⇨ | 32 | **Muttukad** | ⇨ | Ponmudy |
| Ponmudy | ⇨ | 33 | **Alphonsa Nagar** | ⇨ | Vattappara |
| Kuttupara | ⇨ | 34 | **Pottenkad** | ⇨ | Josegiri |
| | | | **NEDUMKANDAM** | | |
| Karithodu | ⇨ | 35 | **Chembalam** | ⇨ | Thookkupalam |
| Bethel | ⇨ | 36 | **Kallupalam** | ⇨ | Manjappara |
| Sleevamala | ⇨ | 37 | **Karithodu** | ⇨ | Chempalam |
| Palar | ⇨ | 38 | **Kattakkala** | ⇨ | Kombayar |
| Kattakkala | ⇨ | 39 | **Kombayar** | ⇨ | Chemapakapara |
| Panickankudy | ⇨ | 40 | **Mailadumpara** | ⇨ | Eattithope |
| Kallupalam | ⇨ | 41 | **Manjappara** | ⇨ | Nankuthotty |

| | | | | | |
|---|---|---|---|---|---|
| Thookkupalam | ⇨ | 42 | **Manjappetty** | ⇨ | Ponnamala |
| Eattithope | ⇨ | 43 | **Mavady** | ⇨ | Bethel |
| Erattayar | ⇨ | 44 | **Nedumkandam** | ⇨ | Rajakkad |
| Chemmanar | ⇨ | 45 | **Pachady (Nazareth)** | ⇨ | Sleevamala |
| Kailasam | ⇨ | 46 | **Palar** | ⇨ | Kattakala |
| | ⇨ | 47 | **Pushpakandam** | ⇨ | |
| Chempalam | ⇨ | 48 | **Thookkupalam** | ⇨ | Manjapetty |
| | | | **MANKULAM** | | |
| Anachal | ⇨ | 49 | **Anakulam** | ⇨ | Kallar |
| Kurisupara | ⇨ | 50 | **Georgiar** | ⇨ | Chlliyampara |
| Adimaly | ⇨ | 51 | **Kurisupara** | ⇨ | Georgiar |
| Fr. Ass.Director | ⇨ | 52 | **Korandikad** | ⇨ | |
| Koompanpara | ⇨ | 53 | **Mankulam** | ⇨ | Kunchithanny |
| Fr. Ass.Director | ⇨ | 54 | **Munnar** | ⇨ | |
| Fr. Ass.Director | ⇨ | 55 | **Sahayagiri** | ⇨ | |
| | | | **MURICKASSERY** | | |
| Mulakuvally | ⇨ | 56 | **Josepuram** | ⇨ | Antopuram |

| | | | | | |
|---|---|---|---|---|---|
| Udayagiri | ⇨ | 57 | **Kiliyarkandam** | ⇨ | Bhoomiyamkulam |
| Churuly | ⇨ | 58 | **Murickassery** | ⇨ | Vazhathope |
| Thoparmkudy | ⇨ | 59 | **Perinchamkutty** | ⇨ | Panickankudy |
| Mukkudam | ⇨ | 60 | **Rajamudy** | ⇨ | Mankuva |
| Snehagiri | ⇨ | 61 | **Rajapuram** | ⇨ | Neelivayal |
| Mariyapuram | ⇨ | 62 | **Upputhodu** | ⇨ | Kanjikuzhy |
| Chinnarnirapu | ⇨ | 63 | **Vathikudy** | ⇨ | Kuthirakallu |
| | | | **PARATHODU** | | |
| Mankuva | ⇨ | 64 | **Chinnarnirappu** | ⇨ | Vathikudy |
| Rajamudy | ⇨ | 65 | **Mankuva** | ⇨ | Chennarnirapu |
| Alpara | ⇨ | 66 | **Mukkudam** | ⇨ | Rajamudy |
| Ayiramekkar | ⇨ | 67 | **Panamkutty** | ⇨ | Pazhayarikandam |
| Rajakumary | ⇨ | 68 | **Panickankudy** | ⇨ | Mailadumpara |
| Ponnamala | ⇨ | 69 | **Kailasam** | ⇨ | Palar |
| Vellathooval | ⇨ | 70 | **Parathodu** | ⇨ | Churuly |
| | | | **RAJAKAD** | | |
| Thokkupara | ⇨ | 71 | **Chemannar** | ⇨ | Pachady |

| | | | | | |
|---|---|---|---|---|---|
| Pottenkad | ⇨ | 72 | **Josegiri** | ⇨ | Maryland |
| Vattappara | ⇨ | 73 | **Kanthippara** | ⇨ | Anachal |
| | ⇨ | 74 | **Karimala** | ⇨ | |
| Panniyarkutty | ⇨ | 75 | **Murickumthotty** | ⇨ | Muttukad |
| Nedumkandam | ⇨ | 76 | **Rajakad** | ⇨ | Koompanpara |
| Perichamkutty | ⇨ | 77 | **Rajakumari** | ⇨ | Panickankudy |
| Alphonsanagar | ⇨ | 78 | **Vattappara** | ⇨ | Kanthipara |
| Pachady | ⇨ | 79 | **Sleevamala** | ⇨ | Karithodu |
| | | | **THANKAMANY** | | |
| Narakakkanam | ⇨ | 80 | **Kamakshi** | ⇨ | Santhigram |
| Karikkumtholam | ⇨ | 81 | **Kanakakunnu** | ⇨ | Thannikandam |
| Maniyaramkudy | ⇨ | 82 | **Karikkumtholam** | ⇨ | Kanakakunnu |
| Rajapuram | ⇨ | 83 | **Neelivayal** | ⇨ | Vimalagiri |
| Santhigram | ⇨ | 84 | **Nellippara** | ⇨ | Calvarymount |
| Vimalagiri | ⇨ | 85 | **Pandippara** | ⇨ | Maniyaramkudy |
| Koompanmala | ⇨ | 86 | **Snehagiri** | ⇨ | Rajapuram |
| Vallayamkudy | ⇨ | 87 | **Thankamany** | ⇨ | Erattayar |

| | | | | | |
|---|---|---|---|---|---|
| Bhoomiyamkulam | ⇨ | 88 | **Thopramkudy** | ⇨ | Perichamkutty |
| Ezhukumvayal | ⇨ | 89 | **Udayagiri** | ⇨ | Kiliyarkandam |
| | | | **VAZHATHOPE** | | |
| Josepuram | ⇨ | 90 | **Antopuram** | ⇨ | Idukki |
| Kiliyarkandam | ⇨ | 91 | **Bhoomiyamkulam** | ⇨ | Thoparmkudy |
| Antopuram | ⇨ | 92 | **Idukki** | ⇨ | Narakakkanam |
| Kanjikuzhy | ⇨ | 93 | **Karimpan** | ⇨ | Venmony |
| Vathikudy | ⇨ | 94 | **Kuthirakkallu** | ⇨ | Painavu |
| Fr.Ass.Director | ⇨ | 95 | **Lower Kulamavu** | ⇨ | |
| Pandipara | ⇨ | 96 | **Maniyarankudy** | ⇨ | Karikkumtholam |
| Calvarymount | ⇨ | 97 | **Mariyapuram** | ⇨ | Upputhodu |
| Painavu | ⇨ | 98 | **Mulakuvally** | ⇨ | Josepuram |
| Kuthirakallu | ⇨ | 99 | **Painavu** | ⇨ | Mulakuvally |
| Kanakakunnu | ⇨ | 100 | **Thannikakandam** | ⇨ | Ayiramekkar |
| Murickassery | ⇨ | 101 | **Vazhathope** | ⇨ | Vellayamkudy |
| Neelivayal | ⇨ | 102 | **Vimalagiri** | ⇨ | Pandipara |

| | | | | | |
|---|---|---|---|---|---|
| | | **VELLATHOOVAL** | | | |
| Georgiar | ⇨ | 103 | **Chelliampara** | ⇨ | Machiplavu |
| Machiplavu | ⇨ | 104 | **Kallarkutty** | ⇨ | Irumbupalam |
| Bisonvally | ⇨ | 105 | **Kuthupara** | ⇨ | Pottenkad |
| Mankadavu | ⇨ | 106 | **Panniyarkutty** | ⇨ | Murikkumthotty |
| Muttukad | ⇨ | 107 | **Ponmudy** | ⇨ | Alphonsanagar |
| Kunchithanny | ⇨ | 108 | **Vellathooval** | ⇨ | Parathodu |
| | | **VELLAYAMKUDY** | | | |
| Nellipara | ⇨ | 109 | **Calvary Mount** | ⇨ | Mariyapuram |
| Vazhavara | ⇨ | 110 | **Kanchiyar** | ⇨ | Ezhukumvayal |
| Nankuthotty | ⇨ | 111 | **Kozhimala** | ⇨ | Nazharathuvally |
| Chempakapara | ⇨ | 112 | **Mulakaramedu** | ⇨ | Thovarayar |
| Idukki | ⇨ | 113 | **Narakakkanam** | ⇨ | Kamakshi |
| Nazarathuvally | ⇨ | 114 | **Pezhumkandam** | ⇨ | Vazhavara |
| Mulakaramedu | ⇨ | 115 | **Thovarayar** | ⇨ | Koompanmala |
| Vazhathope | ⇨ | 116 | **Vellayamkudy** | ⇨ | Thankamany |

## Edn. 07/24 സ്നേഹസംഗമം

2023-24 അധ്യയന വർഷത്തെ നമ്മുടെ അധ്യാപക - അനധ്യാപക സ്നേഹസംഗമം ഫെബ്രുവരി മാസം 10-ാം തീയതി (ശനി) രാവിലെ 9 മണി മുതൽ മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നു. ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ, വികാരി ജനറാൾമാരായ മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ. അബ്രാഹം പുറയാറ്റ്, മോൺ ജോസ് കരിവേലിക്കൽ എന്നിവർ പങ്കെടുക്കുന്ന സംഗമത്തിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, (പ്രൊഫസർ പൗരസ്ത്യ വിദ്യാപീഠം, വടവാതുർ) മുഖ്യപ്രഭാഷണം നടത്തുന്നു. ഈ സംഗമത്തിൽ രൂപതയിലെ മുഴുവൻ സ്കൂളുകളിലെയും എല്ലാ അധ്യാപക - അനധ്യാപകരും പങ്കെടുക്കണം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

## Edn. 08/24 ട്രോഫികൾ

കഴിഞ്ഞ അധ്യയനവർഷം വിവിധ മത്സര ഇനങ്ങളിൽ വിജയികൾക്ക് വിതരണം ചെയ്ത ട്രോഫികൾ ഫെബ്രുവരി മാസം 15-ാം തീയതിക്കു മുമ്പായി രൂപതാ വിദ്യാഭ്യാസ ഓഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## Edn. 09/24 സ്കൂൾ സന്ദർശനം

നമ്മുടെ സ്കൂളുകളുടെ റിപ്പോർട്ടുകൾ പരിശോധിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി 2023-24 അധ്യയനവർഷത്തെ മികച്ച സ്കൂളുകളെ കണ്ടെത്തുന്നതിനായി രൂപതാ ഓഫീസിൽ നിന്നും ഒരു സംഘം ഫെബ്രുവരി മാസത്തിൽ സ്കൂളുകൾ സന്ദർശിക്കുന്നതാണ്. ഈ അവസരത്തിൽ അവർക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കി സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**PCM. 08/24** **21/12/2023 ക്വിസ് മത്സരം**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ National Mathematics Day യോട് അനുബന്ധിച്ച് Mathematics ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു.

**PCM. 09/24** **30/12/23 പൂർവവിദ്യാർത്ഥി സംഗമം**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ 1991-1993 ബാച്ചിന്റെ പൂർവവിദ്യാർത്ഥി സംഗമം 'reunion 2023' നടത്തി.

**PCM. 10/24** **10/01/24 ഇതാണ് ഞങ്ങൾ പറഞ്ഞ നടൻ**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ അഭിനയ മത്സരം 'ഇതാണ് ഞങ്ങൾ പറഞ്ഞ നടൻ' സംഘടിപ്പിച്ചു.

**PCM. 11/24** **10/01/24 Leeja Jose Memorial Quiz Competition**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ കെമിസ്ട്രി ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ മിസ്സ് ലീജ മെമ്മോറിയൽ ക്വിസ് competition നടത്തി.

**PCM. 12/24** **16/01/24 National Startup Day**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ ED Club ന്റെ നേതൃത്വത്തിൽ National Startup Day യുടെ ഭാഗമായി ഓൺലൈൻ ക്വിസ് കോമ്പറ്റിഷൻ സംഘടിപ്പിച്ചു.

**PCM. 13/24** **18/1/24 യുവ ദിവസ്**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ NSS ന്റെ നേതൃത്വത്തിൽ യുവ ദിവസ് എന്നപേരിൽ യുവജനങ്ങൾക്കായി വിവിധ കല പരിപാടികൾ സംഘടിപ്പിച്ചു.

## MSC. 05/24 ബുക്ക് ഡൊണേഷൻ ക്യാമ്പയൻ

കോളേജ് ലൈബ്രറിയുടെ വിപുലീകരണാർത്ഥം 05/12/2023 മുതൽ 22/12/2023 വരെ പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ചു. ലൈബ്രേറിയൻ കുമാരി ശാരിക തോമസ് ബുക്ക് ക്യാമ്പയന് നേതൃത്വം നൽകി.

## MSC. 06/24 ഫെസ്റ്റിവ് ഫിയസ്റ്റ

ലോകത്തെ രക്ഷിക്കാനായി മനുഷ്യനായി പിറന്ന ദൈവകുമാരന്റെ ജന്മദിനത്തിന്റെ ഓർമ്മകൾ ഉണർത്തുന്ന ക്രിസ്തുമസ് ആഘോഷം ഫെസ്റ്റിവ് ഫിയസ്റ്റ 22/12/2023 വെള്ളിയാഴ്ച കോളേജ് യൂണിയൻ, എൻ.സി.സി, എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഡിപ്പാർട്ട്മെന്റ് തലത്തിൽ 'ജീവിക്കുന്ന പുൽക്കൂട്', ക്രിസ്തുമസ് പാപ്പ, ക്രിസ്തുമസ് ഗാനം എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. എൻ.സി.സി. ഓഫീസർ ലഫ്. എബിൻ മാത്യു സെബാസ്റ്റ്യൻ പ്രോഗ്രാമിന് നേതൃത്വം നൽകി.

## MSC. 07/24 ക്യാമ്പസ് ക്ലീനിംഗ്

എൻ.എസ്.എസ്. യൂണിറ്റ് 23/12/2023 ശനിയാഴ്ച ക്യാമ്പസ് ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി ക്യാമ്പസ് ക്ലീനിംഗ് സംഘടിപ്പിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ റോണി വി.ജെ., മെർളിൻ മരിയ ജോസ് എന്നിവർ നേതൃത്വം നൽകി.

## MSC. 08/24 കമ്പനി വിസിറ്റിംഗ്

രണ്ടാം വർഷ വിദ്യാർഥികൾക്കായുള്ള കമ്പനി വിസിറ്റ് 05/01/2024 ൽ കൊമേഴ്സ് വിഭാഗവും, 19/01/2024 ൽ മാനേജ്മെന്റ് വിഭാഗവും സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവിമാരായ നിബു തോമസ്, ശ്രീമതി ബിൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി.

## MSC. 09/24 കൈയ്യെഴുത്തു മാഗസിൻ വിസ്മയം

ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് തലത്തിൽ കൈയ്യെഴുത്തു മാഗസിൻ മത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ ഒന്നാം

സ്ഥാനം മൂന്നാം വർഷ ബി.സി.എ. ക്ലാസ്സും, രണ്ടാം സ്ഥാനം മൂന്നാം വർഷ ബി.എസ്.സി ജിയോളജി ക്ലാസ്സും, മൂന്നാം സ്ഥാനം ഒന്നാം വർഷ ബി.സി.എ. ക്ലാസ്സും കരസ്ഥമാക്കി.

## MSC. 10/24 വർക്ക്ഷോപ്പ്

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സെക്കന്റ് ഇയർ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്കും അവസാന വർഷ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥികൾക്കുമായി 'സ്കോപ്പ് ഓഫ് സോഷ്യൽ വർക്ക് ഇൻ എബ്രോഡ് 'എന്ന വിഷയത്തിൽ ജനുവരി 16ന് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഫോർട്ട്ഡ്രസ്റ്റ് ഇന്റർനാഷണൽ കരിയർ കൗൺസിലർ ശ്രീ. ജോബിൻ ജോൺ, വർക്ക്ഷോപ്പ് നയിച്ചു. സോഷ്യൽ വർക്ക് അസോസിയേഷൻ ഇൻചാർജ് അസിസ്റ്റന്റ് പ്രൊഫസർ സെബാസ്റ്റ്യൻ മാത്യു നേതൃത്വം നൽകിയ പരിപാടിയിൽ മുപ്പതോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## MSC. 11/24 പഠനയാത്ര

കൊമേഴ്സ് വിഭാഗം മൂന്നാം വർഷ വിദ്യാർഥികളുടെ പഠനയാത്ര 18/01/2024 മുതൽ 21/01/2024 വരെ കൂർഗ്, മൈസൂർ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

# സോഷ്യൽ സർവ്വീസ്

## SS 05/24 ലാപ്ടോപ്പ് വിതരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷന്റെ സഹായത്തോടെ വിദ്യാർഥികൾക്കായി പഠനോപകരണമായ ലാപ്ടോപ്പുകളുടെ മൂന്നാംഘട്ട വിതരണം നടത്തി. 41000 രൂപ വിലവരുന്ന HP ലാപ്ടോപ്പുകൾ 50% സാമ്പത്തിക സഹായത്തോടെ 20000 രൂപയ്ക്ക് ആണ് വിതരണം ചെയ്തത്. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ സ്വാഗതം ആശംസിച്ച പരിപാടിയിൽ എസ്.എച്ച്.ജി. ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് അദ്ധ്യക്ഷ്യം വഹിക്കുകയും നാഷണൽ എൻ.ജി.ഒ. കോൺഫെ

ഡറേഷൻ ദേശീയ കോർഡിനേറ്റർ ശ്രീ. അനന്ദു കൃഷ്ണൻ ലാപ്പ്ടോപ്പുകളുടെവിതരണോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീമതി സുമ അനിൽ കുമാർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കോർഡി നേറ്റർ ശ്രീമതി ആലീസ് വർഗ്ഗീസ് ആശംസ അറിയിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 40 ഓളം വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.

## SS 06/24 സ്ത്രീ സുരക്ഷ, ആരോഗ്യം, ക്ഷേമം – സെമിനാർ

യു.എൻ.വുമൺ, ബിന്ദി ഇന്റർനാഷണൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സംഘടനകളുടെ സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി സ്ത്രീ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലൂടെ സെമിനാറുകൾ സംഘടിപ്പിച്ചു. കരിമ്പൻ, കിളിയാർകണ്ടം, മറയൂരിലെ ഇന്ദിരാനഗർ, ആലാംപെട്ടികുടി എന്നിവിടങ്ങളിലാണ് സെമിനാറുകൾ നടത്തിയത്. സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, എസ്.എച്ച്.ജി. ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, പ്രോജക്ട് കോർഡിനേറ്ററായ ശ്രീ. ബിജോ ഇളംതുരുത്തിയിൽ, ശ്രീമതി ആഗ്നസ് മാത്യു, ശ്രീ. എബിൻ കുറുന്താനത്ത്, ബിന്ദി ഇന്റർനാഷണൽ, WSS പ്രതിനിധികൾ എന്നിവർ സെമിനാറുകൾക്ക് നേതൃത്വം നല്കി.

## SS 07/24 തേനീച്ച കൃഷി പരിശീലനപരിപാടി

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ തേനീച്ച കൃഷി ചെയ്യുവാൻ ആഗ്രഹിക്കുന്ന കർഷകർക്കായി തേനീച്ച വളർത്തൽ പരിശീലനപരിപാടി സംഘടിപ്പിച്ചു. കഞ്ഞിക്കുഴി ഗ്രീൻ ഹൈറേഞ്ച് കമ്പനി ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ പരിശീലനപരിപാടിഎസ്.എച്ച്.ജി. ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതികുഞ്ഞമ്മ തോമസ് ഉദ്ഘാടനം ചെയ്തു. കമ്പനി ചെയർമാൻ ശ്രീ. റോയ് തോമസ് അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ നബാർഡ് DDM ശ്രീ. അജീഷ് ബാലു മുഖ്യപ്രഭാഷണം നടത്തി. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി പ്രോഗ്രാം ഓഫീ

സർ ശ്രീ. സിബി മാളിയേക്കൽ വിഷയാവതരണം നടത്തി. 15 ദിവസം നീണ്ടു നിൽക്കുന്ന പ്രാക്ടിക്കൽ സെഷനുകളും തിയറി ക്ലാസ്സുകളും, എക്സ്പോഷർ വിസിറ്റും ഒരുക്കിയിരിക്കുന്നു. ആദ്യഘട്ട പരിശീലനത്തിൽ 36 പേരാണ് പങ്കെടുക്കുന്നത്.

## SS 08/24 ചൂല് നിർമ്മാണ പരിശീലനപരിപാടി

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ മറയൂർ ആദിവാസി മേഖലകളിലെ സ്ത്രീകൾക്ക് സ്വയം തൊഴിലിലൂടെവരുമാനം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ചൂല് നിർമ്മാണ പരിശീലന പരിപാടി നടത്തി. ആദിവാസി മേഖലയിൽ സുലഭമായി ലഭിക്കുന്ന പുല്ലുകൾ ഉപയോഗിച്ച് ചൂല് നിർമ്മിക്കുന്ന പരിശീലനമാണ് നല്കിയത്. 15 ദിവസം നീണ്ടുനിന്ന പരിശീലനത്തിൽ 50 സ്ത്രീകൾ പങ്കെടുത്തു. ഇവർ തയ്യാറാക്കിയ ചൂലുകൾ ഗിരിജ്യോതി ഫാർമർ പ്രൊഡ്യൂസർ കമ്പനി വഴി വിറ്റഴിക്കാനാണ് സൊസൈറ്റി തീരുമാനിച്ചിരിക്കുന്നത്. സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, ശ്രീ. ബിജോ ഇളംതുരുത്തിയിൽ, ശ്രീ. എബിൻ കുറുന്താനത്ത് എന്നിവർ നേതൃത്വം നല്കി.

## SS 09/24 സെൻട്രൽ കമ്മറ്റി മീറ്റിംഗ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ഗിരിജ്യോതി ഫെഡറേഷന്റെ സെൻട്രൽ കമ്മറ്റി മീറ്റിംഗ് 15/01/2024 ൽ സൊസൈറ്റി ഓഫീസിൽ വച്ച് കൂടുകയുണ്ടായി. ഫെഡറേഷനുകളുടെ നിലവിലുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. മാത്യു തടത്തിൽ വിലയിരുത്തി. തുടർന്ന് സൊസൈറ്റിയിൽ നിലവിലുള്ള പ്രോജക്ടുകളെക്കുറിച്ച് സംസാരിച്ചു. യൂണിറ്റുകളെ 4 മേഖലകളായി തിരിക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

## SS 10/24 TDF മോണിറ്ററിംഗ് വിസിറ്റ്

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നടപ്പിലാക്കുന്ന ട്രൈബൽ ഡെവലെപ്മെന്റ് പദ്ധതിയുടെ മോണിറ്ററിംഗ് വിസിറ്റ് ജനുവരി 15, 16 തീയതികളിൽ മറയൂരിൽ വച്ച് നടന്നു.എക്സ്റ്റേണൽ ഏജൻസിയിൽ നിന്നുള്ള ശ്രീ. റ്റിറ്റോ ആണ് വിസിറ്റ് നടത്തിയത്.

## KCSL 04/24 109-ാമത് KCSL സംസ്ഥാന കലോത്സവം

കേരള കാത്തലിക് സ്റ്റുഡൻസ് ലീഗ് 109-ാമത് സംസ്ഥാന കലോത്സവം മാവേലിക്കര രൂപതയിലെ നങ്ങ്യാർകുളങ്ങര ബദനി സെൻട്രൽ സ്കൂളിൽ വച്ച് ജനുവരി 12, 13 തീയതികളിൽ വർണ്ണാഭ മായി നടത്തപ്പെട്ടു. കലാപ്രതിഭകളായ കുട്ടികളുടെ നൈസർഗിക വാസനകൾ താളാത്മകമായി വേദികളിൽ ഉത്സവം തീർത്തപ്പോൾ സുവിശേഷ മൂല്യങ്ങളും ജീവിത മൂല്യങ്ങളും സമൂഹത്തിന് മുൻ പിൽ തെളിയിച്ചുകാട്ടിയ ദിനങ്ങളായിരുന്നു. സ്കൂൾതലം, രൂപതാ തലം എന്നീ വേദികൾ പിന്നിട്ട് സംസ്ഥാന കലാവേദിയിൽ കുട്ടിക ളുടെ കഴിവുകൾ മാറ്റുരച്ചപ്പോൾ ക്രൈസ്തവ കലാമൂല്യങ്ങളിലൂടെ വിശ്വാസപ്രഘോഷത്തിന് പുതിയ മാനം കുറിച്ചു. 20 ൽ പരം രൂപത കളിൽ നിന്നായി ആയിരത്തിലേറെ കുട്ടികൾ തങ്ങളുടെ കലാശേ ഷിയെ പകർന്നാടിയപ്പോൾ 350 പോയിന്റോടെ ചങ്ങനാശ്ശേരി അതി രൂപത ഒന്നാം സ്ഥാനവും 325 പോയിന്റോടെ ഇടുക്കി രൂപത രണ്ടാം സ്ഥാനവും 286 പോയിന്റോടെ കോതമംഗലം രൂപത മൂന്നാം സ്ഥാ നവും കരസ്ഥമാക്കി. യു.പി. വിഭാഗത്തിൽ ഇടുക്കി രൂപത 103 പോയി ന്റോടെ ഓവറോൾ നേടിയെടുത്തത് അഭിമാനകരവും ആനന്ദദായ കവുമായ നിമിഷങ്ങളായിരുന്നു. മാവേലിക്കര രൂപതയുടെ ഇടയശ്രേ ഷ്ഠൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് വിജയികൾക്ക് ട്രോഫി കൾ വിതരണം ചെയ്തു. ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, അധ്യാപകർ വിദ്യാർഥികൾ ഇവർ ഒന്നുചേർന്ന ഈ മഹാസമ്മേളനം ദൈവരാജ്യ പ്രഘോഷത്തിന്റെ നലംതികഞ്ഞ വേദിയായിരുന്നു. മലയോര കർ ഷക മേഖലയുടെ അഭിമാനവും ജീവനുമായ ഇടുക്കി രൂപത മികച്ച പല രൂപതകളെയും പിന്നിലാക്കി ഉന്നത വിജയം കരസ്ഥമാക്കിയ തിൽ നമുക്ക് അഭിമാനിക്കാം. ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ, ഡയറക്ടർ ഫാ. അമൽ മണിമലക്കുന്നേൽ, ആനി മേറ്റർ സി. സ്റ്റെല്ല മനയ്ക്കപ്പറമ്പിൽ എസ്.എച്ച്, പ്രസിഡന്റ് ശ്രീ. മനോജ് ചാക്കോ, മറ്റു ഭാരവാഹികൾ എന്നിവരുടെ ക്രിയാത്മകവും കർമ്മനിരതവുമായ പ്രവർത്തനങ്ങളാണ് ഈ വിജയത്തിന് നക്ഷത്ര

ത്തിളക്കമേകിയത്. വിശ്വാസം, പഠനം, സേവനം എന്നീ മുദ്രാവാക്യങ്ങളുടെ സ്വർഗീയ ചിറകുകളിൽ കെ.സി.എസ്.എൽ. എന്ന സംഘടന ജൈത്രയാത്ര തുടരട്ടെ.

### KCSL 05/24 KCSL എൽ.പി. വിഭാഗം രൂപതാ കലോത്സവം

2024 ഫെബ്രുവരി 17-ാം തീയതി മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് എൽ.പി. വിഭാഗം കുട്ടികൾക്കായുള്ള രൂപതാ കലോത്സവം നടത്തപ്പെടുന്നതാണ്.

## തിരുബാലസഖ്യം

### HC 03/24 രൂപത കലോത്സവം

ജനുവരി 13-ാം തീയതി അടിമാലി കാർമ്മൽഗിരി കോളേജിൽ വച്ച് നടന്ന രൂപതാ കലോത്സവത്തിൽ കൂമ്പൻപാറ മേഖല ഒന്നും രാജാക്കാട് മേഖല രണ്ടും മുരിക്കാശ്ശേരി മേഖല മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും. രൂപതാ മത്സരം മനോഹരമാക്കാൻ സഹായിച്ച എല്ലാ മേഖല ആനിമേറ്റേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. മത്സരത്തിനായി കുഞ്ഞുങ്ങളെ ഒരുക്കി പരിശീലനം നൽകിയ എല്ലാ ശാഖാ ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും മത്സരത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങൾക്കും തിരുബാലസഖ്യം കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനകളും നേരുന്നു.

### HC 04/24 തിരുബാല സഖ്യം രൂപതാ കലോത്സവം വിജയികൾ

<u>പ്രസംഗം</u>

**സബ് ജൂണിയർ**

Ist ആരോൺ ജോബി ആറക്കാട്ട് വെൺമണി
IInd ജൂവൽ മരിയ രഞ്ചു മുരിക്കുംതൊട്ടി
IIIrd അലീമിയ ഷൈബു കാൽവരി മൗണ്ട്

**ജൂണിയർ വിഭാഗം**

Ist ജോൺ പോൾ റെന്നി മച്ചിപ്ലാവ്

II$^{nd}$ ആൻവിയ ബെഥേൽ
III$^{rd}$ ദാവീത് മാത്യു നെടുങ്കണ്ടം

**സീനിയർ വിഭാഗം**

I$^{st}$ ദിയ മരിയ സെബാസ്റ്റ്യൻ പാറത്തോട്
II$^{nd}$ ഇസ്രാ സുനിൽ ഇടുക്കി
III$^{rd}$ അലീന ജോബി മുരിക്കാശ്ശേരി

## സംഗീതം

**സബ് ജൂണിയർ വിഭാഗം**

I$^{st}$ ജൊവാന മാത്യു നെടുങ്കണ്ടം
II$^{nd}$ ഏദൻ ബിബിൻ വെള്ളമറ്റത്തിൽ തങ്കമണി
III$^{rd}$ ആദം സിറിൾ അടിമാലി

**ജൂണിയർ വിഭാഗം**

I$^{st}$ ഡിൽബർട്ട് നൈജു രാജാക്കാട്
II$^{nd}$ ജെന്നിഫർ മാത്യു നെടുങ്കണ്ടം
III$^{rd}$ റ്റിസ മരിയ പണിക്കൻ കുടി

**സീനിയർ വിഭാഗം**

I$^{st}$ അമേലിയ മരിയ മഞ്ഞപ്പാറ
II$^{nd}$ എയ്ബൽ അരുൺ അടിമാലി
III$^{rd}$ ഡിയോൺ ബിനോയി പാറത്തോട്

## വിശുദ്ധരുടെ കഥ പറച്ചിൽ

**സബ് ജൂണിയർ വിഭാഗം**

I$^{st}$ ജുവാന നൈജു കരിമ്പൻ
II$^{nd}$ ജൂവൽ ജൂബിഷ് രാജകുമാരി
III$^{rd}$ ക്യാതറിൻ ജോതിഷ് എഴുകുംവയൽ

**ജൂണിയർ വിഭാഗം**

I$^{st}$ ഡാരിയ ഷാജി തോക്കുപാറ
II$^{nd}$ സിനോ എട്ടാനിയിൽ
III$^{rd}$ നജീയന്ന സണ്ണി ഓഴാങ്കൽ തങ്കമണി

**സീനിയർ വിഭാഗം**

I$^{st}$ ചെറിസ് മരിയ കരിമ്പൻ

II$^{nd}$ അലൈൻ മരിയ മുരിക്കാശേരി
III$^{rd}$ അലോണ ജോൺ എഴുകുംവയൽ

## കളറിംഗ്

**സബ് ജൂണിയർ**

I$^{st}$ മരിയ നിബു വെള്ളയാം കുടി
II$^{nd}$ നിയ റോമിയോ ആയിരമേക്കർ
III$^{rd}$ എമിൽഡ ഫ്രാൻസിസ് പൊൻമുടി

**ജൂണിയർ വിഭാഗം**

I$^{st}$ എമിലിയ ആൻ രാജേഷ് അടിമാലി
II$^{nd}$ ആൻഡ്രിയ അനീഷ് ബഥേൽ
III$^{rd}$ അൽഫോൻസ റോസ് ആന്റണി മാങ്കുളം

**സീനിയർ വിഭാഗം**

I$^{st}$ ജോമറ്റ് മാത്യു കോലം കുഴിയിൽ
II$^{nd}$ കരോളിൽ ആൻസി കല്ലാർ
III$^{rd}$ വെറെനിക്ക ചെറീസ് മുരിക്കാശ്ശേരി

## ബൈബിൾ വായന

I$^{st}$ അലൈൻ മരിയ മനോജ് മുരിക്കാശ്ശേരി
II$^{nd}$ എയ്ഞ്ചൽ മരിയ പ്രിൻസ് അടിമാലി
III$^{rd}$ ക്രിസൽ മനോജ് കൈലാസം

## ആക്ഷൻ സോങ്ങ്

I$^{st}$ രാജകുമാരി - രാജാക്കാട് മേഖല

II$^{nd}$ മച്ചിപ്ലാവ് - കൂമ്പൻ പാറ മേഖല

III$^{rd}$ മാങ്കുളം - മാങ്കുളം മേഖല

വിജയികൾക്ക് പ്രാർത്ഥനാശംസകൾ

## HC 05/24 തിരുബാലസഖ്യ ദിനം

ഫെബ്രുവരി മാസത്തിലെ 2-ാം ഞായർ ഫെബ്രുവരി 11 തിരുബാലസഖ്യ ദിനമായി ആചരിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

1. കുഞ്ഞുങ്ങളുടെ കാഴ്ച്ച സമർപ്പണം.
2. മീറ്റിംഗ് ക്രമീകരിക്കുക.

3. വിവിധ മത്സരങ്ങൾ ക്രമീകരിക്കുക.

തിരുബാലസഖ്യ ദിനം മനോഹരമാക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുക.

## HC 05/24 രോഗീദിനം

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11 ആഗോള കത്തോലിക്ക സഭ രോഗീദിനമായി ആഘോഷിക്കുമ്പോൾ വിവിധ രോഗങ്ങളാൽ വേദനിക്കുന്നവർക്കു വേണ്ടി കുഞ്ഞുങ്ങളെ കൊണ്ട് പ്രാർത്ഥിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

# ചെറുപുഷ്പ മിഷൻലീഗ്

## CML 07/24 "ഗ്ലോറിയ ബാൻഡ്", കരോൾ ഗാന മത്സരം, സുറിയാനിപ്പാട്ടു മത്സരം

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ഗ്ലോറിയ ബാൻഡ്' പങ്കാളിത്തം കൊണ്ടും ഡയറക്ടർ അച്ചൻമാരുടെയും വൈസ് ഡയറക്ടേഴ്സിന്റെയും മിഷൻ ലീഗ് അംഗങ്ങളുടെയും സാന്നിധ്യം കൊണ്ടും ഏറെ ശ്രദ്ധേയമായി.

ജനുവരി 2-ാം തീയതി മുരിക്കാശ്ശേരി സെന്റ് മേരിസ് HSS-ൽ വച്ച് നടന്ന കരോൾ ഗാന മത്സരത്തിലും സുറിയാനിപ്പാട്ട് മത്സരത്തിലും വൈസ് ഡയറക്ടേഴ്സ് മീറ്റിലും പങ്കെടുക്കാനായി രൂപതാ മിഷൻ കുടുംബത്തിലെ ഏതാണ്ട് ആയിരത്തിനടുത്ത് അംഗങ്ങൾ ഒത്തുകൂടിയപ്പോൾ അത് സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും വേദിയായി മാറി. രാവിലെ 9.45 ന് ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ്ജുകുട്ടി പുന്നക്കുഴി പതാക ഉയർത്തി. തുടർന്ന് മൂന്ന് വേദികളിലായി മത്സരങ്ങൾ ആരംഭിച്ചു.

ക്യാറ്റഗറി തിരിച്ച് രണ്ട് വേദികളിലായി നടത്തിയ കരോൾ ഗാന മത്സരത്തിൽ രൂപതയിലെ 38 ശാഖകളിൽ നിന്നുമുള്ള ടീമുകൾ പങ്കെടുത്തു. പ്രായപരിധി ഇല്ലാത്തതിനാൽ സീനിയർ ഗ്രൂപ്പ് അംഗങ്ങളുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. ഉന്നത നിലവാരം പുലർത്തിയ മത്സരത്തിൽ Catagory A-യിൽ കനകക്കുന്ന്, കട്ടക്കാല, കാ

ന്തിപ്പാറ എന്നീ ശാഖകളും Category B-യിൽ കഞ്ഞിക്കുഴി, കൂമ്പൻ പാറ, പണിക്കൻ കുടി എന്നീ ശാഖകളും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഓരോ ശാഖയിലെയും മിഷൻ ലീഗ് അംഗങ്ങൾക്ക് സുറിയാനിപ്പാട്ടുകൾ പഠിക്കാനും ആലപിക്കാനും പ്രോത്സാഹനവും പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെ രൂപതാ തലത്തിൽ സുറിയാനിപ്പാട്ട് മത്സരം സംഘടിപ്പിച്ചു. ഈ ഒരു ഉദ്യമത്തിലൂടെ ഏകദേശം അഞ്ഞൂറോളം കുട്ടികൾ സുറിയാനിപ്പാട്ടുകൾ പഠിച്ചുവെന്നത് പ്രശംസനീയമാണ്. രണ്ട് ക്യാറ്റഗറികളായി തിരിച്ച് നടത്തിയ മത്സരത്തിൽ 36 ശാഖകളിൽ നിന്നുമുള്ള ടീമുകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. VI മുതൽ XII വരെ ക്ലാസുകളിൽ വിശ്വാസ പരിശീലനം നടത്തുന്ന ജൂണിയർ വിഭാഗം കുട്ടികൾക്ക് മാത്രമാണ് സുറിയാനിപ്പാട്ട് മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഒരുക്കിയത്. ക്യാറ്റഗറി A-ൽ 7 മുതൽ 10 വരെ അംഗങ്ങളും ക്യാറ്റഗറി B-ൽ 12 മുതൽ 15 വരെ അംഗങ്ങളുമാണ് ഓരോ ടീമിലും പങ്കെടുത്തത്. മികച്ച നിലവാരം പുലർത്തിയ മത്സരത്തിൽ ക്യാറ്റഗറി A-ൽ മുട്ടുകാട്, തൂക്കുപാലം, ബൈസൺവാലി എന്നീ ശാഖകളും ക്യാറ്റഗറി B-ൽ വെള്ളയാംകുടി, നെടുങ്കണ്ടം, പഴയരിക്കണ്ടം എന്നീ ശാഖകളും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

മൂന്ന് വേദികളിലായി നടന്ന മത്സരങ്ങൾ 3.30 pm ന് പൂർത്തിയായി. തുടർന്ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് CML രൂപതാ പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി പുന്നക്കുഴിയുടെ അധ്യക്ഷതയിൽ നടന്ന സമാപനസമ്മേളനത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര സ്വാഗതം ആശംസിച്ചു. രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ജോസ് പ്ലാച്ചിക്കൽ മുഖ്യാതിഥി ആയിരുന്നു. രൂപതാതലത്തിൽ സംഘടിപ്പിച്ച 'ഗ്ലോറിയ ബാൻഡ്' ഒരു പുതിയ തുടക്കത്തിന് കാരണമാകട്ടെയെന്നും ഇത്തരം പ്രോഗ്രാമുകൾ മിഷൻ ലീഗ് അംഗങ്ങൾക്കിടയിൽ വലിയ സൗഹൃദവും കൂട്ടായ്മയും വർദ്ധിപ്പിക്കാൻ കാരണമാകുമെന്നതിനാൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നും ബഹുമാനപ്പെട്ട ജനറാളച്ചൻ അഭിപ്രായപ്പെട്ടു. വിവിധ വേദികളിൽ വിധികർത്താക്കളായി എത്തിച്ചേർന്ന റവ. ഫാ. ഡോൺ ബോസ്കോ (പാലാ രൂപത), റവ. ഫാ. തോമസ് പുത്തൂർ, റവ. സി. ആഷ DST എന്നിവർ ആശംസകളർപ്പിച്ചു. തുടർന്ന്, രണ്ട് ക്യാറ്റഗറികളിലായി

കരോൾഗാന മത്സരത്തിലും സുറിയാനിപ്പാട്ട് മത്സരത്തിലും വിജയികളായ 12 ടീമുകൾക്ക് ബഹുമാനപ്പെട്ട ജനറാളച്ചൻ ക്യാഷ് അവാർഡുകൾ നൽകി ആദരിച്ചു. കരോൾ ഗാന മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് യഥാക്രമം 4001 , 2501, 1501 വീതവും സുറിയാനിപ്പാട്ട് മത്സര വിജയികൾക്ക് 4001, 3001, 2001 വീതവും ആണ് ക്യാഷ് അവാർഡുകളായി നൽകിയത്. രൂപത ജനറൽ സെക്രട്ടറി അമൽ ജോണി കൃതജ്ഞത അർപ്പിച്ചു. മിഷനാന്തം ആലപിച്ച് 4.30 pm-ന് സമ്മേളനനം സമാപിച്ചു.

ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര, വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് CMC, പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി പുന്നക്കുഴി, വൈസ് പ്രസിഡന്റ് ഷാലി ഷാജി, സെക്രട്ടറി അമൽ ജോണി, എന്നിവരോടൊപ്പം രൂപതാ സമിതിയിലെ മറ്റംഗങ്ങളും പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. 'ഗ്ലോറിയ ബാൻഡ്' ഒരുവൻ വിജയമാക്കി തീർക്കാൻ സഹകരിച്ച എല്ലാ ശാഖ ഡയറക്ടർ അച്ചൻമാരെയും വൈസ് ഡയറക്ടേഴ്സ്നെയും മിഷൻ ലീഗ് അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

## CML 08/24 വൈസ് ഡയറക്ടേഴ്സ് മീറ്റ്

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതയുടെ 2023-2024 പ്രവർത്തന വർഷത്തെ രണ്ടാമത് വൈസ് ഡയറക്ടേഴ്സ് മീറ്റ്, ജനുവരി 2-ാം തീയതി 11.00 am മുതൽ 1.00 pm വരെ മുരിക്കാശ്ശേരി സെന്റ് മേരീസ് HSS-ൽ വച്ച് നടത്തി. രൂപതയിലെ വിവിധ ശാഖകളിലും മേഖലകളിലും വൈസ് ഡയറക്ടേഴ്സ് ആയി സേവനമനുഷ്ഠിക്കുന്ന 70 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു. CML പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പ്രസിഡന്റ് ശ്രീ ജോർജുകുട്ടി പുന്നക്കുഴി അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര സ്വാഗതം ആശംസിച്ചു. തുടർന്ന് 2023-2024 പ്രവർത്തന വർഷത്തെ അർദ്ധവാർഷിക റിപ്പോർട്ടിന്റെ വിലയിരുത്തൽ നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് നടന്ന ക്ലാസ്സുകൾക്ക് ഡയറക്ടർ അച്ചനും, രൂപതാ വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് CMC യും നേതൃത്വം നൽകി. പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക റിപ്പോർട്ട് എങ്ങനെ നല്ല രീതിയിൽ തയ്യാറാക്കാം എന്ന് വ്യക്തമായി മനസ്സിലാക്കാനും മിഷൻലീഗ് പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ

കാര്യങ്ങൾ ശരിയായി പഠിക്കാനും ക്ലാസുകൾ അംഗങ്ങൾക്ക് ഉപകാരപ്പെട്ടു. രൂപതയുടെ മിഷൻലീഗ് പ്രവർത്തനങ്ങളിൽ ശാഖാ, മേഖലാ വൈസ് ഡയറക്ടേഴ്സ് നിർവഹിക്കുന്ന നിസ്തുല സേവനങ്ങളെ അനുസ്മരിച്ച് സമ്മാനങ്ങൾ നൽകി അവരെ ആദരിക്കുകയും ചെയ്തു.

## CML 09/24 ജീവജലം വചനമെഴുത്ത് 2023 രൂപതാതല വിജയികൾ

**ജൂണിയർ ബോയ്സ്**

I st ജോയൽ റോയ് ഒരപ്പുരയ്ക്കൽ, കമാക്ഷി
II nd ആബേൽ ബൈജു മറ്റപ്പള്ളിൽ, കാൽവരിമൗണ്ട്
III rd ആൽറെഡ് മനോജ് പടിഞ്ഞാറെതിൽ, മുരിക്കാശ്ശേരി

**ജൂണിയർ ഗേൾസ്**

I st ജിസാ ജെസ്റ്റിൻ കുന്നുംപുറത്ത്, നെല്ലിപ്പാറ
II nd ഡോണ മാണി കാരക്കാട്ട്, ചേമ്പളം
III rd അർപ്പണ മരിയ അബ്രാഹം മലേപ്പറമ്പിൽ, മുരിക്കാശ്ശേരി

**സീനിയർ ബോയ്സ്**

I st ഡോമിനിക് റോയ് ഒരപ്പുരയ്ക്കൽ, കമാക്ഷി
II nd ക്രിസ്വിൻ തോമസ് അയിലിക്കുന്നേൽ, കമാക്ഷി
III rd സാം സിജോ നെല്ലംകുഴിയിൽ, വെൺമണി

**സീനിയർ ഗേൾസ്**

I st അനിറ്റ ഷിജി പാറക്കൽ, എഴുകുംവയൽ
II nd ജെസ ജെയിൽ കിഴക്കേൽ, മുട്ടുകാട്
III rd എൽസ മാത്യു പാപ്പാടിയിൽ, കൂമ്പൻപാറ

**സൂപ്പർ സീനിയർ ബോയ്സ്**

I st ജസ്വിൻ സിബി കുരിശുകുന്നേൽ, ആനക്കുളം
II nd ഡോമിൻ ഡോണിഷ് ഇടയാടിയിൽ, ഇരട്ടയാർ
III rd അലക്സ് പോൾ പുതുപ്പറമ്പിൽ, കാൽവരിമൗണ്ട്

**സൂപ്പർ സീനിയർ ഗേൾസ്**

I st റ്റീന സണ്ണി മഞ്ഞപ്പിള്ളിൽ, മുരിക്കാശ്ശേരി
II nd ബ്രീന ബിജു കടപ്പൂര്, മുരിക്കാശ്ശേരി
III rd ഇസബെല്ല ബിനു കൂടത്തിൽ, വിമലഗിരി

## CML 10/24 ജീവജലം വചനമെഴുത്ത് സമ്മാനദാനം

ഡിസംബർ 3, 10 തീയതികളിൽ രൂപതയിലെ 13 സെന്ററുകളിൽ വച്ച് നടത്തിയ 'ജീവജലം വചനമെഴുത്ത്' മത്സരത്തിൽ പങ്കെടുത്ത 454 മത്സരാർത്ഥികളിൽ നിന്നും വിജയികളായ ജൂണിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിലെ 18 മിഷൻ ലീഗ് അംഗങ്ങൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു. ജനുവരി 2-ാം തീയതി നടന്ന വൈസ് ഡയറക്ടേഴ്സ് മീറ്റിൽ വച്ച് രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര, മുരിക്കാശ്ശേരി മേഖല ഡയറക്ടർ റവ. ഫാ. ജോസ് നരിതൂക്കിൽ എന്നിവർ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

## CML 11/24 എക്സിക്യൂട്ടീവ് മീറ്റിംഗ്, നവവൈദികരെ ആദരിക്കൽ

ജനുവരി ഇരുപത്തിയാറാം തീയതി കീരിത്തോട് ശാഖയിൽ വച്ച്, CML രൂപതാ പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി പുന്നക്കുഴിയുടെ അധ്യക്ഷതയിൽ രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രൂപതാതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും, തുടർന്ന് വരുന്ന മാസങ്ങളിൽ നടക്കാനിരിക്കുന്ന വിവിധ പ്രോഗ്രാമുകളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി 10-ാം തീയതി കരിമ്പൻ ശാഖയിൽ വച്ച് കൂടാൻ തീരുമാനിച്ചു.

ഡിസംബർ, ജനുവരി മാസങ്ങളിൽ അഭിഷിക്തരായ നവവൈദികരെ രൂപതാ സമിതി ആദരിച്ചു. വൈദിക പരിശീലന കാലത്ത് അവരോരോരുത്തരും രൂപതാ മിഷൻ കുടുംബത്തിന് നൽകിയിട്ടുള്ള നിസ്തുല സേവനങ്ങളെ സമിതി അംഗങ്ങൾ നന്ദിയോടെ അനുസ്മരിച്ചപ്പോൾ, മിഷൻ ലീഗ് സംഘടനയിലൂടെ തങ്ങൾക്ക് ലഭിച്ച നിരവധി അനുഗ്രഹങ്ങളെക്കുറിച്ചും അനുഭവസമ്പത്തിനെക്കുറിച്ചും നവവൈദികർ പങ്കുവച്ചു.

## CML 12/24 മേജർ ആർച്ച് ബിഷപ്പിന് സ്വീകരണം

സീറോ മലബാർ സഭയുടെ പുതിയ മേജർ ആർച്ച് ബിഷപ്പ് ആയി സ്ഥാനാരോഹണം ചെയ്ത അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് ജനുവരി 18-ാം തിയതി ഇടുക്കി രൂപത നെടുങ്കണ്ടത്ത്

നൽകിയ സ്വീകരണത്തിൽ മിഷൻ ലീഗ് രൂപതാ, മേഖലാ, ശാഖാ സമിതി അംഗങ്ങൾ പങ്കെടുത്തു. സംഘടനയെ പ്രതിനിധീകരിച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി പുന്നക്കുഴി, പിതാവിന് ബൊക്കെ നൽകി ആദരവും വിധേയത്വവും പ്രകടിപ്പിച്ചു.

## CML 13/24 ശാഖാ സന്ദർശനങ്ങൾ

രൂപതയിലെ ശാഖകൾ നൽകിയ അർദ്ധ വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജനുവരി 21-ാം തീയതി മുതൽ ശാഖാ സന്ദർശനങ്ങൾ ആരംഭിച്ചു. അടിമാലി, കീരിത്തോട്, വാഴവര, കാൽവരി മൗണ്ട്, രാജമുടി എന്നീ ശാഖകളിൽ സന്ദർശനങ്ങൾ പൂർത്തിയാക്കി. ഡയറക്ടർ, വൈസ് ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എക്സിക്യൂട്ടീവ് അംഗങ്ങൾ (4 പേർ) എന്നിവർ അടങ്ങുന്ന ടീമാണ് സന്ദർശനങ്ങൾക്ക് നേതൃത്വം നൽകിയത്.

## CML 14/24 മേഖലാ വാർത്തകൾ

**വെള്ളയാംകുടി മേഖല**

പുതുവർഷത്തിൽ പുത്തൻ ഉണർവോടെ വെള്ളയാംകുടി മേഖലാ പ്രവർത്തനങ്ങൾ ആരംഭിച്ചു. സീറോ മലബാർ മിഷൻ വാരാചരണത്തോടനുബന്ധിച്ച് മിഷൻ ദേശത്തേക്ക് സന്ദേശങ്ങൾ അറിയിച്ചു. സീറോ മലബാർ മിഷൻ ഞായർ ദിനത്തിൽ ദിവ്യബലിയിൽ എല്ലാ മിഷണറിമാർക്കും വേണ്ടി പ്രാർത്ഥിച്ചു. മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി ശാഖകളിൽ ഉപവാസപ്രാർത്ഥന നടത്തി. മിഷൻ ഗ്രാമമായ പാംപൊളി ഗ്രാമവുമായി ഓൺലൈനായി ബന്ധപ്പെട്ട് സൗഹൃദ സംഭാഷണങ്ങൾ നടത്താനും പ്രാർത്ഥനകൾ നൽകുവാനും സാധിച്ചു. മിഷൻ വാരാചരണത്തോടനുബന്ധിച്ച് ശാഖകളിൽ മിഷനറിമാരുടെ സന്ദർശനങ്ങൾ ക്രമീകരിക്കുവാൻ സാധിച്ചു. പന്ത്രണ്ടാം തീയതി വെള്ളിയാഴ്ച എല്ലാ ശാഖകളിലും മിഷൻവാര സമാപനം നടന്നു.

## KCYM 09/24 HAAMIAH - ജപമാലയജ്ഞം

യുവജന ദിനത്തിന് ഒരുക്കമായി കെ.സി.വൈ.എം. ഇടുക്കി രൂപതയിലെ യുവജനങ്ങൾ ഒരുമിച്ച് ഡിസംബർ 21 മുതൽ 27 വരെ ഓൺലൈൻ ആയി സപ്തദിന ജപമാലയജ്ഞം നടത്തപ്പെട്ടു.

## KCYM 10/24 Festive Fiesta തീം സോങ്ങ്

യുവജന ദിനത്തിന് ഒരുക്കമായി കെ.സി.വൈ.എം. ഇടുക്കി രൂപത ഒരുക്കിയ യൂത്ത് ഡേ തീം സോങ്ങ് 'ഫെസ്റ്റിവ് ഫിയസ്റ്റ' ഡിസംബർ 21 ന് വൈകിട്ട് യൂട്യൂബിൽ റിലീസ് ചെയ്തു.

## KCYM 11/24 കരോൾ റീൽ കോമ്പറ്റീഷൻ

ക്രിസ്തുമസിനോട് അനുബന്ധിച്ച് യുവജനങ്ങൾക്കായി ക്രിസ്തുമസ് കരോളിൽ യുവജനങ്ങളുടെ പങ്കാളിത്തം ആസ്പദമാക്കി കെ.സി.വൈ.എം. ഇടുക്കി രൂപത റീൽ കോമ്പറ്റീഷൻ സംഘടിപ്പിച്ചു.

## KCYM 11/24 ഫെസ്റ്റിവ് ഫിയസ്റ്റ: യുവജന ദിനാഘോഷവും മെഗാ ക്രിസ്തുമസ് റാലിയും

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ഫെസ്റ്റിവ് ഫിയസ്റ്റ യുവജന ദിനാഘോഷവും മെഗാ ക്രിസ്തുമസ് റാലിയും 2023 ഡിസംബർ 28 വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞു 4:30 ന് നെടുംകണ്ടത്ത് വച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഇടുക്കി രൂപതയിലെ 6 മേഖലകളിൽനിന്നുമായി മൂവായിരത്തോളം യുവജനങ്ങൾ അണിനിരന്നു. കരുണ ആനിമേഷൻ സെന്ററിൽ നിന്നും ആരംഭിച്ച മെഗാ ക്രിസ്തുമസ് റാലിയിൽ A കാറ്റഗറിയിൽ KCYM തങ്കമണി, KCYM വാഴത്തോപ്പ്, KCYM മാവടി എന്നീ യൂണിറ്റുകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളും B കാറ്റഗറിയിൽ KCYM മൈലാടുംപാറ, KCYM സ്നേഹഗിരി, KCYM കല്ലുപ്പാലം എന്നീ യൂണിറ്റുകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി.

## KCYM 12/24 സംസ്ഥാന കലോത്സവം - ഉത്സവ് 2023
## കോട്ട പൊളിച്ച് ഇടുക്കി രൂപത

കാഞ്ഞിരപ്പള്ളി രൂപത ആതിഥേയത്വം വഹിച്ച കെ.സി.വൈ.എം. സംസ്ഥാന കലോത്സവം 2023 ന് കൊടിയിറങ്ങി. നീണ്ട വർഷങ്ങളുടെ പോരാട്ട വീര്യവുമായി കടന്നുവന്ന രൂപതകളെയെല്ലാം പിന്നിലാക്കി ചരിത്രത്തിലാദ്യമായി കെ.സി.വൈ.എം. ഇടുക്കി രൂപത റണ്ണേഴ്സ് അപ്പ് കരസ്ഥമാക്കി. സാഹിത്യ മത്സരങ്ങളിലും കലാ മത്സരങ്ങളിലും ഒരുപോലെ വിജയം കൈവരിച്ച് ചരിത്രം കുറിച്ച് കെ.സി.വൈ.എം. ഇടുക്കി രൂപത ഒരു പൊൻതൂവൽ കൂടി സ്വന്തമാക്കി. കാർട്ടൂണിൽ ഫസ്റ്റ് എ ഗ്രേഡോടു കൂടി നമിത ടോം, കവിതാരചന-സെക്കന്റ് എ ഗ്രേഡ് അമല അമൽ, പോസ്റ്റർ നിർമ്മാണം സെക്കന്റ് ബി ഗ്രേഡ് ടോംസി ബെന്നി, ഡിജിറ്റൽ പോസ്റ്റർ ഫസ്റ്റ് എ ഗ്രേഡ് ഡോൺ ബിനോയ്, എന്നിവർ സാഹിത്യ മത്സരങ്ങളിലും പ്രഭാഷണം ഫസ്റ്റ് ഐബിൻ ഐസക്, മോണോ ആക്ട് ഫസ്റ്റ് അലൻ തോമസ്, ലൈറ്റ് മ്യൂസിക് സെക്കന്റ് ആൻ മരിയ ജോസ്, പ്രഭാഷണം സെക്കന്റ് - ആര്യ ജോസഫ്, സ്പോട്ട് കൊറിയോഗ്രഫി സെക്കന്റ് എയ്ഞ്ചല ജോയ്, ഫോട്ടോഗ്രാഫി സെക്കന്റ് റോഷിൻ റോയ്, ഫോക് ഡാൻസ് തേർഡ് സൗമ്യ ബാബു. എന്നിവർ കലാ മത്സരങ്ങളിലും ഇടുക്കിയുടെ മിന്നും താരങ്ങൾ ആയി.

## KCYM 13/24 സമര ഭടന്മാർക്ക് ഐക്യദാർഢ്യവുമായി
## കെ.സി.വൈ.എം.

മാങ്കുളത്ത് വനംവകുപ്പ് ഉദ്യോഗസ്ഥർ ജനപ്രതിനിധികളെ മർദ്ദിക്കുകയും കള്ളക്കേസിൽ കുടുക്കുകയും ചെയ്തതിൽ പ്രതിഷേധിച്ച് മാങ്കുളത്ത് നടന്ന ജനകീയ പ്രതിഷേധത്തിന് കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ഐക്യദാർഢ്യം അറിയിച്ചു.

## KCYM 14/24 KCBC യുവജന വർഷത്തിന് ഇടുക്കി
## രൂപതയിൽ പ്രൗഢോജ്വലമായ തുടക്കം

കെ.സി.ബി.സി. 2024 യുവജന വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ജനുവരി 7 ഞായറാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് യുവജന വർഷത്തിന് ഔദ്യോഗികമായി

തുടക്കം കുറിച്ചു. ഇടുക്കി രൂപതാ വികാരി ജനറാൽ മോൺ. ജോസ് പ്ലാച്ചിക്കൽ യുവജന വർഷം ഉദ്ഘാടനം ചെയ്തു.

## ജീസസ് യൂത്ത് ഇടുക്കി സോൺ

### JY 17/24 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് ജനുവരി മാസം 15 ന്, ആനിമേറ്റർ സി. ബ്ലസി സിഎംസി യുടെ സാന്നിധ്യത്തിൽ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

### JY 18/24 അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് സ്വീകരണവും ആദരവും

സീറോ മലബാർ സഭയുടെ പിതാവും തലവനുമായി തെരഞ്ഞെടുക്കപ്പെട്ട നിയുക്ത ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനെ സ്വീകരിക്കുകയും ആദരിക്കുകയും ചെയ്തു.

### JY 19/24 Intercession മിനിസ്ട്രി - Friday Cafe - ഓൺലൈൻ പ്രയർ ഗ്രൂപ്പ്

വിദേശത്തും സ്വദേശത്തും ആയി വിവിധ മേഖലകളിൽ പഠനത്തിലും ജോലിയിലും ആയിരിക്കുന്ന ആളുകൾ ഒരുമിച്ചു വരുന്ന ഓൺലൈൻ സ്നേഹക്കൂട്ടായ്മ എല്ലാ വെള്ളിയാഴ്ചകളിലും കൂടിവരുന്നു. പ്രാർത്ഥനയിലും, പങ്കുവയ്ക്കലിലും, വചന പഠനത്തിലും വേരൂന്നുവാൻ കൂട്ടായ്മ സഹായിക്കുന്നു.

### JY 20/24 സബ്സോൺ പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, രാജാക്കാട്, അടിമാലി എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടത്തി വരുന്നു.

### JY 21/24 സോണൽ സംഗമവും ഹൗസ് ഹോൾഡും

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ജനുവരി മാസത്തിലെ ഹൗസ് ഹോൾഡ് ജനുവരി 28 ന് അടിമാലി കാർമൽഗിരി കോളേജിൽ വച്ച് കൂടുകയുണ്ടായി. സോണൽ ഹൗസ്ഹോൾഡ് ടീം നേതൃത്വം നൽകിയ കൂട്ടായ്മ ഏവരുടെയും സജീവസാന്നിധ്യത്താൽ മനോഹരമായി.

### JY 22/24 ടീൻസ് മിനിസ്ട്രി - ടീൻസ് ടീം മീറ്റിംഗ്

ടീൻസ് ടീമിന്റെ പ്രഥമ മീറ്റിംഗ് Fr. Bijoy Kizhakethottam V.C. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ആനിമേറ്റർ Sr. Nithya CMC, കോർഡിനേറ്റർ അലക്സിയോ എന്നിവർ നേതൃത്വം നൽകി.

### JY 23/24 Teens Evangulistic Fellowship Groups

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ സുവിശേഷവൽകരണ കൗമാര കൂട്ടായ്മകൾക്ക് വിവിധ സബ്സോണുകളിൽ നേതൃത്വം നൽകി വരുന്നു.

### JY 24/24 പ്രയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് തോമസ് പബ്ലിക് സ്കൂളിലും വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലും പ്രയർ ഗ്രൂപ്പുകൾ നടന്നു വരുന്നു.

### JY 25/24 ക്യാമ്പസ് മിനിസ്ട്രി ക്യാമ്പസ് പ്രയർ മീറ്റിംഗ്

മുരിക്കാശ്ശേരി പാവനാത്മാ കോളേജ്, അടിമാലി കാർമൽഗിരി കോളേജ്, രാജാക്കാട് സാൻജോ കോളേജ്, ഇടുക്കി മെഡിക്കൽ കോളേജ് എന്നീ ക്യാമ്പസുകളിൽ എല്ലാ ആഴ്ചകളിലും പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു.

### JY 26/24 ക്യാമ്പസ് കോർ ടീം ട്രെയിനിങ്

ജനുവരി 26 മുതൽ 28 വരെ ആലുവ നിവേദിത കൾച്ചറൽ സെന്ററിൽ വച്ച് ക്യാമ്പസ് കോർ ടീം ട്രെയിനിങ് നടത്തപ്പെട്ടു. പ്രസ്തുത ട്രെയിനിങ്ങിൽ ഇടുക്കി ക്യാമ്പസ് കോർ ടീം പങ്കെടുത്തു.

### JY 27/24 ജീസസ് യൂത്ത് പ്രോലൈഫ് മിനിസ്ട്രി, ജനുവരി 2024

ജനുവരി 7, 14 തീയതികളിൽ ടീം മീറ്റിംഗ് നടത്തപ്പെട്ടു.

ജീവന്റെ സുവിശേഷം പങ്കുവയ്ക്കുന്ന പ്രോലൈഫ് എക്സിബിഷൻ നടത്താനുള്ള നിയോഗാർത്ഥം ഗ്രൂപ്പിൽ പ്രാർത്ഥന നടത്തി വരുന്നു.

ക്യാമ്പസുകളിൽ നടത്തുന്ന ഈ ഉദ്യമത്തിന് 'മീറ്റ് ദി ക്യാമ്പസ്' എന്നാണ് പേര് നൽകിയിരിക്കുന്നത്.

## മാതൃവേദി

### MV 05/24 ബൈബിൾ കൈയെഴുത്ത് മൂല്യനിർണയം

ഫെബ്രുവരി 3 മുതൽ 9 വെള്ളി വരെയുള്ള ദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വെച്ച് ബൈബിൾ കൈയെഴുത്ത് മൂല്യനിർണ്ണയം നടത്തപ്പെടുന്നു. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### MV 06/24 അന്തരാഷ്ട്ര മാതൃവേദി മീറ്റിംഗ്

ഫെബ്രുവരി 16-17 തീയതികളിൽ താമരശ്ശേരിയിൽ വച്ച് അന്തരാഷ്ട്ര മാതൃവേദിയുടെ മീറ്റിംഗ് നടത്തുന്നു.

## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 15/24 ഉപവാസ ആരാധന

ജനുവരി അഞ്ചാം തീയതി നവീകരണത്തിന്റെ ഉണർവിനായി കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ നവീകരണ ഉപവാസ ആരാധന നടത്തപ്പെട്ടു. അറുപതോളം പേർ പങ്കെടുത്തു.

### PG 16/24 തുടർ പരിശീലനം

വരദാന വളർച്ചധ്യാനം കൂടിയവർക്കായുള്ള തുടർ പരിശീലനം കരിമ്പൻ സെന്റ് മേരിസ് ദൈവാലയത്തിൽ വച്ച് ജനുവരി ഏഴാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ വൈകിട്ട് 5 മണി വരെ കരിസ്മാറ്റിക് നാഷണൽ സർവീസ് ടീം മെമ്പർ ആയ ശ്രീ. ഷാജി വൈക്കത്തുപറമ്പിലിന്റെ നേതൃത്വത്തിൽ നടത്തി.

## PG 17/24 ഗ്രാന്റ് കോൺഫ്രൻസ്

കേരള കാരിസ് സർവീസ് ഓഫ് കമ്മ്യൂണിയൻ സംഘടിപ്പിച്ച അഖില കേരള നേതൃസംഗമം - 'ഗ്രാൻഡ് കോൺഫറൻസ് 2024' മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് ജനുവരി 26, 27, 28 തീയതികളിൽ നടന്നു. അനുഗ്രഹീത വചനപ്രഘോഷകരായ KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ റൈറ്റ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ, പോണ്ടിച്ചേരി ആർച്ച് ബിഷപ്പ് റൈറ്റ് റവ. ഫ്രാൻസിസ് കല്ലിസ്റ്റ്, കാരിസ് മെമ്പറായ ഷെവ. സിറിൽ ജോൺ, KCSC കോ-ഓർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി എന്നിവർ ശുശ്രൂഷകൾ നയിച്ചു. ഇടുക്കി സോണിൽ നിന്ന് ധാരാളം പേർ പങ്കെടുത്ത പ്രസ്തുത നേതൃസംഗമം അനുഗ്രഹത്തിന്റെ നിമിഷങ്ങളാണ് പങ്കെടുത്തവർക്ക് സമ്മാനിച്ചത്.

## PG 18/24 ഏകദിന സെമിനാർ

പാറത്തോട് സബ്സോണിന്റെ നേതൃത്വത്തിൽ പാറത്തോട് സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് ജനുവരി 30ന് 'പ്രവാചക മധ്യസ്ഥ പ്രാർത്ഥന' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു വൺ ഡേ സെമിനാർ നടന്നു. കാരിസ് ഇൻറർനാഷണൽ സർവീസ് ടീം മെമ്പറായ ഷെവ. സിറിൽ ജോൺ രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രസ്തുത സെമിനാർ നയിച്ചു.

## PG 19/24 സബ്സോൺ സെമിനാറുകൾ

വാഴത്തോപ്പ്, തോപ്രാംകുടി എന്നീ സബ്സോണുകളിൽ സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടു.

## PG 20/24 കപ്പിൾസ് മീറ്റ്

വാഴത്തോപ്പ് സബ്സോണിന്റെ നേതൃത്വത്തിൽ കരിമ്പൻ സെന്റ് മേരിസ് ദൈവാലയത്തിൽ വച്ച് ജനുവരി 21 ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ കരിസ്മാറ്റിക് മുന്നേറ്റത്തിൽ അംഗങ്ങളായ ദമ്പതികൾ ഒത്തുചേർന്ന് പ്രാർത്ഥിക്കുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

## PG 21/24 മധ്യസ്ഥ പ്രാർത്ഥന

രൂപതാ, വൈദികർ, കുടുംബങ്ങൾ, മിഷൻമേഖലകൾ എന്നി

വയ്ക്കുവേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന, ജപമാല, വചന വിചിന്തനം എന്നിവ എല്ലാ വ്യാഴാഴ്ചകളിലും നടക്കുന്നു.

എല്ലാ ദിവസവും വൈകുന്നേരം 8 മണി മുതൽ 8:30 വരെ യുദ്ധം, ഭീകരവാദം, അക്രമങ്ങൾ എന്നിവയ്ക്കെതിരെ ദൈവകരുണ യാചിച്ചുകൊണ്ടുള്ള ഓൺലൈൻ മധ്യസ്ഥ പ്രാർത്ഥന നടത്തപ്പെടുന്നു.

## ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

### GSP 02/24 സെൻട്രൽ കമ്മറ്റി

ജനുവരി 10 ന് സെൻട്രൽ കമ്മറ്റി കൂടി. സന്ദർശനം നടത്താത്ത യൂണിറ്റുകൾ ഉടനെ സന്ദർശനം നടത്തുന്നതിനും ആഗതമാകുന്ന രോഗീദിനം ഏറ്റവും ഭംഗിയായി നടത്തുന്നതിനും തീരുമാനിച്ചു. സെൻട്രൽ കമ്മറ്റിയിലേക്ക് സി. അൽബീന സി.എസ്.എൻ., സാബു ചൂരത്തൊട്ടിയിൽ എന്നിവരെ നോമിനേറ്റ് ചെയ്തു.

### GSP 03/24 രോഗീദിനം

ഫെബ്രുവരി 11 ന് ലോക രോഗീദിനം ആചരിക്കുകയാണ്. അതിനോട് അനുബന്ധിച്ചു എല്ലാ ഇടവകകളിലും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ രോഗികൾക്കായി പ്രത്യേക പരിപാടികൾ ഒരുക്കണം.

### GSP 04/24 രോഗീദിനം - രൂപതാതല പരിപാടി

രോഗീദിനത്തോട് അനുബന്ധിച്ചു രോഗികളുടെയും രോഗീ ശുശ്രൂഷകരുടെയും ഒരു ഒത്തുചേരൽ 2024 ഫെബ്രുവരി 17 ന് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ പാറത്തോട്ടിൽ വച്ച് കൂടുകയാണ്. രാവിലെ 9 മുതൽ 2 വരെ നടക്കുന്ന ഈ ഒത്തുചേരലിൽ പരമാവധി രോഗികളെ എത്തിക്കണം. കൂടാതെ രോഗീ ശുശ്രൂഷകർ എല്ലാവരും എത്തണം. രോഗികൾക്കായി പ്രത്യേക പ്രാർത്ഥനകൾ ഉണ്ടായിരിക്കും.

## മദ്യവിരുദ്ധസമിതി

### MVS 02/24 രൂപതാ കമ്മിറ്റി മീറ്റിംഗ്

രൂപതാ കമ്മിറ്റി മീറ്റിംഗ് കീരിത്തോട് നിത്യസഹായ മാതാ പള്ളിയിൽ വച്ച് 16.01.24 ചൊവ്വ 2.30 നു കൂടുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. തോമസ് വലിയമംഗലത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, പ്രസിഡന്റ് സിൽബി ചുനയംമാക്കൽ, റോജസ് എം. ജോർജ്, സിജോ ഇലന്തൂർ, ബിനോയ് കളത്തുകുന്നേൽ തുടങ്ങിയവർ പങ്കെടുത്തു. ലഹരി വിരുദ്ധ പ്രവർത്തങ്ങൾ രൂപതാ തലത്തിൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫൊറോനാ സമിതികൾ വിപുലീകരിക്കും. രാജാക്കാട് ഫൊറോന സന്ദർശിക്കുകയും വെള്ളയാകുടി സന്ദർശനം ഉടനെ നടത്തുകയും ചെയ്യും. ജനുവരി 30 ഗാന്ധിജി രക്തസാക്ഷി അനുസ്മരണം ചേലച്ചുവട്ടിൽ വച്ച് നടത്തും. ലഹരി വിരുദ്ധ ഉപവാസ പ്രാർത്ഥനായജ്ഞം രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ. കൂടാതെ മദ്യവിരുദ്ധ ഞായറായ ഫെബ്രുവരി 25 നു വിപുലമായ പരിപാടികൾ രൂപതാ തലത്തിൽ നടത്താനും തീരുമാനം ആയി. 5 മണിയോടെ യോഗം അവസാനിച്ചു.

## ആത്മജ്യോതി

### A.J. 02/24 ഫെബ്രുവരി മാസത്തിലെ Marriage Preparation Course

2024 ഫെബ്രുവരി മാസത്തിലെ മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് 09, 10, 11 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

2024 ജൂലൈ മാസം വരെ നടത്തപ്പെടുന്ന വിവാഹ ഒരുക്ക സെമിനാറിന്റെ തീയതികൾ വെബ്സൈറ്റിൽ ലഭ്യമാണ്.

www.atmajyothi.site

9400092632, 6235931254, 8078755919, 9447413328

## A.J. 03/24 ആത്മജ്യോതി ജർമൻ ഇൻസ്റ്റിറ്റ്യൂട്ട്

ആത്മജ്യോതി ജർമൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ A1, A2, B2 കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുകയോ ഓൺലൈനായി ആപ്ലിക്കേഷൻ സമർപ്പിക്കുകയോ ചെയ്യുക.

https://www.atmajyothi.site

9447413328, 9400092632



# കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

## KAC. 04/24 ശുശ്രൂഷകരുടെ പരിശീലന ധ്യാനം

ഫെബ്രുവരി 4 ഞായറാഴ്ച 5 pm മുതൽ 7 ബുധനാഴ്ച 8 pm വരെ നയിക്കുന്നത്. (Bro. സന്തോഷ് കരുമാത്ര & Team Shekhinah).

## KAC. 05/24

ദൈവകരുണയുടെ ആലയത്തിന്റെ ഒന്നാം വാർഷികവും ലൂർദ് മാതാവിന്റെ തിരുനാളും രോഗീദിന ശുശ്രൂഷയും ഫെബ്രുവരി 11 ഞായറാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ.

പരിശുദ്ധ കുർബാന : മോൺ ജോസ് പ്ലാച്ചിക്കൽ

ധ്യാനം നയിക്കുന്നത് : Bro. റെജി കൊട്ടാരം & ടീം

## KAC. 06/24 ദൈവകരുണയുടെ ധ്യാനം

ദൈവകരുണയുടെ ധ്യാനം ഫെബ്രുവരി 15 വ്യാഴാഴ്ച 5.30 മുതൽ 18 ഞായർ 3 pm വരെ.

## KAC. 07/24 ശനിയാഴ്ച കൺവെൻഷൻ

എല്ലാ ശനിയാഴ്ചയും വൈകുന്നേരം 4.30 മുതൽ 8.30 വരെ സായാഹ്ന ആരാധനയും ശുശ്രൂഷകളും നടത്തപ്പെടുന്നു.

## KAC. 08/24 കുട്ടികളുടെ ഏകദിന കൺവെൻഷൻ

മാസത്തിലെ എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 9.30 മുതൽ 1.30 വരെ. (Classes1-12).

# ഫാമിലി അപ്പോസ്തലേറ്റ്

## FA. 01/24 കുടുംബങ്ങൾ ജീവന്റെയും സ്നേഹത്തിന്റെയും വിശുദ്ധ സ്ഥലങ്ങൾ : മാർ നെല്ലിക്കുന്നേൽ

കുടുംബങ്ങൾ ജീവന്റെയും സ്നേഹത്തിന്റെയും വിശുദ്ധ സ്ഥലങ്ങളാണെന്ന് ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ. ഈ വർഷം വിവാഹത്തിന്റെ രജത ജൂബിലിയും സുവർണ ജൂബിലിയും ആഘോഷിക്കുന്നവരുടെ രൂപതാതല സംഗമം ചുരുളി സെന്റ് തോമസ് ഫൊറോന പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദമ്പതികൾ തമ്മിലുള്ള നിസ്വാർത്ഥ സ്നേഹത്തിലൂടെ ദൈവത്തിന്റെ സൃഷ്ടി കർമ്മത്തിലുള്ള പങ്കാളിത്തത്തിലേക്കുള്ള ക്ഷണമാണ് വിവാഹം. കുടുംബങ്ങളിൽ ജാഗ്രത കുറയുന്നത് ഇന്നത്തെ പ്രതിഭാസമാണ്. കുടുബാംഗങ്ങൾ എല്ലാവരും കുടുംബത്തോടുള്ള ജാഗ്രതയാൽ നിറയണം. ജാഗ്രത കുറയുന്നതാണ് കുടുംബങ്ങൾ ശിഥിലമാകാൻ കാരണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

തിരുക്കുടുംബത്തിന്റെ തിരുനാളിനോടനുബന്ധിച്ച് ഇടുക്കി രൂപതാ ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിലാണ് ജൂബിലി സംഗമം സംഘടിപ്പിച്ചത്. നൂറിലധികം ദമ്പതികൾ സംഗമത്തിൽ പങ്കെടുത്തു.

മാർ ജോൺ നെല്ലിക്കുന്നേൽ ജൂബിലി കുർബാനക്ക് കാർമ്മികത്വം വഹിച്ചു. റവ. ഫാ. ജോസഫ് കടുപ്പിൽ ക്ലാസുകൾ നയിച്ചു. ഫാമിലി അപ്പസ്തോലേറ്റ് രൂപതാ ഡയറക്ടർ റവ. ഫാ. ബോബി വെങ്ങാലൂർ, ഇടവക വികാരി റവ. ഫാ. ജോസ് ചിറ്റടിയിൽ, സി. നിത്യ സി.എം.സി., സോഫിയ സി.എം.സി. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## 2024 പ്രാർത്ഥന വർഷമായി പ്രഖ്യാപിച്ച് ഫ്രാൻസിസ് പാപ്പ

2025 ജൂബിലി വർഷത്തിനുള്ള ഒരുക്കമായി പ്രാർത്ഥനാ വർഷമായി പ്രഖ്യാപിച്ച് ഫ്രാൻസിസ് പാപ്പ. 2024 ജനവരി 21 ഞായറാഴ്ചയാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം പാപ്പ നടത്തിയത്. വ്യക്തി ജീവിതത്തിലും സഭയുടെ ജീവിതത്തിലും ലോകത്തിലും പ്രാർത്ഥനയുടെ മഹത്തായ മൂല്യവും സമ്പൂർണ ആവശ്യവും പുനഃപരിശോധിക്കാൻ സമർപ്പിക്കപ്പെട്ട കാലയളവായി ഈ വർഷം മാറ്റണമെന്ന് പാപ്പ പറഞ്ഞു. ജൂബിലി വർഷം കൃപയുടെ കാലയളവാണെന്നും നന്നായി ജീവിക്കാനും ദൈവത്തിന്റെ പ്രത്യാശയുടെ ശക്തി അനുഭവിക്കാനും പ്രാർത്ഥന തീവ്രമാക്കാൻ ആവശ്യപ്പെടുകയാണെന്നും അതുകൊണ്ടാണ് പ്രാർത്ഥനയുടെ വർഷം ആരംഭിക്കുന്നതെന്നും പാപ്പ പറഞ്ഞു.

കത്തോലിക്ക സഭയിൽ അനുഗ്രഹത്തിന്റെയും തീർത്ഥാടനത്തിന്റെയും പ്രത്യേകമായ വിശുദ്ധ വർഷമായാണ് ജൂബിലി വർഷത്തെ കണക്കാക്കുന്നത്. രക്ഷാകര പദ്ധതിയുടെ ഭാഗമായി ഈശോയുടെ മനുഷ്യാവതാര സംഭവത്തിന് 2025 വർഷം തികയുന്നുയെന്നതു ഇത്തവണത്തെ സവിശേഷമായ വസ്തുതയാണ്. 2024 ഡിസംബർ 24 ക്രിസ്തുമസ് തലേന്നാണ് 2025 ജൂബിലി വർഷത്തിന് ആരംഭമാകുന്നത്. 2026 ജനുവരി 6-ന് ജൂ ബിലി വർഷം സമാപിക്കും. 1300-ൽ ബോനിഫസ് എട്ടാമൻ പാപ്പയാണ് തിരുസഭയിൽ ആദ്യമായി ജൂബിലി ആഘോഷം സംബന്ധിക്കുന്ന പതിവ് ആരംഭിക്കുന്നത്.

## ക്രൈസ്തവ വിരുദ്ധ പീഡനം രൂക്ഷമായ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ പതിനൊന്നാം സ്ഥാനത്ത്

ഭാരതം ക്രൈസ്തവ വിരുദ്ധ പീഡനം രൂക്ഷമായ രാജ്യങ്ങളുടെ പട്ടികയിൽ പതിനൊന്നാം സ്ഥാനത്ത്. ആഗോള തലത്തിൽ ക്രൈസ്തവ വിരുദ്ധ പീഡനങ്ങൾ നിരീക്ഷിക്കുന്ന ഓപ്പൺ ഡോർസ് സംഘടന പുറത്തു വിട്ട 2024 വേൾഡ് വാച്ച് ലിസ്റ്റ് റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. ഇന്ത്യക്കാർ ഹിന്ദുക്കളായിരിക്ക

ണമെന്ന തീവ്ര ഹിന്ദുത്വ നിലപാടു തുടരുന്നവരുടെ വാശിയാണ് പീഡനങ്ങൾക്ക് പ്രേരകമാകുന്നതെന്നും ഹിന്ദുമതത്തിന് പുറത്തുള്ള ഒരു വിശ്വാസവും ഇന്ത്യയിൽ സ്വാഗതം ചെയ്യപ്പെടുന്നില്ലായെന്നും ഇത് ആക്രമണങ്ങളിലേയ്ക്കു നയിക്കുകയാണെന്നും ഓപ്പൺ ഡോർസ് റിപ്പോർട്ടിൽ പറയുന്നു.

തങ്ങളുടെ വിശ്വാസം പങ്കുവെയ്ക്കുന്ന ക്രൈസ്തവ വിശ്വാസികളെ ഭീഷണിപ്പെടുത്തുകയോ കുറ്റം ചാർത്തുകയോ ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. കൂടുതൽ സംസ്ഥാനങ്ങൾ മതപരിവർത്തന വിരുദ്ധ നിയമങ്ങൾ നടപ്പിലാക്കുകയാണ്. ഹിന്ദുമതത്തിൽ നിന്ന് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരെ പൂർവവിശ്വാസത്തിലേക്ക് മടങ്ങാൻ ഹിന്ദു ദേശീയവാദികൾ അതിശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഹിന്ദുമതത്തിൽ നിന്ന് പരിവർത്തനം ചെയ്ത ക്രൈസ്തവരിൽ പട്ടികജാതി, പട്ടിക വർഗം പോലുള്ള സമൂഹങ്ങളാണ് പീഡനത്തിന് ഏറ്റവും ഇരയാക്കപ്പെടുന്നത്.

വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ 2023 മെയ് മാസത്തിൽ വംശീയ - മത കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഉണ്ടായ പീഡനം ലോകം ഭീതിയോടെയാണ് നോക്കിക്കണ്ടതെന്ന് ‘ഓപ്പൺ ഡോർസ്’ ചൂണ്ടിക്കാട്ടുന്നു. 2023 ജനുവരിയിൽ ഛത്തീസ്ഗഡ് സംസ്ഥാനത്തിലെ ആയിരക്കണക്കിന് ക്രിസ്ത്യാനികൾ അവരുടെ വീടുകളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും തുരത്തപ്പെട്ട് അഭയാർത്ഥികളായി പോകേണ്ടിവന്ന സാഹചര്യത്തിനും ഇന്ത്യ സാക്ഷിയായി. ഇന്ത്യയിൽ ക്രിസ്ത്യാനിയാകുന്നത് എത്രത്തോളം അപകടകരമാണെന്നതിന്റെ ഗൗരവമായ ഓർമ്മപ്പെടുത്തലായിരുന്നു അത്. അടിയന്തര സഹായം, പീഡന അതിജീവന പരിശീലനം, ഉപജീവന സാമൂഹിക വികസന പദ്ധതികൾ എന്നിവ ലഭ്യമാക്കാൻ ഓപ്പൺ ഡോർസിന്റെ പ്രാദേശിക പങ്കാളികൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.


കൃപാഭിഷേകം
ഇടുക്കി രൂപത
ബൈബിൾ കൺവെൻഷൻ
2024 ഫെബ്രുവരി 21 22 23 24 25
ബുധൻ, വ്യാഴം, വെള്ളി, ശനി, ഞായർ
വൈകുന്നേരം 4.30 മുതൽ 9.30 വരെ
സെന്റ് തോമസ് ഫൊറോന പള്ളി, ഇരട്ടയാർ
Contact
Msgr. Fr. Jose Plachickal
Msgr. Fr. Jose Karivelickal
Msgr. Fr. Abraham Purayat


ഇടുക്കി രൂപത
രോഗീദിനാചരണം
2024 ഫെബ്രുവരി 11
ഹോളി ഫാമിലി ചർച്ച് കിളിയാർകണ്ടം
2024 ഫെബ്രുവരി 17
സെന്റ് ജോർജ് ഫൊറോനാ ചർച്ച് പാറത്തോട്
തിരുനാൾ

## ഇടുക്കി രൂപതയിൽ
## ജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ സംഗമം



സെന്റ് തോമസ് ഫൊറോനാ ദൈവാലയം ചുരുളി



വിജയപുരം
രൂപതയുടെ
നിയുക്ത
സഹായ മെത്രാൻ
**മോൺ.ജസ്റ്റിൻ**
**മഠത്തിപ്പറമ്പിൽ** -ന്

ഇടുക്കി രൂപതയുടെ
പ്രാർത്ഥനാശംസകൾ



കെ.സി.വൈ.എം സംസ്ഥാന കലോത്സവത്തിൽ
കെ.സി.വൈ.എം ഇടുക്കി രൂപതയ്ക്ക് രണ്ടാം സ്ഥാനം



കെ.സി.എസ്.എൽ സംസ്ഥാന കലോത്സവത്തിൽ
കെ.സി.എസ്.എൽ ഇടുക്കി രൂപതയ്ക്ക് രണ്ടാം സ്ഥാനം



മിഷൻലീഗ് സംസ്ഥാന കലോത്സവത്തിൽ
മിഷൻലീഗ് ഇടുക്കി രൂപതയ്ക്ക് മൂന്നാം സ്ഥാനം

# Sahyanadham

Annual Subscription Rs. 350.00
Date of Publication: 01/02/2024

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498




## ഇടുക്കി രൂപതയിലെ നവ വൈദികർ

പ്രാർത്ഥനാ നിയോഗം ഫെബ്രുവരി 2024



**രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ ശാരീരികവും ആത്മീയവുമായ പരിചരണവും കരുതലും ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം**


Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602